പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്

ടാഗോർ



വിഷയവിവരം.

ശ്രീപത്മനാഭപാദത്തിൽ—
ശ്രീ: പി. കുഞ്ഞിരാമൻനായർ.

നമ്മുടെ ഗുരുദേവൻ (കവിത)—
മഹാകവി വള്ളത്തോൾ.

ടാഗോർ—
വിദ്വാൻ പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ.

അഭിലാഷം (കവിത)—
ശ്രീ: ചംലയിൽ രാമകൃഷ്ണപ്പണിക്കർ.

ടാൾസ്റ്റായി—
ശ്രീ: കെ. മുഹമ്മദലി ബി. എ; എൽ. റ്റി.

വീരകേരളം (കവിത)—
ശ്രീ: എം. പി. അപ്പൻ എം. എ; എൽ. റ്റി.

പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസം—
വിദ്വാൻ സി. പി. ശങ്കുപ്പിള്ള ബി. ഒ. എൽ.

പ്രവാചകൻ (കവിത)—
ശ്രീ: കാപ്പിൽ, കെ. പി. കേശവൻ ബി. എ; ബി. എൽ.

'കരുണ'യിലെ കായികപരിവർത്തനം—
ശ്രീ: പി. ദാമോദരൻപിള്ള ബി. എ.

കർമ്മവീര്യം (കവിത)—
ആതിച്ചനല്ലൂർ ശ്രീ: എൻ. കേശവപിള്ള
ബി. എ; എൽ. റ്റി.

വ്യക്തിത്വം—
ശ്രീ: എം. എ. ദാമോദരമേനോൻ.

പരാജിതൻെറ അവകാശം—
ശ്രീ: പള്ളിമാന പരമേശ്വരൻപിള്ള.

റിഫോംസൽക്യാമ്പ് (ഏകാങ്കനാടകം)—
ശ്രീ: പി. കേശവദേവ്.

പൂനിലാവിൽ (കവിത)—
ശ്രീ: ശ്രീമതി കെ. എം. പ്രസാദ്.

ഒരാധുനികമന്ത്രം—
ശ്രീ: ഇ. എം. കോവൂർ ബി. എ; ബി. എൽ.

ഭഗവദ്ഗീതാധികാരി—
ശ്രീ: സ്വാമി ആഗമാനന്ദൻ എം. എ.

സൗന്ദര്യത്തിൻ മുമ്പിൽ (കവിത)—
ശ്രീ: നാലാങ്കൽ കൃഷ്ണപിള്ള എം. എ; എൽ. റ്റി.

ടാഗോറിൻെറ കത്തുകൾ—
ശ്രീ: പി. ശേഷാദ്രിഅയ്യർ ബി. എ; എം. എൽ.

മുക്തകങ്ങൾ:- (ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണ്.)

സ്വാതന്ത്ര്യം

ടാഗോർ ഇതു 4-ാം ലക്കമാണ്. ബാല്യകാലത്തെ അലസതയ്ക്കിടയിൽ നാലു ലക്കങ്ങളുടെ കാലം കണക്കിൽ കൊള്ളാതെ കടന്നുപോയി. നവംബർമുതൽ പ്രതിമാസം 10-ാംനു- കണിശമായി പുറപ്പെടുമെന്നാണു പ്രത്യാശ. നേരുപറയുന്നതെപ്പോഴും നന്ന്. '4, 5, 6, 7 ലക്കം' എന്നു ഇതിൻെറപുറത്തടിച്ച്, അടുത്തതു 8-ാംലക്കമാണെന്ന പെരുങ്കള്ളം കൂടാതെ ഇതിനെ 4-ാംലക്കമെന്നു സധൈര്യം പറയുകയും വരിക്കാരോടു ആ രീതിയിൽ എണ്ണക്കണക്കിനു ഇടപെടുകയും ചെയ്യാമെന്നുതന്നെ തീരുമാനിച്ചിരിക്കുന്നു.

മാനേജർ.

എഴുതുവാൻ നല്ല പെൻസിൽ ഏതു്?

ശ്രീ ചിത്രാ പ്രദർശനത്തിൽ നിന്നും ഒന്നാം സമ്മാനം ലഭിച്ച

ല
ക്ഷ്മി
പെ
ൻ
സി
ൽ

ഉയൎന്നതരം അമേരിക്കൻ സിഡർതടിയിൽ ഉണ്ടാക്കപ്പെട്ട ബ്ളാക്കലെഡ് പെൻസിൽസ്, കളർ പെൻസിൽസ്, കാപ്പിയിംഗ് പെൻസിൽസ് മുതലായ വിവിധതരത്തിലുള്ള പെൻസിലുകൾ എല്ലാ ഇൻഡ്യൻ മാൎക്കറ്റുകളിലും മിതമായ വിലയ്ക്കു കിട്ടുന്നതാണു്.

നിൎമ്മാതാക്കൾ:—

ദി കേരള സിലോൺ പെൻസിൽഫാക്ടറി, കൊല്ലം.

(ഗവമ്മെൻറ് സപ്ലയേഴ്സ് & വാർ കൺട്രാക്ടേഴ്സ്.)

തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്.

K. JACOB THOMAS MEMORIAL UDAYA PUBLIC LIBRARY MANNAKCHAI

അനവധികാലമായി പ്രചാരത്തിലിരിക്കുന്ന,

കരിംകുരങ്ങു ലേഹം

ക്ഷയം, ചുമ, ഏങ്ങൽ ഇതുകൾ എത്രപഴകിയവയായാലും നിശ്ശേഷം മാററി ആരോഗ്യത്തേയും ആയുസ്സിനേയും ഒന്നുപോലെ വൎദ്ധിപ്പിച്ചു യൌവനത്തെ നിലനിൎത്തും. പ്രസവരക്ഷയ്ക്കു് അത്യുത്തമം. എല്ലാവിധ വാതരോഗങ്ങളിലും പ്രത്യക്ഷഫലം. 40 നേരത്തേക്കു് (റാ: 1-ക്കു്) 4 ക: മാത്രം. പാക്കിങ്ങ്, പോസ്റ്റേജ് പുറമേ.

"പുഷ്പം"

ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും; വിശേഷിച്ചു് ഗർഭാശയത്തിന്റെ സ്വീകരണക്കുറവു്, സ്ഥാനഭ്രംശം ഇതുകളെ ഇല്ലാതാക്കും. തീണ്ടാരികാലങ്ങളിൽ ഉള്ള വയററിൽവേദന, അസ്ഥിസ്രാവം, ജലസ്രാവം മുതലായ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ചു് ആരോഗ്യത്തേയും, സൌന്ദൎയ്യത്തേയും ഒന്നുപോലെ വൎദ്ധിപ്പിച്ചു് യൌവനത്തെ നിലനിൎത്തും. വന്ധ്യകളെന്നു വിചാരിക്കുന്നവർ ഈ വിശിഷ്ട രസായനൌഷധം ഉപയോഗിച്ചു ഗർഭധാരണശക്തിയെ സമ്പാദിപ്പിൻ!

16 ഔ: കുപ്പി 1-ക്കു് 5 ക. മാത്രം. പാക്കിങ്ങ്, തപാൽച്ചിലവു പുറമേ. ആവശ്യപ്പെടുവിൻ!

"ഭാരത ഗർഭരക്ഷാഗുളിക"

ഗർഭകാലങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന ക്ഷീണം, ഛർദ്ദി, അരുചി, വിളൎച്ച്, വയററിലും അരക്കെട്ടിലും വേദന, ചുമ, ശ്വാസംമുട്ടൽ, തലവേദന ഇതുകളെ ശമിപ്പിച്ചു് ശരീരത്തിന്നു് ആരോഗ്യവും, മനസ്സിന്നു് ഉന്മേഷവും നൽകി ഗർഭസ്ഥശിശുവിനെ യഥാക്രമം സംരക്ഷിച്ചു് പ്രസവത്തെ സുഖകരമാക്കിത്തീൎക്കുകയും ചെയ്യുന്നു.

100 ഗുളികകൾ അടങ്ങിയ കുപ്പി 1-ക്കു് 5 ക.
പാക്കിങ്ങ്, പോസ്റ്റേജ് പുറമേ.

കൂടുതൽ വിവരങ്ങൾക്കാവശ്യപ്പെടുക!

ഭാരത വൈദ്യശാല (Estd 1919) (റെജിസ്റ്റർ ചെയ്തതു്.)
ചാലക്കുടി A. O. & P. O; കൊച്ചിൻ സ്റ്റേയിററു്.

IT WILL PAY YOU TO CONSULT

A. G. KRISHNA SHENOY

PAINTS & HARDWARE MERCHANT

HEAD OFFICE:		BRANCH:
BROADWAY	OR	KALARIKKAL BLDG.
ERNAKULAM		KOTTAYAM.
(Tel: MAGNET)		Tel: VENUS.

Before you buy your requirements in
Paints or Hardware.

എം. പി. കൃഷ്ണൻവൈദ്യരുടെ

അഭിനവഗർഭരക്ഷാഗുളിക

(രജിസ്റ്റേർഡ് ട്രെയിഡ് മാർക്ക്)

ഇൻഡ്യയിലെന്നല്ല, ഇൻഡ്യയ്ക്കു പുറമേയും പ്രസിദ്ധി പ്രാപിച്ചിട്ടുള്ള അനുഭവസിദ്ധമായ പരമൗഷധം. ഇതു് ഏററവും ഫലപ്രദവും, വനിതാലോകത്തിനു് അനുഗൃഹീതവുമാകുന്നു.

1. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാരംഭം മുതൽ രോഗിണിയും അരോഗിണിയും ആരോഗ്യത്തിനും സുഖപ്രസവത്തിനും നിത്യമായി സേവിക്കാനുള്ളതു്.

2. അഭിനവ ഗർഭരക്ഷാഗുളിക വായുക്ഷോഭം, ഗർഭപീഡ, ഛർദ്ദി, ക്ഷീണം, അരുചി, തലചുററൽ, വയറുകത്തൽ, അഗ്നിമാന്ദ്യം, പനി, ശ്വാസനാളരോഗം, ശോധനയില്ലായ്മ, വയറെരിപ്പു്, അതിസാരം, ഗ്രഹണി, ഉന്മേഷക്കുറവു ഇവയെ ശമിപ്പിക്കുവാൻ പര്യാപ്തമായതു്.

3. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാശയശൂല, ഗർഭസ്രാവം, രക്തസ്രാവം, യോനിസ്രാവം, നെഞ്ചിടിപ്പു്, വിളർച്ച, ചുട്ടുനീററൽ ഇവയെ പൂർണ്ണമായി ശമിപ്പിക്കും.

4. അഭിനവ ഗർഭരക്ഷാഗുളിക ഗർഭസ്ഥശിശുവിനു് യാതൊരു ആരോഗ്യഹാനിയും സംഭവിക്കാതെ ജീവശക്തിയെ പ്രദാനംചെയ്തു് കാത്തുരക്ഷിക്കുവാനും മുലപ്പാലിനെ ശുദ്ധീകരിക്കുവാനും, ഒരു സിദ്ധൌഷധമാണു്.

5. അഭിനവ ഗർഭരക്ഷാഗുളിക പ്രസവകാലങ്ങളിൽ പ്രസവം സുഖകരവും, ശീഘ്രകരവും ആക്കിത്തീർക്കുന്നതും, ശൂലനോവു്, അന്ത്രവായു ഇവയെ ശമിപ്പിച്ചു് പ്രസവകാലങ്ങളിലുണ്ടാകാവുന്ന സകലവിധ ഗർഭാശയരോഗങ്ങളും മററന്യരോഗങ്ങളും വരാതെ കാത്തുരക്ഷിച്ചു് ജനയിത്രിക്കു നവചൈതന്യവും സന്തുഷ്ടിയും പ്രദാനംചെയ്യുവാൻ ശ്രേഷ്ഠമായിട്ടുള്ളതും ആകുന്നു.

മാത്ര:—ഒരൗൺസ് ജീരകവെള്ളത്തിൽ ഒരു ഗുളിക കലക്കി കാലത്തും അതേപ്രകാരം രാത്രിയിലും സേവിപ്പിക്കുക.

ഒരു മാസം സേവിക്കുവാനുള്ള ഗുളിക അടങ്ങിയ ഡപ്പി 1-ക്കു വില രു. 1.

മാനേജിംഗ് പ്രൊപ്രൈററർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദഫാർമസി

ആൻഡ് സക്കാർ വൈദ്യശാല, കൊല്ലം.

ബ്രാഞ്ച്:—പുത്തൻചന്ത, തിരുവനന്തപുരം.

KURIYANS' LTD.

(The Reliable House for Quality Furniture)



MODERN BEDROOM SUITE.

WE FURNISH:—

BUNGALOWS AND OFFICES IN UP-TO-DATE STYLE.

WE SUPPLY:—

WINDOW AND DOOR FRAMES ETC., FOR FACTORIES.

We undertake to submit designs and quotations if measurements or cuttings from Catalognes are sent.

CHURCH FURNITURE A SPECIALITY.

All enquiries to:—

KURIYANS' LTD.,
Chungom, Kottayam, Travancore.

SLIMMOL can reduce excess fat and make you slim.

SLIMMOL

Both for men and women makes you part with unwanted fat; gives you a slim, elegant, energetic body.

Slimmol is also a preventive treatment for carbuncles, asthma due to over fat etc. etc.

A PRODUCT OF

S. V. PHARMACEUTICALS, QUILON.

സ്ലിമ്മോൾ—

ദുർമ്മേദസ്സിനു് ഒരു ദിവ്യൗഷധം. പ്രമേഹപിടക, ആസ്മാ ഇടങ്ങിയ രോഗങ്ങളെ മുൻകൂട്ടി തടയുന്നതിനു് ഒരു മാർഗ്ഗം.

Apply to:— **Vaidyakalanidhi Dr. V. V. PILLAI,**
S. V. Pharmaceuticals, (Near District Court), **QUILON.**

ഒരു ഉദ്യോഗസ്ഥന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:—

"വൈദ്യകലാനിധി ഡാക്ടർ വി. വി. പിള്ളയുടെ സ്ലിമ്മോൾ ഉപയോഗിച്ചതിൽ അതിസ്ഥൗല്യംനിമിത്തം എനിക്കുണ്ടായിരുന്ന പല അസുഖങ്ങളും നിശ്ശേഷം ശമിച്ചിട്ടുണ്ടെന്നു് ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു."

എന്നു്, ബാലകൃഷ്ണപിള്ള, റൈസ് മർച്ചന്റ്, കൊല്ലം.

സഞ്ജീവിനി

ആയുർവേദ വൈദ്യശാല

ചാല, തിരുവനന്തപുരം.

പിത്തകുലാന്തകൻ

ശരീരത്തിൽ രക്തമില്ലാതെ വിളറി വീർത്തു ജീവിതംതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്ന ബഹു സഹസ്രം ആളുകൾ ഞങ്ങളുടെ ഈ സിദ്ധൌഷധത്താൽ രക്ഷനേടിയിരിക്കുന്നു.

24 ഔൺസു കുപ്പി 1-ക്കു വില രൂ 4.

മാതൃഭൂമി ഏജൻസി,

ലക്ഷ്മിനട—കൊല്ലം.

മഹാത്മജി, ജവഹർലാൽ, ടാഗോർ, H. G. വെൽസ്, ഷേക്സ്പിയർ മുതലായവരുടെ വിശ്വവിഖ്യാതങ്ങളായ കൃതികളുടെ (ആത്മകഥകളും മററും) ഒന്നാംതരം മലയാളവിവർത്തനങ്ങളും പ്രശസ്ത കേരളീയകവികളുടെ പുസ്തകങ്ങളും ഇവിടെ വില്പനയ്ക്കുണ്ടു്.

സുപ്രസിദ്ധ സാഹിത്യപ്രസിദ്ധീകരണമായ മാതൃഭൂമി ആഴ്ചപ്പതിപ്പു ഇവിടെനിന്നും കൈവഴിയായും അഞ്ചൽമാർഗ്ഗമായും അയച്ചുകൊടുക്കുന്നതാണു്.

ഏജൻറു്,

K. N. K. Pillai.

പനിനീർപൂഖണ്ഡം

പരിമളം തുളുമ്പുന്ന പനിനീർപൂവും, പലതരം പഴവർഗ്ഗങ്ങളുടെ രസവും, വീര്യവത്തുക്കളായ നിരവധി മൂലികകളുടെ സൗമ്യാംശവും സംഗ്രഹിച്ചു സൂക്ഷിച്ചിട്ടുള്ളതാണ് ഞങ്ങളുടെ പനിനീർപൂഖണ്ഡം. അസ്ഥിസ്രാവത്തിനും തജ്ജന്യമായ വയറുകത്തൽ, തലചുററല്, തളർച്ച്, ശോഷം, വിളർച്ച്, അരുചി മുതലായവയ്ക്കും ഒരു റാത്തൽ ലേഹ്യം സേവിച്ചാൽ ആജീവനാന്തം സുഖം അരുളുന്നു. ഒട്ടിയ കവിൾത്തടവും, കുഴിഞ്ഞുതാഴ്ന്ന കണ്ണുകളും, വിളറി വിരൂപമായ മുഖവും ആയി ചടച്ചു തളർന്ന്, സൌന്ദര്യം നശിച്ചു നിരാശപ്പെടുന്ന സഹോദരിമാർ, ഈ ഔഷധസേവയാൽ കൊഴുത്തുരുണ്ട മനോജ്ഞഗാത്രികളായി രൂപാന്തരപ്പെടുന്നു. ഈ സൗമ്യതയുടെ സമാഹാരഖണ്ഡം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ആശ്വാസപ്രദമാണ്. ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങൾക്കും വിശിഷ്ടം!

റാത്തൽ ഒന്നിനു് 5 ക. മാത്രം.

കരിംകുരങ്ങുരസായനം.

താരുണ്യത്തിന്റെ തണലിൽ വൃദ്ധന് വിശ്രമം നൽകുന്ന നിരാശയുടെ കരിന്നിഴലിൽനിന്ന് ആശയിലേയ്ക്കും ആരോഗ്യത്തിലേയ്ക്കും ക്ഷയരോഗിയെ ഉദ്ധരിക്കുന്നു. യുവാവിന്റെ വരവിനെ വകവയ്ക്കാതെ ശ്വാസരോഗി (ഏങ്ങലുകാരൻ) തെളിഞ്ഞുനിൽക്കുന്നു. യൗവ്വനത്തിന്റെ നിലനില്പിനാൽ വാർദ്ധക്യകാലം കാത്തിരുന്ന ചുമയും വാതവും നെടുവീർപ്പിടുന്നു. ശാരീരികമായ അബലാത്വത്തിനു പ്രസവം കാരണമാകാതെ പ്രസവക്ഷീണത്തെ മാററുന്നു.

കരിംകുരങ്ങുരസായനം സേവിക്കുവിൻ!

റാത്തൽ ഒന്നുക്ക് 5 ക.

(പാക്കിംഗ് പോസ്റ്റേജ് വേറെ.)

പ്രൊപ്രൈററർ: വി. ഗംഗാധരൻവൈദ്യർ, വൈദ്യകലാനിധി,

സ്വതന്ത്രഫാർമസി, ചാലക്കുടി

(കൊച്ചിൻ സ്റ്റേററ്)

ബ്രാഞ്ചുകൾ—1. ആലപ്പുഴ, 2. കൊടകര.

വിജ്ഞാനപ്രദമായ ലേഖനങ്ങൾക്കു

മലയാളരാജ്യം

വാരിക (തിങ്കളാഴ്ചപ്പതിപ്പ്)

വായിക്കുവിൻ!

നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു്
ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!

മാസഫലമടങ്ങിയ ഒരു വർഷത്തെ
ഫലമെഴുതുന്നതിന് രൂ. 3.

5 ചോദ്യങ്ങൾക്ക് 2 രൂ. കൂടുതൽ ഓരോ
ചോദ്യത്തിന് 8 ണ. വീതം.

സമ്പൂർണ്ണജാതകം 10 രൂ. സംക്ഷിപ്ത
ജാതകം 5 രൂ. തല്ക്കുറി 3 രൂ.

ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ
അഥവാ കത്തെഴുതുന്ന സമയമോ
സൂക്ഷ്മമായി അറിയിക്കുക.

V. P. ചാർജ്ജ് 4 ണ. പുറമേ.

ജാതകമെഴുതുന്നതിന് ജനനസമയം അറിയിക്കണം.

ജ്യോത്സ്യൻ,
ശാസ്ത്രി പി. എ. പരമേശ്വരൻപിള്ള,
ലക്ഷ്മീജ്യോതിഷാലയം,
ബോട്ടുജെട്ടി, ആലപ്പുഴ.

മാന്താററിൽ
ആയുർവേദ ആശുപത്രി.

യൂണിയൻക്ലബ്ബിനുസമീപം, കോട്ടയം.

ചീഫ് വൈദ്യൻ & പ്രൊപ്രൈറ്റർ,
കെ. കെ. ശേഖരകണിയാർ (കാരാപ്പുഴ.)

എല്ലാ ആയുർവേദ ഔഷധങ്ങളും ഇംഗ്ലീഷ് ചികിത്സാമാതൃകയിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾക്കു താമസിച്ചു ചികിത്സ നടത്തത്തക്ക എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏകസ്ഥാപനം.

സിഫിലിസ്

ലജ്ജകൊണ്ടു മടിച്ചിരിക്കരുതു. രോഗം വർദ്ധിക്കും. എത്രയോ യുവതീയുവാക്കൾ സിഫിലിസ് പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു. ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അതോടെ മലിനമായിത്തീരുന്നു. എന്നാൽ [illegible]. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരം സിഫിലിസ്സിനെയും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യൗഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂ. പുറമേപുരട്ടുന്നതിനു 8 ണ.
ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.
വിശദവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.

ALL INDIAN

WIRE NAILS, SCREWS, BOLTS & NUTS

MANUFACTURED BY

MATHER STORES

(H. O. ERNAKULAM.)

Telegram: MATHER.

Branch: COCHIN.

സുപ്രസിദ്ധ മൃദംഗവിദ്വാൻ
ചവറ സി. എസ്. വാസുദേവൻ.

കൊല്ലം ബീച്ചുറോഡിൽ
ആയുർവേദ ഹൈസ്കൂളിനു സമീപം
ക്യാമ്പു ചെയ്യുന്നു.

കാൽസിഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വൌഷധങ്ങളുടെ രസായനം, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മോൾട്ടും ചേർത്ത് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്. 48 നേരത്തിനുള്ള ആറു ഔൺസു കുപ്പി ഒന്നിനു രണ്ടര രൂപാമാത്രം. എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

സുപ്രസിദ്ധ ആരോഗ്യസംവർദ്ധകൗഷധമായ "ബ്ളഡ്-ഇൻ-ദ്രാക്ഷാ" നിർമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്.

എസ്. ജി. എ. ഫാർമസി, കോട്ടയം.

USE

GOPAL INK

FOR YOUR FOUNTAIN PENS.



വിശ്വക്ഷേമകരം വിചിന്തനഭരം താനേവഹി,ച്ചാഷ്ട്ര
വിശ്വസ്നേഹമതിൽക്കൊളുത്തിയ നവ്യംദീപം തെളിച്ചുജ്ജ്വലം.
ശശ്വൽകീർത്തി പയോനിധിക്കനുപദം ഹർഷപ്രകർഷോദയൻ
വിശ്വസ്താഖില ധർമ്മ കർമ്മനികരൻ വെല്ലുന്നു ചിത്രർക്ഷജൻ.

ടാഗോർ

പുസ്തകം ൨ } നവംബർ { ലക്കം ൪

ശ്രീപത്മനാഭപാദത്തിൽ

[ചില സങ്കല്പരംഗങ്ങൾ]

(പി. കുഞ്ഞുരാമൻനായർ.)

രംഗം I

(രാമൻ)

[സ്ഥലം:—മലർമാതും വാണിമാതും കൈകോർത്തുപിടിച്ച് ആനന്ദനൃത്തമാടുന്ന മനോഹരമായ വേണാടിന്റെ മണിമുടിപോലെയും ശ്രീപത്മനാഭപാദത്തിലർപ്പിച്ച വിരിഞ്ഞചെന്താമരമലരിന്റെ മഞ്ഞക്കർണ്ണികാരംപോലെയും കിടന്നു മിന്നുന്ന കവടിയാർകൊട്ടാരം. നക്ഷത്രങ്ങൾ ആ പെരുമാൾകോവിലിന്നുമുകളിൽ മുല്ലപ്പൂപ്പന്തലിടുന്നു. വിചിത്രവർണ്ണപ്പൂമണംപൂശിയൊരു നിശീഥമാരുതൻ കൊട്ടാരത്തിനു ചുററും ഉറങ്ങാതെ പാറാവുനടത്തുന്നു. കരിങ്കാറിൽമൂടിയ ചന്ദ്രമണ്ഡലം ആ തുറുങ്കറയ്ക്കുള്ളിൽനിന്നു പുറത്തുചാടി ശ്രീചിത്തിരത്തിരുനാൾ പൊന്നുതിരുമേനിയെ മുഖംകാണിക്കാൻ വെമ്പൽകൊള്ളുന്നു. കൊട്ടാരപ്പാറാവുമണി ഒന്നടിച്ചശബ്ദം കനകക്കുന്നിലെ അലയടങ്ങിയ വായുമണ്ഡലത്തിൽ ലയകല്ലോലമുളവാക്കി കാലസമുദ്രത്തിനടിയിൽ ഒരു മുത്തുമണിപോലെ താണുപോകുന്നു.]

നിശീഥവേഷത്തിൽ തൂപ്പള്ളിമെത്തയിൽപള്ളികൊള്ളുന്ന ശ്രീചിത്തിരത്തിരുനാൾ തിരുമേനിയെ മൌനമണിവീണ മീട്ടിമീട്ടി സുന്ദരിയായ നിദ്ര ഉപചരിച്ചുകൊണ്ടിരിക്കുന്നു. വെള്ളമേഘങ്ങൾക്കിടയിൽ പൂർണ്ണചന്ദ്രനെന്നപോലെ വെള്ളത്തിരയ്ക്കു മറുപുറം പ്രശാന്തവും മൃദുമധുരവുമായ മന്ദഹാസമരന്ദം ഉറക്കത്തിലുമൂറന്നൊഴുകുന്ന തിരുമുഖത്തു പെട്ടെന്നു് ഒരു അത്ഭുതപ്രകാശം പരക്കുന്നു. അവിടുന്നു് ഏതോ ഒരു ദിവ്യസ്വപ്നം തൃക്കൺപാർത്തരുളുകയാണു്. ചന്ദ്രകിരണങ്ങൾ ഒത്തു നെയ്തെടുക്കുന്ന ആ വെൺപട്ടൊളിനിമിഷങ്ങൾ ആ തിരുമുഖം കണ്ടുവണങ്ങിക്കടന്നുപോയി. ശ്രീപത്മനാഭക്ഷേത്രത്തിൽ പള്ളിയുണർത്തുന്ന മംഗളവാദ്യധ്വനി അകലെയകലെനിന്നു തിരുമേനിയുടെ ശ്രവണപുടങ്ങളിൽ തുവമൃതുതളിക്കുന്നു. ബാലഭാസ്കരനെപ്പോലെ അവിടുന്നു മെല്ലെമെല്ലെ തൃക്കണ്ണുകൾ മിഴിച്ചു.

ശ്രീപത്മനാഭന്റെ കല്പന—അവിടുന്നു ശംഖചക്രഗദാപത്മധാരിയായി തിരുമുമ്പിലെഴുന്നള്ളിയരുളി—'ഉണ്ണീ! എനിക്കവരെക്കാണണം; അവക്കെന്നെയും കാണണം;—ഉണ്ണീ, ഈ ചെങ്കോൽപിടിച്ച വലംകൈകൊണ്ടു് അമ്മയുടെയും മന്ത്രിയുടെയും പിൻതുണയോടുകൂടി ആയിരമായിരംകൊല്ലങ്ങളായി പൂട്ടിക്കിടക്കുന്ന ഈ വാതിൽ തള്ളിത്തുറക്കണം. ഉണ്ണിയുടെ നാമധേയം വേണാടിന്റെമാത്രമല്ല; മലനാടിന്റെമാത്രമല്ല; ഭാരതവർഷത്തിന്റെതന്നെ ഭാവിചരിത്രത്തിൽ തങ്കമഷിയിൽ മായാതെ പതിഞ്ഞു കിടക്കുമാറാകട്ടെ!—ചങ്ങലയിൽ തളച്ചിട്ട ആർഷസംസ്കാരത്തിന്റെ കെട്ടുകൾ വെട്ടിമുറിച്ചുകളയൂ! പത്മനാഭാ! ശ്രീപത്മനാഭാ! ഈ അശരീരി സ്വപ്നമോ ഭ്രാന്തിയോ—ഈ പാഞ്ചജന്യധ്വനി ഞാൻ എന്റെ ചെവികൊണ്ടു കേട്ടതുശരിയോ? (പള്ളിയറജനവാതിൽകൂടി അതിദൂരത്തു കിടന്നുതിളങ്ങുന്ന സപ്തർഷിമണ്ഡലത്തിലേയ്ക്കു തൃക്കണ്ണയച്ചു്)—ഹേ, ഭാരതത്തിന്റെ കെടാവിളക്കുകളെ, നിങ്ങൾക്കു നമസ്കാരം, നമസ്കാരം! ശ്രീപത്മനാഭന്റെ അരുളപ്പാടുണ്ടായി—ആ നക്ഷത്രമണ്ഡലമേറിവാഴുന്ന നമ്മുടെ അഭിവന്ദ്യമാതുലന്മാർ; ഋഷികല്പന്മാർ—അവരെല്ലാവരും ഈ ശുഭേച്ഛയുടെ ശിരസ്സിലാശിസ്സു ചൊരിയുന്നു—പത്മനാഭാ! (തൃക്കൈയ്യ് കൂപ്പി വീണ്ടും പത്മനാഭധ്യാനനിമഗ്നനായി തിരുമിഴിയടയ്ക്കുന്നു)—മണ്ണുപിടിച്ചു കിടക്കുന്ന ഏതോ മണിവീണ വീണ്ടുമെടുത്തു പൊടിതുടച്ചു് അമരപഥത്തിൽക്കൂടി ദേവകൾ പാടിപ്പോകുംപോലെ, വെള്ളിൽപ്പിട അരമനമുകളിൽകൂടി പറന്നുപോയി. വഞ്ചിരാജ്യത്തിന്റെ വടക്കേഅററത്തുള്ള പെരിയാറും,—പേരാറും, ശബരിമലയ്ക്കു മുല്ലമലർമാലയായ പമ്പയും തൂവെള്ളിത്താലമേന്തിനില്ക്കെ, കനകച്ചെമ്പകങ്ങൾ തങ്കനിലവിളക്കും, വിളഞ്ഞപാടങ്ങൾ തുമ്പപ്പൂനിറപറയും, ഇളംതെങ്ങുകൾ പൊന്നുംപൂക്കുലയും നിരത്തിവയ്ക്കെ, സഹ്യാദ്രിഘനസ്തനിതത്താൽ വീരമദ്ദളധ്വനി മുഴക്കെ, തെങ്കടലലകളിൽ മുങ്ങിക്കേറിയ കന്യാകുമാരി ആർപ്പുവിളിക്കെ—വഞ്ചിഭൂമിയിലങ്ങിനിരന്നുനില്ക്കുന്ന പച്ചപ്പുമരങ്ങൾ കുടയും തഴയും വെഞ്ചാമരവും പിടിക്കെ—കനകക്കുന്നുകൊട്ടാരത്തിന്റെ അകവും പുറവും സ്നേഹസംഗീതതരംഗങ്ങളിൽ നീന്തുന്നു—ചിത്തിരതിരുനാൾ തിരുമേനി തൃക്കണ്ണുമിഴിച്ചിരിക്കെത്തന്നെ, ചന്ദ്രമണ്ഡലത്തിൽനിന്നു ഒരു ശാന്തമധുരരൂപം കാഷായവസ്ത്രം ധരിച്ചിറങ്ങിവന്നു പള്ളിയറയുടെ മുകളിൽ നിലംതൊടാതെ നിന്നരുളി:—, ശ്രീപത്മനാഭദാസന്നു്, നിത്യമംഗളം. ശ്രീവഞ്ചീശ്വരന്നു് വിശ്വവിജയം!—ഭൂലോകത്തിന്റെ നെററിയിൽ തിളങ്ങുന്ന ചന്ദനപ്പൂംപൊട്ടായ ഈ മലനാട്ടു്, ഭാരതവർഷമെന്ന മണിത്തേരിൽ പണ്ടൊരിക്കൽ വിജയവിജ്ഞാനക്കൊടി നാട്ടി!—അനന്തജ്യോതിസ്സലതല്ലുന്ന അദ്വൈതക്കൊടി!—പാഴ്ച്ചളി പററിപ്പിടിച്ച ഈ നാടിന്റെ മഹാമതത്തെ—അമൂല്യമായ അദ്വൈതമതത്തെ—ശുദ്ധിതീർത്ഥത്തിൽ കഴുകിയെടുക്കാൻ—അനാചാരം കടന്നു് അശുദ്ധമാക്കിയ ഭാഗ്യക്ഷേത്രത്തിൽ അദ്വൈതമതോദ്ധാരണംകൊണ്ടു് ശുദ്ധികലശം കഴിക്കാൻ—ശ്രീപത്മനാഭന്റെ ചുററും അജ്ഞത കെട്ടിപ്പൊക്കിയ ഈ നെടുംകൂരിരുൾക്കോട്ട തട്ടിത്തകർക്കാൻ—ഹേ, നവഭാരതഭാസ്കര, തിരുമിഴിമിഴിച്ചെഴുന്നേല്ക്കൂ! ഗോകർണ്ണേശനോടൊപ്പം ബദരീനാഥനും, സഹ്യാദ്രിയോടൊപ്പം ഗൗരീഗുരുവായ മഹാശൈലവും ഈ നവോദയം കാത്തു കാത്തിരിക്കുന്നു. ഉറങ്ങിക്കിടക്കുന്ന കുന്നലക്കോനേയും, പെരുമ്പടപ്പു സ്വരൂപത്തെയും വിളിച്ചുണർത്തുമാറു്, പത്മനാഭന്റെ പള്ളിശ്ശംഖൊലി വേണാടിലങ്ങോളമിങ്ങോളം മുഴങ്ങട്ടെ! വേദവും ഉപനിഷത്തു

കളും ദർശനങ്ങളും നക്ഷത്രരഥമേറിനിന്ന് അദ്വൈതഗീതം ശ്രവിക്കട്ടെ! ഭൃഗുരാമന്റെ വെണ്മഴുവും, പെരുമാളുടെ ചെങ്കോലും, പുളകംപുതച്ച സഹ്യാദ്രിപ്രാസാദമേറി ഈ അദ്വൈതോദ്ധാരോത്സവം കാണട്ടെ! ചിത്രത്തിരുനാളിന്റെ കാലത്ത് ശ്രീപത്മനാഭൻ പുതിയൊരു മുറജപസദ്യയമൃതേത്തു കഴിക്കട്ടെ!

മഹാരാജാവ്—കാവിവസ്ത്രത്താൽ തിരുവുടൽ മൂടി, നക്ഷത്രത്തിരുമിഴികൾ അമൃതിലാറാടി, പുതുവിരിപ്പു മൂടി, സഹ്യാദ്രിച്ചെരുവിൽക്കൂടി, ഉദയാദിത്യമണ്ഡലംപോലെയീ, അരമനത്തോപ്പിൽ എഴുന്നള്ളിയരുളുന്ന അങ്ങാരാണ്?—അങ്ങെഴുന്നള്ളുന്നത് തിരുനാവായയിൽനിന്ന്—ആഴ്വാഞ്ചേരി മനയ്ക്കൽ നിന്നാണോ?

ആ രൂപം—ഞാൻ പയ്യന്നൂർ പെരുമാളും, ആഴ്വാഞ്ചേരിത്തമ്പ്രാക്കളും, പയ്യൂർപ്പട്ടേരിയും, തരണനല്ലൂർ തന്ത്രിയുമല്ല—ഞാൻ വരുന്നത് പേരാറിൻവക്കിലുള്ള തിരുനാവായനിന്നും കൊടുങ്ങല്ലൂർതുറമുഖംതൊട്ട തിരുവഞ്ചിക്കുളത്തുനിന്നുമല്ല; ഞാൻ വരുന്നത് ശ്രീപത്മനാഭപാദം തഴുകുന്ന തിരുവനന്തപുരത്തു കോട്ടയ്ക്കകത്തുനിന്നുമല്ല.

മഹാരാജാവ്—പിന്നെ?

രൂപം—ഞാൻ വരുന്നത് മലനാടിന്റെ ജീവനാഡിയായ പെരിയാറിന്റെ വക്കത്തുനിന്ന്.

മഹാരാജാ—അവിടുത്തെ പൊന്മെതിയടിമുദ്ര ചൂടാൻ ഭാഗ്യം കൈവന്ന ആ പരിശുദ്ധ ഗ്രാമത്തിന്റെ നാമധേയം?

രൂപം—കാലടി!—എന്റെ മനപ്പേര്: കയ്പള്ളി—പേര്: ശ്രീശങ്കരനുണ്ണിനമ്പൂരി!—

മഹാ—അദ്വൈതോദ്ധാരകനും, വിശ്വൈകവിമലദീപവുമായ ശ്രീ ശങ്കരഭഗവദ്പ്പാദങ്ങൾ!—എന്റെ പത്മനാഭാ! (ചിത്രത്തിരുനാൾ തിരുമേനി, ഭക്ത്യശ്രുഗദ്ഗദവും, രോമാഞ്ചവും ചൂടി, തൃക്കൈക്കൂപ്പി ആ ബ്രഹ്മവിഗ്രഹപദത്തിൽസാഷ്ടാംഗം വീഴുന്നു—ആ ജ്യോതിഃപുഞ്ജം, തൃക്കൈപൊക്കി തിരുമുടി തൊട്ടനുഗ്രഹിച്ചു തിരോധാനം ചെയ്യുന്നു.)

(തമ്പുരാൻ ഭക്ത്യശ്രുചിതറുന്ന തിരുമിഴികളോടുകൂടിയെഴുന്നേറ്റ് കിഴക്കോട്ടുനോക്കികൈകൂപ്പി. ശ്രീപത്മനാഭന്റെയും ശ്രീശങ്കരന്റെയും കല്പന!—അദ്വൈതമെന്ന പള്ളിശ്ശംഖിന്റെ മന്ദ്രമുഖരധ്വനി—വേണാട്ടുണർന്നുകഴിഞ്ഞിരിക്കുന്നു; മലനാട്ടയിത്തുകഴിഞ്ഞിരിക്കുന്നു—ഭാർഗ്ഗവസ്വാമിയുടെ വെണ്മഴു ഭാരതവർഷത്തിൽ പറന്നുകളിച്ചു—ശ്രീചിത്രത്തിരുനാളിന്റെ പുത്തൻ വെണ്മഴു, മലനാട്ടു കാടാക്കിക്കളഞ്ഞ ആ അനാചാരനിരയുടെ തലവെട്ടും—വെട്ടും!—

രംഗം 2.

[ശ്രീപത്മനാഭക്ഷേത്രത്തിൽശംഖൊലി; മണിനാദം; ദേവകൾ പൊഴിച്ച പുഷ്പവൃഷ്ടിപോലെ പ്രഭാപ്രകാശപൂരം കനകക്കുന്നുകൊട്ടാരത്തിനു ചുററും പരക്കുന്നു; പറവകൾ പാടുന്നു.]

(രോമാഞ്ചപുളകവും ഭക്തിബാഷ്പവും ഇടകലർന്ന് ജ്യോതിർമ്മയിയായ അമ്മമഹാറാണിതിരുമനസ്സുകൊണ്ട് ആ പള്ളിയറയിൽ എഴുന്നള്ളുന്നു.)

മഹാറാണി—ഉണ്ണീ!

ചിത്ര—അമ്മേ!—

ചിത്ര—അമ്മയെന്താണീത്തരുണത്തിൽ ഇങ്ങോട്ടെഴുന്നള്ളിയരുളിയത്?

മഹാറാ—പുതിയൊരുകല്പന ഉണ്ണിയെയറിയിക്കാൻ!

ചിത്ര—ആരുടെ കല്പന?

മഹാറാ—ശ്രീ പത്മനാഭൻെറ!—ഞാനിന്നു് അന്തിമയാമത്തിൽക്കണ്ടതു്. സ്വപ്നമല്ല. സത്യമായിരുന്നു—ഉണ്ണീ!—(തൊണ്ടയിടറുന്നു.)

ചിത്ര—അമ്മ, കല്പിച്ചുണർത്തണം—അമ്മ കല്പിച്ചു ദർശിച്ചതെന്താണു്?

മഹാറാ:—വെളുപ്പിനേഴരയുള്ളപ്പോൾ—കൊട്ടാരവാതുക്കൽക്കൂടി, ഒരു പല്ലക്കെഴുന്നള്ളിവരുന്നതായിക്കണ്ടു. ഒരു ശംഖൊലി കേട്ടു—കൊട്ടാരത്തിനകത്തു കേറിനിന്നു—ഉണ്ണീ, ആ മഹാത്മാവിൻെറ തൃക്കാലുകളെ ഉപചരിച്ചുകൊണ്ടിരുന്നു.

ചിത്ര—പിന്നെ?—

മഹാറാ—ഒരു കാവിവസ്ത്രമുമറ നടുവിൽകെട്ടി അതിൻെറ പിന്നിൽനിന്നു് മുഖചന്ദ്രമണ്ഡലം പുറത്തുകാട്ടി എന്നോടു് അനുശാസിച്ചു—'ഹേ, വഞ്ചീശ്വരി, ഭാർഗ്ഗവക്ഷേത്രദേവതേ, തത്രഭവതി തിരുമേനിമാരുടെ മാത്രമല്ല, വേണാട്ടിലെ പതിതകോടികളുടെ കൂടി വീരജനനിയാണെന്നു്!—

ചിത്ര—ശ്രീപത്മനാഭാ!—പിന്നെ?—

മഹാറാ—ആട്ടിയകററിനിർത്തപ്പെട്ട ആ അരുമക്കുമാരന്മാർ—അമ്മയുടെ തിരുമടിത്തടമെന്നപോലെ ശ്രീപത്മനാഭദർശനസൗഭാഗ്യവും നുണച്ചുകൊതിച്ചിരിക്കുകയാണു്—സ്വന്തം സന്തതികളായ ആ മൂകക്കോടികൾക്കു്—സ്നേഹപൂർണ്ണമായ മാതൃഹൃദയവും ദീപപ്രഭാകീർണ്ണമായ ക്ഷേത്രകവാടങ്ങളും ഹിന്ദുമതസന്താനങ്ങൾക്കു് തുറന്നുകൊടുക്കുമാറാകണം. ശ്രീശങ്കരഭഗവദ്പാദങ്ങളുടെ അരുളപ്പാടായിരുന്നു അതു്—ഉണ്ണീ—

ചിത്ര—അമ്മേ! ഞാനും, ഇതേ സ്വപ്നം കണ്ടു.

മഹാറാ—ഏഴരനാഴിക പുലച്ചയ്ക്കു്—

ചിത്ര—ഏഴരനാഴിക പുലച്ചയ്ക്കു്—(ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ശീവേലികൊട്ടുന്ന ശബ്ദം)

(സചിവോത്തമൻ പ്രവേശിക്കുന്നു. പള്ളിയറയിലേക്കു എത്തിനോക്കിനിൽക്കുന്നു. അസാധാരണമായ ഒരു പ്രഭാപ്രസരം ആ ധീരനയനങ്ങളിൽ ഉദിച്ചുയരുന്നു.)

മഹാരാ—വരണം! വരണം!

മഹാറാ—എന്താണു സ്വാമി ഈ സമയത്തു്?—

സചി—ഒരരുളപ്പാടു തിരുമനസ്സുണർത്തിക്കാൻ.

മഹാരാ—എന്താണാവോ!

മഹാറാ—പറയാമല്ലോ.

സചി—മലയാളക്കരവാരത്തിൽനിന്നു്, അങ്ങോളമിങ്ങോളമുള്ള അയിത്തശ്ശൃംഖലയെന്ന കല്ലും മണ്ണും ചളിക്കട്ടയും എടുത്തെറിഞ്ഞു വശംകെട്ട ഹിന്ദുമതമാതാവു്—കേശഭാരം, അഴിഞ്ഞുലഞ്ഞു് വിരിമാർത്തടം തുടിച്ചുതുടിച്ചു്, മലിനയും വിവർണ്ണയും നിരാഭരണയുമായ ഹിന്ദുമതമാതാവു്—ഭഗവദ്ഗീതയുടെ, ഓമനപ്പെററമ്മയായ ആ അഭിജാതയായ ഭാരതമഹാറാണി—കല്ലും മുള്ളുമേററു് വാടിത്തളർന്നു്—ഇന്നു് ഏഴരവെളുപ്പിനു്—

ചിത്ര—ഏഴരവെളുപ്പിനു്—

സചി—(തൊണ്ടയിടറിക്കൈക്കൂപ്പി) ഏഴരവെളുപ്പിനു് ഭക്തിവിലാസം പടിവാതിലിൽ വന്നുമുട്ടി: പാറാവുകാർ അവരെ കടന്നുപോകാൻ പറഞ്ഞു—അവർ പൊട്ടിക്കരഞ്ഞു് ആ പടിവാതിൽക്കൽ മൂർഛിച്ചു വീണു—

ചിത്ര—എന്നിട്ടു്?—

സചി—ഞാൻ ഞെട്ടിയുണർന്നു്, ഓടിച്ചെന്നു് ആ വിളർത്ത ചന്ദ്രബിംബത്തെ താങ്ങിയെടുത്തു് പൂജാമുറിയിൽ കിടത്തി. എണ്ണൂറുതിരി നിന്നുകത്തുന്ന ആ ഗീതാദീപത്തിൻെറ ദിവ്യപ്രഭയിൽ അ

വർ കണ്ണുമിഴിച്ചു—ഞാനാദിവ്യപാദപത്മങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു. കുന്നലക്കോനും, പെരുമ്പടപ്പുരചനും, തുറന്നുതരാത്ത വാതിൽ എനിക്കു് സചിവോത്തമൻ തുറന്നു തരണം—എന്നു് അർത്ഥിച്ചു.

മഹാരാ—ശ്രീപത്മനാഭാ!—

മഹാറാ—എന്റെ പത്മനാഭാ!—

സചി—ഞാൻ ചോദിച്ചു അവിടുന്നെങ്ങിനെയാണു് ഇവിടെയെത്തിയതു്?—ഏതുവഴിക്കാണു വന്നതു്?—ആ ദേവി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു—-ഭ്രാതാനുകമ്പ വച്ചുപിടിപ്പിച്ചു മന്ത്രദ്രഷ്ടാക്കളായ മഹർഷിമാരുടെ പുണ്യാശ്രമങ്ങളും വരാനുഗ്രഹവുംചൂടി ഭാരതത്തെ ഭാരതമാക്കാനിറങ്ങിയ എന്നെ ഓരോഹിന്ദുഭവനവും, ഭദ്രദീപവും നിറപറയുമായി എതിരേറ്റു് മച്ചിൽക്കുടിവച്ചു; ഭൃഗുരാമക്ഷേത്രം, എന്നെ സർവ്വഥാ സല്ക്കരിച്ചു—-ശ്രീശങ്കരൻ, എന്റെ മുറ്റത്തു് ആയിരം തിരി നിന്നുകത്തുന്ന, ആൽവിളക്കുവച്ചു. കാലക്രമത്തിലേതോ ദുഷ്കർമ്മഫലമായി, കണ്ണിൽത്തിമിരം മൂടിയ ഈ നാട്ടു് എന്റെ സ്വരൂപം മറന്നു:–മന്ത്രം നിന്നു: പൂജയും നേദ്യവും അണഞ്ഞു—-ക്ഷേത്രഗൃഹംതകർന്നു ഞാൻ,ഗോകർണ്ണത്തിൽ ചെന്നുചേർന്നു:—-പടികാവല്ക്കാരായ തുളുനാടൻഎമ്പ്രാന്മാർഎന്നെ കണ്ടതായി നടിച്ചില്ല. നീലേശ്വരം, കോലത്തിരി, പോർത്തുറതിരി, കോട്ടയം, കുറുമ്പ്രനാട്ടു്—-എന്തിനേറെ കേളികേട്ട ഗുരുവായൂരമ്പലത്തിന്റെ ഊരാളനായ കുന്നലക്കോനാതിരിപോലും എനിക്കു പൂവുംനീരുംതന്നില്ല. വള്ളുവക്കോനാതിരി, പാലക്കാട്ടുരാജാവു്, വെട്ടത്തുരാജാവു്—-എല്ലാം എന്നെക്കണ്ടു് പടിയടച്ചിരുന്നുകളഞ്ഞു. മലനാടിന്റെ മഹിതവിഭവങ്ങൾ, ഏതിന്റെ കൈവഴിയിൽക്കൂടി, കുത്തിയൊലിച്ചു് ലോകഗോളത്തിലെങ്ങുചെന്നെത്തുന്നുവോ, ആ കൊച്ചീത്തുറമുഖത്തിന്റെ ഉടമസ്ഥനായ മാടമഹീശൻ—എന്റെ ദീനരോദനംകേട്ടു് ചെവി പൊത്തിക്കളഞ്ഞു?

ചിത്ര—പത്മനാഭാ!—

(മഹാറാണിതിരുമനസ്സും, പൊന്നുതിരുമേനിയും മുഖത്തോടുമുഖംനോക്കുന്നു—രണ്ടു തിരുമേനിമാരും മിഴിനീരൊഴുക്കുന്നു.)

സചി—ആ ദേവി തുടർന്നു:—വഴിവക്കിൽ നീട്ടിയ താടിയും, നീളൻ നിലയങ്കിയും ധരിച്ച മൊല്ലമാർ വാങ്കുകൊടുക്കുന്ന ഇസ്ലാംപള്ളികളെന്നെ ക്ഷണിച്ചു; കറുത്ത നീളൻകുപ്പായത്തിൽ ഉടൽമൂടിയ ‘അച്ച’ന്മാർ മുട്ടുകുത്തിയിരിക്കുന്ന, ആയിരമായിരം കൂറ്റൻ ക്രിസ്ത്യൻപള്ളികൾ. ഞാൻ അതിനകത്തു കേറിയിരിക്കാൻ ആഗ്രഹിച്ചു:—കൈയിൽ കൊച്ചു വേദപുസ്തകവും, ബാൻറും, പുതിയ പുതിയ പാട്ടുകളുമായി, അവരെന്നെയെതിരേൽക്കാൻ ആഞ്ഞണഞ്ഞു.

ചിത്ര—എന്റെ അമ്മേ! ഗീതാമൃതം, തൊണ്ടവരണ്ട ലോകത്തിനരുളിയ അങ്ങയെ അങ്ങയുടെ സന്താനങ്ങൾ ഇന്നു് ഈ നിലയിലാക്കി!

സചി—(കണ്ണീരണിഞ്ഞു്) ആ ഋഷിയുക്തി തുടർന്നു:—സ്വന്തം സന്താനങ്ങളാട്ടിയകറ്റിയ എന്നെ ഉപദേശിമാർ, സ്വന്തം പള്ളിയറകളിലേക്കു് ക്ഷണിച്ചു:—എന്നാലെന്തോ എന്റെ മനസ്സ് അവിടെയെങ്ങും നില്ക്കാതെ മുമ്പോട്ടു പാഞ്ഞു. നട്ടപ്പാതിരയ്ക്കു്—ഒറ്റയ്ക്കു്—കൂരിരുട്ടത്തു്—ഞാനാപ്പള്ളികൾ നിറഞ്ഞ ക്രിസ്ത്യൻപട്ടണങ്ങളിൽ കൂടി—കിതച്ചുപാഞ്ഞു്, ഈ ഏഴരനാഴിക

വെളുപ്പിന്നു് വേണാട്ടിന്റെ തലസ്ഥാനത്തെത്തി—എന്റെ ആടയാഭരണങ്ങൾ എല്ലാം ഞാനവൾക്കു നല്കി. ഇതാ, ഭഗവാൻ ശ്രീകൃഷ്ണൻ എന്റെ കഴുത്തിൽ കെട്ടിയ താലി—ഭഗവദ്ഗീത—ഞാൻ കൈവിട്ടില്ല. ഭക്തിവിലാസം പടിവാതിലിൽ മൂർഛിച്ചുവീണതു മാത്രമേ എനിയ്ക്കോർമ്മയുള്ളു—ഇത്രയും പറഞ്ഞാമാതാവു് എന്നെ കെട്ടിപ്പുണർന്നു പൊട്ടിക്കരഞ്ഞു—കണ്ണീരിൽക്കുളിച്ചു ഞാനാ ജഗജ്ജനനീപാദം പ്രണമിച്ചു—ഗീതാദീപം പിടിച്ചു സത്യംചെയ്തു. കുന്നലക്കോനും, പെരുമ്പടപ്പുരചനും പുറംതള്ളിയ അമ്മയ്ക്കു് വേണാട്ടിൽ, അഭയമുണ്ടു്. വേണാടിന്റെ ഹൃദയക്ഷേത്രത്തിൽ, ഹേ, അദ്വൈതസ്വരൂപിണീ നിന്തിരുവടിക്കു് അഗ്ര്യപീഠമുണ്ടു്. ശ്രീപത്മനാഭനും, അമ്മമഹാറാണിതിരുമനസ്സും അന്നദാതാവായ പൊന്നുതിരുമേനിയും സാക്ഷി!

ചിത്ര—മനോഹരമായൊരു മധുരസ്വപ്നം!

മഹാറാ—കണ്ണീർക്കടലിൽ നീന്തിവന്നൊരു കഠിനസ്വപ്നം!

ചിത്ര—സൃഷ്ടിസ്ഥിതി സംഹാരശക്തികളുടെ സമഞ്ജസമായ സമ്മേളനമാണീ സ്വപ്നങ്ങൾ!

സചി—ജ്ഞാനേച്ഛാകൃതികളുടെ ചന്ദ്രാക്കപ്രഭാസമുദയമാണീ സത്യസ്വപ്നം!

(അടുത്തുള്ള മഹാക്ഷേത്രത്തിൽ പൂജകഴിഞ്ഞു് നടതുറക്കുന്ന മണിനാദം! ശംഖൊലി. ദീപാരാധന—മംഗളവാദ്യധ്വനി.)

രംഗം 3

[മഹാരാജാവുതിരുമനസ്സിലെയും അമ്മമഹാറാണിതിരുമനസ്സിലെയും മററിളമുറത്തമ്പുരാക്കന്മാരുടെയും സചിവോത്തമന്റെയുംഉള്ളിലുദിച്ച ഈ അദ്വൈതനവോദയം, തലസ്ഥാനനഗരിയിലും, വഞ്ചിരാജ്യസീമകളിലും, കേരളത്തിലും, ഭാരതത്തിലും അതിന്റെ കിരണകന്ദളങ്ങൾ വീശിത്തുടങ്ങിയിരിക്കുന്നു. ക്ഷേത്രപ്രവേശ വിളംബരത്തിനുതലേദ്ദിവസംരാത്രി. കോട്ടയ്ക്കകത്തെ ബ്രാഹ്മണഗ്രാമത്തിലെ വമ്പിച്ച പണക്കാരനായ ഒരു അയ്യരുടെ മഠം. രാത്രി ഒരു മണി—യാഥാസ്ഥിതിക മനഃസ്ഥിതിക്കാരായ ഏഴുഴാളുകൾ, ഊട്ടിലൂണുകഴിഞ്ഞു മഠത്തിന്റെ തളത്തിൽ കിടന്നു ക്രുക്കം വലിക്കുന്നു; മഠാധിപതി ഞെട്ടിയുണർന്നു് മുക്കിലുള്ള ഉലക്കയെടുത്തു കലിതുള്ളി, കോമരംപോലെ ചാടി, ഉറക്കെ മൂന്നുവട്ടം അലറി; മുക്കിലുള്ള നല്ലെണ്ണക്കുടം എടുത്തു ചോർത്തി—നല്ല മലയാളത്തിൽ തുള്ളിക്കല്പിക്കുന്നു.]

"ഞാനാരു്—ഞാനാരു്—അറിയത്തില്ല്യോ;—ആരാണു് ഞാൻ—"

എല്ലാവരും—(അലച്ചുകേട്ടു ചാടിയെഴുന്നേററു് ഭക്തിയോടെ തൊഴുതു ചുററും നില്ക്കുന്നു.)

എല്ലാ—മനസ്സിലാകുന്നില്ല—പറയണം.

കോമരം—ഞാൻ കുട്ടിച്ചാത്തനും, കരുമാടൻ കുട്ടനും, ഭൈരവനുമല്ല—(അലറുന്നു)-ഉം—ഉം—ഉം—ഉം—ഞാനാരു്?

എല്ലാ—കല്പിക്കണം.

കോമ—ഞാൻ ചെഞ്ചേവകാട്ടിൽ നീലി-ഉം—ഉം—ഉം—(ഉലക്ക ഓങ്ങുന്നു)

എല്ലാ—(ഞെട്ടി) നീലിയോ—നീലി—

കോമ—അല്ല—അല്ല—നീലിയല്ല—(അലറുന്നു)

എല്ലാ—പിന്നാരാണെന്നു പറയണം—എന്തുവേണമെന്നും പറയണം.

കോമ—ഞാൻ, അയിത്തപ്പിശാച്; —ജാതിരക്ഷസ്സ്; — മനസ്സിലായോ—ഉം—ഉം—ഉം. (അലച്ച്)

എല്ലാം—(തൊഴുതു.) കല്പിക്കണം. അവിടുത്തെ ഭക്തന്മാരും ഉപാസകന്മാരുമല്ലേ ഞങ്ങൾ—കല്പിക്കണം—

കോമ—മലനാട്ടു ഭരിക്കുന്നതു ഞാനാണ്—അല്ലേ—ഉം —വേണ്ടാ — (അലച്ച്)

എല്ലാം—ഇവിടുന്ന്—

കോമ—വേണാടിന്റെ അമ്പലങ്ങളാരുടെകീഴിൽ?—

എല്ലാം—ഇവിടുത്തെ—

കോമ—നടക്കുന്നവഴിയിൽ മുള്ളുനിരത്തിയതും, കുടിക്കുന്ന വെള്ളത്തിൽ വിഷം കലക്കിയതും, ദേവന്മാരെ അകത്തിട്ടു പൂട്ടിയതും, ഹിന്ദുമതത്തിന്റെ ചോരകൊണ്ട് എന്റെ ഈ നാക്കിനു ചെഞ്ചായം പൂശിയതും—ആര്—ഞാൻ—ഞാൻ—ഉം—(അലച്ച്)എന്നാലിന്ന്—ചിത്രത്തിരുനാൾ, കൊച്ചുമാർത്താണ്ഡവർമ്മയും, ആദിപരശുരാമനുമായിവന്ന്, അമ്മമഹാറാണിയെന്ന വഞ്ചീശപരിയുടെയും, സചിവോത്തമനെന്ന പുത്തൻ രാമയ്യൻദളവായുടേയും തുണയോടുകൂടി—തന്റെ വെണ്മഴു, എന്റെ കഴുത്തിനു നേരേ നീട്ടുന്നു—എന്റെ നാടു വെട്ടിപ്പിടിക്കാൻ വരുന്നു—എന്റെ പട്ടാളങ്ങൾ, നത്തുകളേപ്പോലെ ആ ഉദയത്തിനുമുമ്പിൽ തല താഴ്ത്തുന്നു—ഉം—ഉം—ഉം—(അലച്ച്)

ഈ പുതിയ പ്രഭാതം തങ്കക്കതിരുകൾ നീളുന്ന പൊൻപത്രവുമായി, സഹ്യാദ്രിക്കൊട്ടുമുടിക്കുമീതെ, ഒരു കൃഷ്ണപ്പരുന്തിനെപ്പോലെ വലംവച്ചു പറക്കുന്നു—എന്റെ നാഗപടം പായുന്നു—ഉം—ഉം—(അലച്ച്)

നിങ്ങൾ എന്റെ മന്ത്രിമാർ: നാം എട്ടുവീട്ടിൽപ്പിള്ളമാർ: ഈ പുതിയ മാർത്താണ്ഡവർമ്മയോടും, ദളവയോടും പൊരുതണം—പൊരുതണം—

എല്ലാം—നാം—തോററാൽ—

കോമ—തോററാൽ—

എല്ലാം—രക്ഷയില്ല—രക്ഷയില്ല—അയ്യോ അങ്ങുന്നേ—ഈ ദളവാ, മൂപ്പസാമ്രാജ്യം ഭരിച്ച അർത്ഥശാസ്ത്രനിപുണനായ ചാണക്യബ്രാഹ്മണന്റെ നവാവതാരമാണ്—നമ്മുടെ തല—

കോമ—അപ്പോൾ—ഇനി വഴി —ഉം —ഉം—(അലച്ച്)—അതാ പടപ്പാട്ടും, പട്ടാളനീക്കവും, രണഭേരിയും—കാഹളംവിളിയും—എന്റെ കോട്ടയ്ക്കകം—ഉം —ഉം—ഉം—(അലച്ച്)

എല്ലാം—ആളുവാഞ്ചേരിയും, പടയുമല്ലേ ഈ പടക്കളത്തിലിറങ്ങേണ്ടതു്?—

കോമ — ആളുവാഞ്ചേരിത്തമ്പ്രാക്കൾ —ഉം—ഉം—ഉം— (അലച്ച്) — (പല്ലുകടി) ആളു...വാ...ഞ്ചേരി...ഉം—ഉം—(വീണ്ടും അലച്ച്) ഉലക്കകൊണ്ടു മുമ്പിൽനിൽക്കുന്ന പുരോഹിതന്റെ തലയിലടിച്ചു — ആഴ്വാ....ഞ്ചേ....രി....ഉം—ഉം—കഥ കഴിഞ്ഞു...എന്റെ ഒന്നാമത്തെ ശത്രു...(പുരോഹിതൻ അയ്യോ എന്നലറി നിലത്തുവീണു.)

നാളത്തെ....പഞ്ചാരപ്പായസം....പോച്ച്—പോച്ച്—ദക്ഷിണയും പോച്ച്. അടാ പറപ്പയലേ, നീ തുലഞ്ഞുപോ—തുലഞ്ഞുപോ—(മരിക്കുന്നു.) (എല്ലാവരും ഓ

ട്ടന്നു: ജാതിക്കോമരം, രക്ഷയില്ലാതെ ഓടി ശംഖുംമുഖത്തുനിന്നു് ഒരോട്ടവഞ്ചികേറി കൊച്ചിത്തുറമുഖത്തേക്കു തുഴയുന്നു.)

രംഗം 4

[ഭാരതവർഷത്തെയും കേരളക്ഷേത്രത്തെയും പുളകംകൊള്ളിച്ച ആ വിളംബരത്തിന്റെ ഓരോ അക്ഷരവും, വേണാടിന്റെ അങ്ങോളമിങ്ങോളമുള്ള മഹാക്ഷേത്രങ്ങളിൽ നറുനെയ്നിറച്ച ഭദ്രദീപങ്ങളായി മിന്നിക്കത്തുന്നു. എങ്ങും പുഷ്പസൌരഭ്യം: മംഗളവാദ്യം. ശ്രീപത്മനാഭക്ഷേത്രപരിസരം, തൂവെള്ളത്തുകിലുടുത്ത ജനാവലിയാൽ അലതല്ലുന്ന പാൽക്കടലായി മാറുന്നു. ആ പാൽക്കടലിൻനടുവിൽ അനന്തപ്രഭാകീർണ്ണമായ അനന്തശയനവിഗ്രഹമെന്ന പള്ളിയോടത്തിൽ ശ്രീപത്മനാഭൻ ഒരധഃകൃതബാലനെ, അഞ്ജനവർണ്ണമായ തിരുമാറിലണച്ചു നിർവൃതികൊള്ളുന്നു. ഊഴിമാതും മലർമാതും ഓരോ കീടാങ്ങളുടെ നിറുകയിൽ മുകരുന്നു—സുവർണ്ണവ്യജനം വീശുന്നു. ദേവകളും ഋഷികളും അപ്സരസ്സുകളും പുഷ്പവൃഷ്ടിചെയ്യുന്നു. അടുത്തായി ഒരു വെള്ളിയോടത്തിൽ ചിത്തിരതിരുനാൾ തിരുമേനിയും, അമ്മമഹാറാണിതിരുമനസ്സും ഇളമുറത്തമ്പുരാക്കന്മാരുംഭസ്മചന്ദനാലംകൃതരായി കൈക്കൂപ്പിയിരിക്കുന്നു. സർവാധിയും ചീഫ്സെക്രട്ടറിയും പള്ളിയോടം തുഴയുന്നു—അതോടൊപ്പം നീങ്ങുന്ന, മറ്റൊരു വെള്ളിത്തോണിയിൽ, ഗാന്ധിജി കൈക്കൂപ്പിയിരുന്നു്, "രഘുപതിരാഘവ രാജാറാം, പതിതപാവനസീതാറാം" എന്നു പാടുന്നു. കുളിച്ചു വെള്ളപ്പുട്ടുടുത്തു്, ഭസ്മധവളാംഗനായി, ഹിന്ദുമതത്തെ പ്രായശ്ചിത്തത്തീയിൽ ശുദ്ധമാക്കിയെടുത്ത—ആത്മജ്ഞാനിയും, പണ്ഡിതപ്രകാണ്ഡവുമായ സചിവോത്തമൻ, ഒരധഃകൃതബാലന്റെ ചെവിയിൽ ഗായത്രിയോതിക്കൊടുക്കുന്നു—ആയിരമായിരം വഞ്ചികൾ, ഹരിജനപൂർണ്ണങ്ങളായി, ശ്രീപത്മനാഭന്റെ തൃപ്പള്ളിയോടത്തെ അനുക്രമം തുഴഞ്ഞു പ്രദക്ഷിണം വയ്ക്കുന്നു.

മാബലിപ്പെരുമാളും ശ്രീശങ്കരഭഗവദ്പാദങ്ങളും, ചേരമാൻപെരുമാളും, സുന്ദരമൂർത്തിനായനാരും സഹ്യാദ്രിച്ചെരുവിലെ, പുണ്യാശ്രമങ്ങളിൽനിന്നു യോഗനിദ്രയുണർന്നു്, ആ പുത്തൻപൊന്നോണക്കാഴ്ച കാണുന്നു. ആ മഹോത്സവനാളിൽ പാടാൻ, കന്യാകുമാരിയിലെ, കടലലകൾ രചിച്ച കൊച്ചുഗാനകൃതി ഹരിജനങ്ങൾ നീട്ടിപ്പാടി, പത്മനാഭപാദംനോക്കിത്തോണിതുഴയുന്നു.

പാട്ടു്—നതോന്നത.

തുറന്നുതന്നിതു ഞങ്ങൾ—
ക്കുരുതരകരുണയാൽ
പെരുമാളിൻകോവിൽ
വേണാട്ടടികളെന്നാൽ
പുലരിപ്പൊൻപുതുക്കോവിൽ
നടയ്ക്കകം തിളങ്ങുന്ന
പുരുപുണ്യക്കതിരോന്റെ
തിരുമുഖത്തെ—
നുകരുവാനഭിവാദ്യ—
മരുളുവാൻ—കഴിവില്ലി—
ന്നകമലർമിഴിമൊട്ടുവിടർന്നിടാതെ!
അവിരതപ്രണവനീർ
നുകരുവാൻ കഴിവില്ലി—
ങ്ങകമലച്ചെവിയിണ തുറന്നിടാതെ?
പദമലർനിരചൂടാൻ, കഴിവില്ലെൻ
പെരുമാളേ
പുതുവുടൽ;അതിന്നിരുകരമില്ലാതെ
മുടിചൂടുമടികളെയടയ്ക്കുവാൻകഴിവില്ലി
അടച്ചിട്ടൊരകക്കോവിൽ തുറന്നിടാതെ!
അവിടുത്തെയനഘമാം
മിഹിരമണ്ഡലം കാണാൻ
അരുളുകമിഴികൾക്കു വെളിച്ചമാദ്യം.

(തിരശ്ശീല)

*നമ്മുടെ ഗുരുദേവൻ

(വള്ളത്തോൾ)

(കേക)

വിശ്വഭാരതിയ്ക്കേററു വൈധവ്യമവിഷഹ്യ,-
മശ്ശാന്തിനികേതന മശാന്തിയ്ക്കടിപ്പെട്ടു;

* 'ഉത്തരായണം' താപോത്തരമായ് നിന്നാഥത്വാൽ
ത്യക്തമായല്ലോ ഗുരുദേവനാലിഹവാസം!

ദേവേന്ദ്രമഹർഷിതൻ ദീപ്രമാം പ്രതിബിംബം,
ശ്രീവാണീശ്വരിമാർതൻ ശ്രേഷ്ഠപൂരുഷരൂപം,

ഭാവനാമഹിമാവിൻ മർത്ത്യാവതാരം — ഹാ ഹാ
ഭൂവിതിൻ കാവല്ക്കാരൻ ദീർഘനിദ്രയിൽ വീണു!

ഇച്ഛിച്ചപോന്നു നിത്യമേതിനെദ്ദർശിപ്പാനാ
വിശ്വദർശികളായ നേത്രങ്ങൾ വിശാലങ്ങൾ,

സ്വാതന്ത്ര്യമതീ മാതൃഭൂമിയെസ്സമീപിച്ച
പോതിലെന്ത,വ പെട്ടെന്നടഞ്ഞതെന്നേയ്ക്കുമായ് !

ദീനബന്ധുവാമാൻഡ്രൂസ്സാത്മസ്നേഹിതനല്ലോ;
താനെത്രകാലം താങ്ങും തദ്വിയോഗാതങ്കത്തെ ?

നൂന,മദ്ദേഹം മുമ്പേ പോയിമേവിന പുണ്യ-
സ്ഥാനമേ പൂകിക്കൊണ്ടാനിപ്പൊഴി സ്സുകൃതിയും!

ശ്രീമഹാകവി ടാഗോർ, ഗാന്ധിജി, ജവഹർലാ-
ലീമുവ്വരല്ലോ, നാട്ടിന്നഗ്ര്യരാം നേതാക്കന്മാർ;

ഒന്നാമൻ മൃതനായ്പ്പോയ്, മൂന്നാമൻ തുറുങ്കിലാ-
ണെ,ന്നിനി രണ്ടാമന്നൊരിത്തിരി സുവിശ്രമം?

എൺപതുവയസ്സോളമിങ്ങിരുന്നതേ മമ
'ഡംഭമാണെ'ന്നാനല്ലോ ഗാന്ധിജിയോടു ഭവാൻ;

---

* 1941 ആഗസ്റ്റിൽ എഴുതിയതും മഹാകവി സദയം അയച്ചുതന്നതുമായ കവിത.

* ഗുരുദേവന്റെ പാർപ്പിടത്തിന്റെ പേർ

അങ്ങയുടെ സുദീർഘമായ് പ്പോകില്ല, മവശരാം
ഞങ്ങൾക്കു തുലോം ഹ്രസ്വ,മിത്തപ്ടീയായുഷ്കാലം!

‘വാല്മീകി വേദവ്യാസ കാളിദാസാദ്യന്മാരു-
ണ്ടീ,മഹാപുരുഷങ്കൽപ്പുക്കിന്നു മുയിർക്കൊൾവൂ’

ഇപ്പടിയഭിമാനിച്ചിരുന്നു പൂവ്ക്കൊപ്പം,
മുപ്പത്തുമാറുംകോടിപ്പേർകളീ ഋഷിനാട്ടിൽ.

പണ്ടത്തെ വിജ്ഞാനത്തെയിന്നത്തെ വിചിന്തയിൽ-
ക്കൊണ്ടിണക്കിയ ടാഗോർസ്സൂരിതൻ സൂക്തിസ്തോമം,

തണ്ടലർപ്പനിനീർപ്പൂവെന്നിവ കൂട്ടിച്ചേർത്ത
ചെണ്ടുപോലുദ്ഭാസിപ്പൂ സാഹിതീകരാഗ്രത്തിൽ !

പുളകംകൊള്ളിച്ചാത്മജ്ഞാനത്തെജ്ജ്വലിപ്പിക്കും
ലളിതഗഭീരമാം തദ്ഗാഥാസഹസ്രത്തെ

കുതുകാലൊരേമട്ടിൽക്കൈക്കൊണ്ടു മാനിക്കുന്നു,
കുടിലും കൊട്ടാരവും, വയലും വൻപൂംകാവും.

രാമമോഹനമധുസൂദനചന്ദ്രാദ്യന്മാ-
രോമനിച്ചുയർത്തിയ വംഗീയസാഹിത്യത്തെ,

തൂമണം പാടേവീശുമാറിത്രപുഷ്ടിപ്പിച്ച-
തീ,മഹാൻ തോട്ടക്കാരൻ നൽകിയ വളമല്ലോ.

ഏതേതുവിഷയത്തിൽക്കേളിയാടീലാ, സർവ്വ-
ചേതോഹാരിണിയാം തൽകവിതാവിലാസിനി?

ഏതേതു മഹാഭാഷയേററുപാടീല്ല,ൽകൃഷ്ട-
ന്തതനാശയങ്ങളാം തദ്ഗീതശതങ്ങളെ?

ഭാരതീയരെവീണ്ടും ഭാരതീയരാക്കാനും,
പാരിടമൊട്ടുക്കൊരു തറവാടെന്നാക്കാനും,

കൂരിരുളകററാനും, വെളിച്ചമിയററാനു-
മാരിത്രചെയ്തുയത്ന, മാരിത്ര നേടീ ജയം?

നിസ്തുലൌജസ്സാമെത്രകാവ്യത്തെ വരച്ചീല-
ങ്ങെത്രചിത്രത്തെച്ചേലിലെഴുതീലത്തുത്തുവ്വൽ-

മങ്ങുകില്ലൊരുനാളും മായുകില്ലതു രണ്ടു-
മിങ്ങിനെ വിളങ്ങുമേ ലോകഭിത്തിയിലെന്നും!

വേണുവിൻ തുളകളിൽ തത്തുമക്കൈതോൻ മാതൃ-
ക്ഷോണിതൻ തൃക്കാലെമ്മട്ട,മ്മട്ടതിരുമ്മീലാ ?

അധ്യാത്മരഹസ്യത്തെപ്പാടാനു,മധർമ്മത്തോ-
ടത്യുഗ്രഗർജ്ജിപ്പാനും ത്രാണിയുള്ളൊന്നക്കണ്ഠം!

വിശ്വത്തിൻ കലകളും സംസ്കാരങ്ങളുമെല്ലാം
'വിശ്വഭാരതി'യിൽ വന്നങ്ങയെസ്സംസേവിച്ചു;

അങ്ങൊരാൾ കലാകാരന,ങ്ങൊരാളഭ്യൂഢാത്താ-
വങ്ങൊരാൾ ധർമ്മാചാര്യനെങ്ങൾക്കും വിദേശ്യർക്കും!

രണ്ടോളമാണ്ടിൻമുന്നമങ്ങിടംപ്രഥമമായ്-
ക്കണ്ടുവന്ദിപ്പാൻ ചെന്നൊരല്പനാമെന്നെ പ്രാജ്ഞൻ,

പണ്ടേ ഞാനൊരു സുഹൃത്തെന്നു തോന്നുമാറല്ലോ
കൊണ്ടാടി;മറ്റെന്തു,ത്സവ്ഗം തൽസൌഹാർദ്ദം!

ആരുനോറ്റന്നാർജ്ജിച്ച തത്സമാഗമഭാഗ്യ-
മാദ്യവുമവസാനത്തേതുമായ്ത്തീർന്നല്ലോമേ—

വാർത്തുപോകായ്കെൻകണ്ണേ, ചുടുനീർ: വൈക്ലബ്യത്തിൻ
വാർത്തയേ സഹിയ്ക്കില്ലാ, വശിയാമൃഷിപുത്രൻ!

വിശ്വസൌഭ്രാത്രം ചൊല്ലിത്തന്നു നമ്മൾക്കദ്ധന്യൻ!
വിശ്വാസവിഹീനരാം നമ്മളോ, തമ്മിൽത്തല്ലി;

ബന്ധുവദ്ദേഹം തേടിമോചനമൊന്നേ; നാമോ,
ബന്ധശൃംഖല വീണ്ടും മുറുക്കീ ധീമാന്ദ്യത്താൽ.

ഈ വൈപരീത്യം ശിഷ്യർ മാറ്റായ്കയാലോ, തന്റെ
ജീവിതമവസാനിപ്പിച്ചതഗ്ഗുരുദേവൻ?

ഹേ, വിശാലാത്മൻ, പശ്ചാത്താപവിഹ്വലർ ഞങ്ങ-
ളാ,വിതും പൊറുത്തരുൾകെങ്ങൾതന്നവിവേകം!

തുറന്നു മിഴിഞങ്ങൾക്ക,ങ്ങു സസ്നേഹം ചൂണ്ടു-
വിരലാൽക്കാട്ടിപ്പോന്ന നേർവഴികളിലൂടെ

പരമോദ്ദിഷ്ടസ്ഥാനത്തെയ്ക്കിതാ, നടകൊൾവൂ
മരണംവന്നാൽപോലും പിന്മടങ്ങാതേഞങ്ങൾ.

ടാഗോർ

(വിദ്വാൻ പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ.)

വിശ്വമഹാകവിരവീന്ദ്രനാഥടാഗോർ ആഖ്യായിക, ചെറുകഥ, നാടകം, നിരൂപണം മുതലായ പല സാഹിത്യശാഖകളിലും വിഹരിച്ചിട്ടുണ്ടെങ്കിലും ഗാനാത്മകങ്ങളായ ലഘുകാവ്യങ്ങളിലാണദ്ദേഹത്തിന്റെ അസാധാരണമായ ഭാവനാസമ്പത്തിയും നിസർഗ്ഗജമായ വാസനാസംശുദ്ധിയും അത്ഭുതാവഹമായ ലോകവ്യുൽപത്തിയും പ്രത്യക്ഷമായിട്ടുള്ളതു്. നിഷ്കളങ്കമായ സൌന്ദര്യത്തിന്റെയും നിർമ്മായമായ പ്രേമത്തിന്റെയും ആരാധകനും ഗായകനുമായ ശ്രീരവീന്ദ്രനാഥൻ സംദൃഷ്ടനാകുന്നതും അവയിൽത്തന്നെയാണു്. ഈ പരമാർത്ഥം ആ മഹാശയൻതന്നെ പല വട്ടം തുറന്നുപറഞ്ഞിട്ടുണ്ടു്.

ടാഗോറിന്റെ ഗാനങ്ങൾ സൌന്ദര്യത്തിന്റെ ആവിഷ്കാരകങ്ങളെന്ന നിലയ്ക്കു നേടിയിട്ടുള്ള പ്രശസ്തി സർവ്വവിദിതമാകുന്നു. ഗാനനിബന്ധനത്തിനു് ആ സംഗീതസാരവേദി അംഗീകരിച്ചിട്ടുള്ള രാഗങ്ങൾ പോലും അത്ഭുതജനകമാംവിധം വിജയം വരിച്ചിട്ടുണ്ടു്. ഗീതാഞ്ജലിയാണു് ഈ വിഷയത്തിൽ ഉത്തമദൃഷ്ടാന്തം. നമ്മുടെ മഹാകവിക്കു് 'നോബൽ സമ്മാനം' സമ്പാദിച്ചുകൊടുത്ത പ്രസ്തുത കൃതിയുടെ പ്രാശസ്ത്യം ലോകപ്രസിദ്ധമാണല്ലോ.

സൌന്ദര്യത്തിന്റെയും പ്രേമത്തിന്റെയും പ്രധാനാംശങ്ങളായ വികാരവും വിചാരവും ഭാവനയും ആധ്യാത്മികതയും ടാഗോറിന്റെ ഗാനങ്ങളിലും ലഘുകാവ്യങ്ങളിലും നൈസർഗ്ഗികമായ ചമൽക്കാരത്തോടെ വിലസുന്നതു കാണ്മാൻ പ്രയാസമില്ല. ഈ തത്ത്വത്തെ അടിസ്ഥാനമാക്കി രവീന്ദ്രനാഥനെ വംഗസാഹിത്യത്തിലെ ഷെല്ലിയായി സങ്കല്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ സങ്കല്പത്തിനു് കുറേയൊക്കെ അടിസ്ഥാനമില്ലെന്നില്ല. ഒരുകാലത്തു് ഷെല്ലിയുടെ കവിത ടാഗോറിനെ അത്യധികം ആകർഷിച്ചിരുന്നുവെന്നുള്ളതും വാസ്തവമാണു്. എന്നാൽ, അദ്ദേഹം പലവിധത്തിലും ഷെല്ലിയെ അതിശയിക്കുകതന്നെ ചെയ്തിരുന്നു. എങ്കിലും ആ ആംഗലകവിയെ വിട്ടുകളയുവാൻ വികാരതരളമായ രവീന്ദ്രന്റെ ഹൃദയത്തിനു സാധിച്ചിരുന്നില്ല. അതുകൊണ്ടാണു് മഹാകവി ടാഗോർ "ഷെല്ലിയുടെ ജ്ഞാനസൌന്ദര്യഗീതം (The ode to intellectual beauty) ഞാൻ തന്നെത്താനെഴുതേണ്ടിയിരുന്ന ഒരു കവിതയാണെ"ന്നു് ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതു്. ഷെല്ലി ഈ ഗീതത്തിൽ ക്രോഡീകരിച്ചിട്ടുള്ള സൌന്ദര്യതൃഷ്ണ രവീന്ദ്രമഹാകവിയുടെ "ജീവനദേവത"യിൽക്കാണുന്നു എന്നതു് ഇതിനു മറെറാരു തെളിവാകുന്നു. കൂടാതെ, ഷെല്ലിയുടെ ഒരു പ്രത്യേകതയായ പ്രകൃത്യാത്മൈക്യബോധം ടാഗോറിന്റെ പല പ്രാഥമിക കൃതികളിലും കാണുന്നുമുണ്ടു്.

ഷെല്ലിയുടെ ഭാവന അസാധാരണമായിരുന്നുവെങ്കിൽ രവീന്ദ്രനാഥന്റെ ഭാവന അസാധാരണതരമായിരുന്നു. ഷെല്ലിയുടെ

കൃതികളിൽ അസ്പഷ്ടമായിക്കഴിഞ്ഞുകൂടുന്ന സൗന്ദര്യാദശം ടാഗോർകൃതികളിൽ സ്പഷ്ടമായിക്കാണുന്നുണ്ട്. ഇതുപോലെ മററു കവികൾക്കില്ലാത്ത പല ശക്തിവിശേഷങ്ങൾക്കും വിലാസരംഗമാണ് നമ്മുടെ മഹാകവി.

വേഡ്സ്‌വത്തിൻെറ ക്രാന്തദർശിത്വവും ഷെല്ലിയുടെ ഗാനമാധുര്യവും ഗീതാഞ്ജലികർത്താവിന് ജന്മസിദ്ധമാണ്. ഗേഥേ, മേററർലിങ്ക് മുതലായ കലാവല്ലഭന്മാരുടെ പല പ്രത്യേക ധർമ്മങ്ങളും അദ്ദേഹത്തിനുണ്ട്. എല്ലാത്തിനും പുറമേ, ഉപനിഷൽദ്രഷ്ടാക്കളായ മഹർഷിവരേണ്യന്മാരുടെ ആധ്യാത്മികശക്തിയും ടാഗോറിനു കരസ്ഥമാണ്.

ക്രാന്തദർശിത്വത്തിൽ ടാഗോറും വേഡ്സ്‌വത്തും സമാനന്മാരാണ്. എങ്കിലും, ആന്തരതേജസ്സിൻെറ പ്രകാശാഭാവംകൊണ്ടുള്ള കോട്ടം ആംഗലകവിയെയല്ലാതെ ഭാരതീയകവിയെ ബാധിച്ചിരുന്നില്ല. വല്ലപ്പോഴുമൊരിക്കൽ നൈരാശ്യത്തിൻെറയോ അന്ധകാരത്തിൻെറയോ ആക്രമണമുണ്ടായാൽത്തന്നെയും ദിവ്യവിസ്മരമായ ആന്തരപ്രകാശത്തിൻെറ മുമ്പിൽ അരനിമിഷംപോലും നില്ക്കാൻ ശക്തമായിരുന്നില്ല അതു്.

ബ്രൌണിങ്ങിനുംകൂടെയൊക്കെ ടാഗോറിൻെറമേൽ പ്രേരണാശക്തി ചെലുത്തുവാൻ സാധിച്ചിട്ടുണ്ട്. തന്മൂലമാണ് ബ്രൌണിങ്ങിൻേറയും രവീന്ദ്രൻേറയും ചില കവിതകൾക്കുതമ്മിൽ ആശയസാദൃശ്യം കാണുന്നതു്. എന്നാൽ ആവക ആശയങ്ങൾ സാധാരണന്മാൎക്ക് മനസ്സിലാകാത്തവിധം അതിഗൂഢമായിട്ടേ ആ ഔചിത്യമർമ്മജ്ഞൻ പ്രയോഗിച്ചിട്ടുള്ളൂ. ബ്രൌണിങ്ങിനെപ്പോലെ ശുഭപ്രതീക്ഷകനാണെന്നുമാത്രമല്ല, സാഹിത്യസംഗീതൈക്യവാദിയുമാണ് ടാഗോർ. "ഗാനകുശലനായ രവീന്ദ്രനാഥനാണ് കാവ്യകാരനായ രവീന്ദ്രനാഥൻെറ വിജയത്തിനു ഹേതു" എന്നുള്ള ചില നിരൂപകന്മാരുടെ അഭിപ്രായം അർത്ഥവത്താണ്.

മഹാകവി രവീന്ദ്രനാഥടാഗോർ എഴുതിയിട്ടുള്ള ഓരോ ഗാനവും സൗന്ദര്യത്തിലേക്കു നവംനവമായ സരണി വെട്ടിത്തുറന്നിട്ടുണ്ട്. എല്ലാ ഗാനവും ഒരേവിധം മനോഹാരി എന്നു പറഞ്ഞുകൂടെങ്കിലും അവയിലെല്ലാററിലും ടാഗോറിൻെറവ്യക്തിധർമ്മം വ്യക്തമായിക്കാണാവുന്നതാണ്. യൗവനത്തിൻെറ പടിവാതിൽ പുറത്തുകടന്നതിനുശേഷം അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിലാണ് പ്രകൃതി, ജീവിതം, ദൈവം മുതലായ ഗഹനവിഷയങ്ങളെക്കുറിച്ചുള്ള സൂക്ഷ്മചിന്തകൾ ചിതറിക്കിടക്കുന്നതു്.

ടാഗോറിൻെറഅനന്തരകാലികഗാനങ്ങളിലാണ് നിത്യസത്യവും അഖണ്ഡസുന്ദരവുമായ പരബ്രഹ്മത്തോടുള്ള അഭിനിവേശവും, പ്രകൃതിയും ആത്മാവും തമ്മിലുള്ള സമ്മേളനവും പൂർവാധികം ശക്തിമത്തായി പ്രത്യക്ഷമാകുന്നതു്. കവിക്കു ബ്രഹ്മത്തോടുള്ള അഭികാംക്ഷയും പ്രകൃതിയോടുള്ള പ്രതിപത്തിയും, വേർതിരിച്ചു നിർത്തുവാൻ നിവൃത്തിയില്ലാത്തവിധം, അദ്ദേഹത്തിൻെറ ഗാനങ്ങളിൽ ഇണങ്ങിച്ചേർന്നിരിക്കുന്നു. പ്രകൃതിയും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധം ജൈവികവും മാനസികവുമായ ഒരു പരമാർത്ഥമെന്നത്രേ ആ അദ്വൈതവാദിയുടെ മതം. ഇതിലാണ് സൗന്ദര്യത്തിൻേറയും പ്രേമത്തിൻേറയും അഭേദ്യബന്ധം പ്രതിഷ്ഠിതമായിരിക്കുന്നതു്. ഈ തത്വത്തെ ദൃഢമായി വിശദീകരിക്കുന്നതാണ്,

"ഇങ്ങല്ല മന്ദിരം; ദൂരസ്ഥ! ദുഷ്പ്രാപ-
നങ്ങയെപ്പുണരുവാൻ വെമ്പുന്നു ഞാൻ"

എന്നുതുടങ്ങുന്ന ഗാനം. ആൻഡ്രൂമാർവെല്ലിൻെറ പ്രകൃത്യാത്മൈക്യസിദ്ധാന്തമാ

കുന്ന ഈ വരികളിൽ കാണപ്പെടുന്നതു്. പരബ്രഹ്മപ്രാപ്തിക്കുള്ള തൃഷ്ണ ഇവിടെ കൂടുതലുണ്ടെന്നുമാത്രം ഒരു വ്യത്യാസം.

വംഗസാഹിത്യത്തിലെ ഗാനാത്മകകാവ്യങ്ങളിൽ അത്യുത്തമവും, വിശ്വസാഹിത്യത്തിലെതന്നെ പ്രശസ്തകൃതികളിൽപ്രധാനവും, രവീന്ദ്രനാഥടാഗോറിൻെറ ഭാവനയുടേയും വാസനയുടേയും ഉൽകൃഷ്ടസന്താനവുമായ "ഉർവ്വശി"യിലാണു് സൗന്ദര്യത്തിൻെറ മാധുര്യം പ്രകൃഷ്ടമായനുഭവപ്പെടുന്നതു്. ഇതിൽ ആദ്ധ്യാത്മികവും ഐഹലൗകികവുമായ ചിന്താധാരകളെ നീരക്ഷീരന്യായേന ഇണക്കിച്ചേർത്തിരിക്കുന്നു.

ഉർവ്വശീപുരൂരവസ്സുകളുടെ ഉൽക്കടപ്രേമത്തെ കഥാവസ്തുവാക്കി നിർമ്മിച്ചിട്ടുള്ള കരുണമയമായ ഒരു സന്ദർഭം ഋഗ്വേദത്തിലുണ്ടു്. മഹാകവി കാളിദാസനും ഈ ഇതിവൃത്തത്തെത്തന്നെ 'വിക്രമോർവ്വശീയ'ത്തിൽ അംഗീകരിച്ചിരിക്കുന്നു. രവീന്ദ്രനാഥൻ 'ഉർവ്വശീ'വിരചനത്തിനു് അവലംബമായി കൈക്കൊണ്ടിട്ടുള്ളതു് ഇവയൊക്കെയാണെങ്കിലും അദ്ദേഹത്തിൻെറ ഉർവ്വശി ഒരു നവീനസൃഷ്ടിതന്നെയാണു്. രവീന്ദ്രനാഥടാഗോറിൻെറ 'ഉർവ്വശി'യിൽ പൌരാണികോർവ്വശിയിൽക്കാണാത്ത എന്തോ ഒന്നു ദൃശ്യമാകുന്നുണ്ടു്. അതാകട്ടെ ആ നവീനസൃഷ്ടിവിദഗ്ദ്ധൻെറ കല്പനയുടെ ഫലവുമാണു്. ഈ കൃതിയിലെ ഭാഷാരീതി കീററ്സിനേയും ഷെല്ലിയേയും ഉല്ലംഘിക്കുമാറു് ഭാവനാമധുരവും വികാരതരളവുമായിരിക്കുന്നു.

ആദിവസന്തത്തിൻെറ ആദിമ പ്രഭാതത്തിൽ, "വലംകൈയിലമൃതിടംകൈയിൽ വിഷം വഹിച്ചുകൊണ്ടു്" "കടഞ്ഞിടും ദുഗ്ദ്ധജലനിധിയുടെ നടുവിൽനിന്നു" സമുദ്ഭൂതയായി, "യൗവ്വനം കടഞ്ഞെടുത്തപോൽ സ്ഫുടവികസിതസുഷമ"മായ കളേബരത്തോടുകൂടി, ഉഷസ്സിനെപ്പോലെ ദർശനവിഷയകമായിത്തീർന്ന ആ അലൌകികസുന്ദരിയെ, അമർത്ത്യമർത്ത്യന്മാരുടെ മനംമയക്കുന്ന ആ ത്രിഭുവനമോഹിനിയെ, ഉന്മാദകമായ ബാഹ്യസൗന്ദര്യത്തിൻെറ ഒരു സുരുചിരചിഹ്നമായിട്ടാണു് കവി സങ്കല്പിച്ചിരിക്കുന്നതു്. ആരംഭത്തിൽതന്നെ ആ സൗന്ദര്യാരാധകൻ സ്ഥാപിക്കുകയാണു്:—

"പുരന്ദരപുണ്യപുരനിവാസിനി,
പരമലാവണ്യവതിയാമുർവ്വശി,
മധുരദർശനേ, ജനനിയല്ല നീ,
വധുവുമല്ല നീ സുതയുമല്ല നീ
ഹരിതമൈതാനതലത്തിൽ,പ്പൊൻപട്ടു
പരിക്ഷീണാംഗകോപരിയണിഞ്ഞന്തി
വിളങ്ങിടുംനേരം, സുഭഗയായ നീ
വിളക്കുവയ്ക്കുന്നില്ലൊരു ഗൃഹത്തിലും
സശങ്കമാം സ്ഖലൽപദന്യാസത്തൊടും,
ഭൃശം തുടിച്ചിടുമുരസ്തടത്തൊടും
അധഃസ്ഥല ക്ഷിപ്തവിലോകനത്തൊടും,
അധരാന്തസ്ഫുരൽസ്മിതത്തൊടും, ഭദ്രേ!
ഭവതി നീരവ നിശീഥത്തിലൊരു
ധവൻെറ തല്പവുമണയുവതില്ല" *

മഹർഷികൾ, ഭഗ്നസമാധികളായി തപസ്യയുടെഫലം കാല്ക്കൽ സമർപ്പിക്കുന്ന, മിഴിമുനകൊണ്ടു് ത്രിഭുവനങ്ങളും യൗവനവിവശമാക്കുന്ന, ആ സൌന്ദര്യധാമം ആരുടേയുമല്ല; എന്നാൽ എല്ലാവരുടേയുമാണുതാനും. മനുഷ്യഹൃദയത്താൽ സർവ്വദാ അനുഗമ്യമാനയാണെങ്കിലും ആരുടേയും പിടിയിൽപെടാതെഒഴിഞ്ഞുമാറുന്ന സ്വഭാവമാണു് ആ ദിവ്യതരുണിക്കുള്ളതു്. എപ്പോഴും പ്രേമവിഷയയാണെങ്കിലും, ഒരിക്കലും ദൃഷ്ടിവിഷയയല്ലാത്ത ഒരു മായാവിനിയാണു് ഉർവ്വശി. മാനവഹൃദയത്തിനു മത്തുപിടിപ്പിക്കുക ആ കുസൃതിക്കാരിക്കു് ഒരു ഉല്ലാസമാണു്. വിജൃംഭിതവും ശക്തവുമായ

* 'ജി' യുടെ വിവർത്തനം

ജലനിധിപോലും ആ റാണിയുടെ പാദതലത്തിൽ “മന്ത്രത്താലിണങ്ങിയ മഹാഭുജംഗമംപോലെ” “ഉത്തുംഗഫണാസമൂഹത്തെ ക്ഷണം നമിപ്പിച്ചു് പതിച്ചി”ട്ടുണ്ടു്. അത്രയ്ക്കു വശീകരണശക്തിയുണ്ടു് മാദകമായ ഉർവ്വശിയുടെ സൌന്ദര്യത്തിനു്.

ആ ദിവ്യാംഗനയുടെ ലാവണ്യത്താൽ മതിമറന്ന കവി,

“ഒരിക്കലും മൊട്ടായൊരു കുമാരിയാ-
യിരുന്നില്ലേ നിത്യതരുണിയാം ദേവി?”

എന്നുതുടങ്ങിയുള്ള അനേകം പ്രശ്നങ്ങൾ ആ കാമിനീതിലകത്തിന്റെനേരെ കോരിച്ചൊരിയുന്നു. ഉർവ്വശിയുടെ തിരോധാനത്താൽ നൈരാശ്യലേശംപൂണ്ട കവിഹൃദയത്തിൽനിന്നു് ഒടുക്കം പുറപ്പെട്ടിട്ടുള്ള ഊഷ്മളഗാനമാണിതു്.

“വരില്ലിനിയവൾ വരില്ലിനി; മാഞ്ഞു
നിറന്ന തേജസ്സു നിറഞ്ഞൊരാ മതി,
ചരമശൈലത്തെ വസതിയാക്കിനാൾ
സുരഭിമാസത്തിൻ സഹർഷശ്വാസത്തിൽ
വിമിശ്രമാകാനെന്തനന്തമാമേതോ
വിരഹത്തിൻനീണ്ട നെടുവീർപ്പില്ലെങ്കിൽ?
പരിണതചന്ദ്രമധുരരാത്രിയിൽ
ചിരിതുളുമ്പിക്കൊണ്ടുലകു നില്ക്കവേ,
വിദൂരത്തുനിന്നും മാരോന്മയസ്വാസ്ഥ്യ-
പ്രദമൊരു കോലക്കുഴൽ വിളിക്കുന്നു;
കുതിച്ചുചാടുന്നു മിഴിനീരെ;ന്നാലും
സ്വതന്ത്രയാകിയ സ്വരംഗനാമണേ!
കരയും പ്രാണന്റെ മിഴിനീരിലാശ
കുരുത്തു സോന്മേഷം തളിർത്തുനില്ക്കുന്നു!”

ഈ പംക്തികളിൽക്കാണുന്ന നേരിയ നിരാശത ജീവാത്മാവിന്റെ പരമാത്മപ്രാപ്തിക്കുള്ള കുതിപ്പിനെയാണു് കുറിക്കുന്നതു്. ഉർവ്വശി, രവീന്ദ്രനാഥന്റെ ഭാവനയിൽ, സ്ത്രീത്വത്തിന്റെ മാതൃകയായ “മോഹിനീശക്തി”തന്നെയാണു്; ആ സ്വർല്ലോകവനിത ലോകത്തിൽനിന്നു തിരോധാനംചെയ്തുകഴിഞ്ഞു. എന്നിട്ടും ആ വിലാസിനിയുടെ കാൽച്ചിലമ്പൊലി ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു. അദൃശ്യമെങ്കിലും ഉർവ്വശിയുടെ സനാതനമായ സത്തയാണു് ഈ വാസ്തവം വ്യക്തമാക്കുന്നതു്. ഇപ്പോഴും ആ സുരാംഗന, തന്റെ ആനന്ദസന്ദേശത്തെ, ബാഹ്യപ്രകൃതിയിലേയ്ക്കും അവളുടെ സൌന്ദര്യനിർഝരിയിൽ മജ്ജനം ചെയ്യാൻ വെമ്പുന്ന മാനവഹൃദയത്തിലേയ്ക്കും, അയച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ ഇന്ദ്രിയങ്ങളെ പുളകമണിയിക്കുന്നതാണു് ഉർവ്വശീസൌന്ദര്യം.

സൌന്ദര്യസാരവേദിയായ മഹാകവി വേറൊരു കവിതയിൽക്കൂടി ആ മോഹിനിയുടെ ലാവണ്യത്തെ പ്രകീർത്തിച്ചിട്ടുണ്ടു്. ലക്ഷ്മീദേവിയുടെ ആദ്ധ്യാത്മികസൌന്ദര്യത്തോടു ഉർവ്വശിയുടെ ഭൌതികസൌന്ദര്യത്തെ തട്ടിച്ചുനോക്കുകയാണു് ഇതിൽചെയ്തിട്ടുള്ളതു്. താദൃശമായ താരതമ്യവിചാരത്തിനു് ഔചിത്യമുണ്ടുതാനും. ഉർവ്വശിയും ലക്ഷ്മിയും ദേവാസുരന്മാരുടെ പ്രയത്നത്തിന്റെ ഫലമായി, പാലാഴിമഥനത്തിൽനിന്നു ജന്മമെടുത്തവരാണു്. രണ്ടുപേരുടേയും രഹസ്യം ഇന്നും മനുഷ്യഹൃദയത്തിനു് അജ്ഞാതവുമാകുന്നു.

ടാഗോറിന്റെ ആത്മാവു് പ്രേമത്തിൽക്കൂടിസൌന്ദര്യത്തിന്റെ ഭിന്നഭിന്നരൂപങ്ങളെ സന്ദർശിച്ചു് പരമാനന്ദമടയുന്നു. അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം ജീവിതംതന്നെ പ്രേമസ്വരൂപമാണു്. പൌരുഷത്തിന്റെ പരമസത്യമാണു് ആ ദിവ്യവികാരം. ഈ തത്ത്വം സാധന, Personality എന്നീ കൃതികളിൽ ക്രോഡീകരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ മതത്തിൽ, പ്രേമംവഴിക്കാണു് മനുഷ്യാത്മാ

വു് ബാഹ്യപ്രകൃതിയുമായി ഐക്യം പ്രാപിക്കുന്നതു്. പലപ്പോഴും വ്യക്തിഗതമായിരിക്കാമെങ്കിലും, അതു് മർത്ത്യജീവിതത്തിലെ ഏറ്റവും സൂക്ഷ്മമായ സ്പന്ദനത്തെപ്പോലും സ്പർശിക്കുന്നു.

പ്രിയതമയുടെ ഛായയെ സംബോധനം ചെയ്തുകൊണ്ടു് ടാഗോർ രചിച്ചിട്ടുള്ള കവിതയിലേയും കേന്ദ്രബിന്ദു പ്രേമംതന്നെയാണു്. കവിയുടെ ആ പ്രണയസർവ്വസ്വം കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ടു കാലം കുറെയായി. എന്നിട്ടും അദ്ദേഹത്തിന്റെ ജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു് ആ ഭാഗ്യവതിയുടെ പാവനസ്മരണയത്രേ. ഇവിടേയും നാം കാണുന്നതു് പ്രേമത്തിന്റെ പ്രാബല്യംതന്നെയാണു്.

പ്രണയത്തിന്റേയും ലാവണ്യത്തിന്റേയും മഹത്ത്വത്തെ ആവിഷ്കരിക്കുന്ന മറ്റൊരു കൃതിയാണു് ഷാജഹാൻ. ടാജ്‌മഹാളിന്റെ സംസ്ഥാപകനായ ചക്രവർത്തിയിൽ ടാഗോർ കാണുന്ന പ്രേമം സർവ്വാതിശായിയാണു്; ഈ കവിതയിലെ വാങ്മയചിത്രത്തിന്റെ കാമനീയകം ടാജ്‌മഹാളിന്റെ രാമണീയകത്തെപ്പോലും ഉല്ലംഘിക്കുന്നതാണു്. മറ്റൊരു കൃതിയിലും, മഹാകവി, പ്രേമത്തിന്റേയും സൗന്ദര്യത്തിന്റേയും മഹിമയെ ഇത്രത്തോളം ശക്തിമത്തായി പ്രകാശിപ്പിച്ചിട്ടില്ലെന്നു പറയാം.

വംഗവാടിയിലെ ആ പുംസ്കോകിലം എന്നെന്നേയ്ക്കുമായി പറന്നുപോയ്ക്കഴിഞ്ഞു. ഏതു നൂതനവിധിയിലേക്കാണു് 'ജീവനദേവത' അദ്ദേഹത്തെ ആഹ്വാനം ചെയ്യുന്നതെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, ഒന്നു തീർച്ചയാണു്: ശാദ്വലപ്രദേശം ഹരിതവർണ്ണവും, പുരന്ദരചാപം സപ്തവർണ്ണശബളവും, മാനവഹൃദയം പ്രേമസൗന്ദര്യാരാധകവും ആയിരിക്കുന്നിടത്തോളം കാലം, സാർവ്വജനീനപ്രേമത്തിന്റേയും അകൃത്രിമസൗന്ദര്യത്തിന്റേയും ഗായകനായ രവീന്ദ്രനാഥടാഗോർ നരലോകത്തിന്റെ ഹൃദയപീഠത്തിൽവച്ചു് അർച്ചിക്കപ്പെടുന്നതാണു്.

സാ. പ. ത്രൈ.

പൃഥിവിയുടെ ദുരാഗ്രഹങ്ങളെന്നപോലെ ഉയർന്നുയർന്നു് ആകാശത്തിലേയ്ക്കു പിടിച്ചുകയറുവാനത്യാർത്തിപ്പെടുന്ന വന്മരങ്ങളും, രാത്രിമുഴുവൻ വിങ്ങിവിങ്ങിക്കരഞ്ഞു രാവിലേ കണ്ണീരുമായി നിലംപറ്റിക്കിടക്കുന്ന പാഴ്പ്പുല്ലുകളുടെ കഥ എന്തറിയുന്നു!

*   *   *   *   *

ജീവിതമാകുന്ന മരുഭൂമിയിൽ മറവിയെ നട്ട ദൈവത്തിനു നാം നന്ദിപറയുക; അതിന്റെ തണലിൽ നമുക്കു വിശ്രമിക്കാം.

*   *   *   *   *

മരണത്തിന്റെ ഇരുളടഞ്ഞ നിഴൽപ്പാടത്രേ ജീവിതം; മൂങ്ങകളെപ്പോലെ ഇരുളിൽമാത്രം ജീവിക്കുവാനിഷ്ടപ്പെടുന്ന മനുഷ്യൻ മരണത്തെ കഠിനമായി വെറുക്കുന്നു!

*   *   *   *   *

വേരുകൾ മണ്ണിലും ശാഖകൾ വിണ്ണിലും സ്വാതന്ത്ര്യത്തെ അന്വേഷിക്കുന്നതിനാൽ വൃക്ഷം ജീവിക്കുന്നു!

*   *   *   *   *

അഭിലാഷം

[ചാലയിൽ രാമകൃഷ്ണപ്പണിക്കർ]

പാതിയും വിടൎന്നുള്ള പൂവിനെക്കണ്ടോരളി
പാടുന്നു, "വേഗം വിടരൊന്നു ഞാൻ പുണൎന്നോട്ടെ.

ഇന്നോളമെന്നും നിൻെറ സുന്ദരസങ്കേതത്തിൽ
നിന്നെയുമോൎത്താണിവൻ വന്നതെന്നറിക നീ

അന്യൂനസൗഷമ നിന്നംഗമാകവേ പര-
ന്നൊന്നുകാണുവാൻമാത്രം കൊതിച്ചുമരുവി ഞാൻ.

ഹന്ത! നിന്നാരാധകനാകുന്നൊ, രിവനോടി-
ന്നെന്തിനായ് മുഗ്ദ്ധേ, കാട്ടുന്നിമ്മട്ടിൽ ശാലീനത?"

"ലജ്ജയ,ല്ലാതങ്കമാ,ണെന്നുമെൻമുന്നിൽ കാണും
ദുശ്ചരിത്രത്തിൻ പുത്തൻ പല്ലവി പാടിക്കേൾക്കെ,

മന്മനം മഥിച്ചെത്തും മിഴിനീർ മരന്ദമായ്
സന്നസൽഗ്ഗുണികളാം നിങ്ങളെല്ലൂറ്റീടുന്നല്ലോ!"

'വിടരും മുമ്പായ് വിടഭ്രമരം കണ്ടീടാതൊ-
ന്നടരാനായിക്കൊച്ചുകുസുമം കൊതിക്കുന്നു!'

ആ ദിവ്യപ്രകാശത്തിൻെറ ഒരംശംപോലും നമുക്കു കിട്ടാത്തതെങ്കിൽ, അതിനെ മറയ്ക്കാൻ, നിറയെ എറുമ്പരിച്ച പാഴ്പഴമ്പുകളോടുകൂടിയ ആകാശപ്പരവതാനിയെത്തന്നെ തെരഞ്ഞെടുത്തതെന്തിന്?—നിയതിയുടെ ഒരു!

ടാൾസ്റ്റായി

(കെ. മുഹമ്മദലി ബി. എ., എൽ. ടി.)

“നിങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടിമാത്രം, വേണമെങ്കിൽ ഈ ലേഖനം പ്രസിദ്ധപ്പെടുത്താം. ആരു വായിക്കുവാനാണു ഈ ചണ്ടി റഷ്യൻസാഹിത്യം!” സുപ്രസിദ്ധനായ ഒരു ഫ്രഞ്ചുനിരൂപകന്റെ ലേഖനത്തിനു, പാരീസ്സിലെ ഒരു പത്രാധിപർ, പത്തൊൻപതാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ നൽകിയ ഒരു കുറിപ്പാണിതു്. ഫ്രഞ്ചു്, ജർമ്മൻ എന്നീ സാഹിത്യഗംഗകളുടെ പ്രവാഹത്തിൽ, ചുക്കാനില്ലാതിരുന്ന ഒരു ചെറുതോണിമാത്രമായിരുന്നു അന്നത്തെ റഷ്യൻസാഹിത്യം. മററു യൂറോപ്യൻസാഹിത്യങ്ങളുടെ സമ്മർദ്ദംമൂലം ഞെങ്ങിഞെരുങ്ങിയ അടിമ, ആരോഹണത്തിനുതകാത്ത ശക്തിഹീനമായ പ്രസ്ഥാനശ്രേണി, ആത്മപ്രകാശനത്തിനു ഇടമില്ലാത്ത പാരതന്ത്ര്യം—ഇതാണു അന്നത്തെ റഷ്യൻ സാഹിത്യം. ഇന്നോ? ഇതരസാഹിത്യങ്ങളെ അസൂയപ്പെടുത്തുന്ന പ്രഫുല്ലമായ പനിനീർപ്പൂവു്. ജീവചൈതന്യത്തിന്റെ ബഹിഃസ്ഫുരണം. ഇന്നലെ അടിമ; ഇന്നു സ്വതന്ത്രൻ. ഇന്നലെ പങ്കം; ഇന്നു പങ്കജം.

ആ റഷ്യൻസാഹിത്യത്തിന്റെ അപ്രതിഹതമായ ഉണർവ്വിലും ഉയർച്ചയിലും സൌവർണ്ണമായ ഒരദ്ധ്യായമുണ്ടു്. അദ്ധ്യായത്തിനു ഒരു കർത്താവുമുണ്ടു്. അദ്ദേഹമോ? വെറും ഒരു പട്ടാളക്കാരൻ. ചൂതുകളിക്കാരൻ. കളിയിൽ സർവ്വവും നഷ്ടപ്പെട്ടു. കടംവന്നു. മാനം വീണ്ടെടുക്കേണ്ടിവന്നു. പണംകൊടുത്തു മാനം സംരക്ഷിക്കുവാനായി, വിശ്രമവേളയിലെഴുതിയ “ലാസ് കസാക്കസ്സ്” എന്ന നോവൽ, മോസ്കോവിലെ ഒരു പത്രപ്രവർത്തകനു വിററു. അധമർണ്ണനായിരുന്ന “ലിയോ നിക്കൊളെവിച്ചു കൌണ്ടു ടാൾസ്റ്റായി” പ്രസ്തുത നോവൽകൊണ്ടു ലോകത്തെ തനിക്കു അധമർണ്ണമാക്കി. ജീവിക്കുവാൻവേണ്ടി അദ്ദേഹം എഴുതിയില്ല; എഴുതുവാൻവേണ്ടി ജീവിച്ചുമില്ല.

അദ്ദേഹം ലോകത്തെ വീക്ഷിച്ചു. നിരീക്ഷണംചെയ്തു. ചുററുമുള്ള ലോകം അദ്ദേഹത്തിൽ പ്രതിബിംബിച്ചു. അതു് അദ്ദേഹം കടലാസ്സിൽ പകർത്തി. വിദഗ്ദ്ധഭിഷഗ്വരൻ മനുഷ്യശരീരത്തെ പരിച്ഛേദനവ്യവച്ഛേദനങ്ങൾചെയ്തു ചിത്രങ്ങൾ വരയ്ക്കുന്നതു ചിത്രകലയിൽ പ്രാവീണ്യം സമ്പാദിക്കുവാനല്ല; മനുഷ്യനേയും അവന്റെ രോഗത്തേയുംകുറിച്ചു പഠിക്കുവാനാണു്. ടാൾസ്റ്റായി തന്റെ തുലികകൊണ്ടു കുറിക്കുമ്പോഴെല്ലാം അദ്ദേഹം ചോദിക്കുന്ന ചോദ്യം ഇതാണു്: “എനിക്കെന്തുകൊണ്ടു സുഖമില്ല? മററുമനുഷ്യർക്കും എന്നെക്കാൾ എന്തുകൊണ്ടു കൂടുതൽ സുഖമില്ല? അവർക്കു ഏതുമാർഗ്ഗേണ സുഖം നൽകുവാൻ കഴിയും?” അദ്ദേഹത്തിന്റെ സാഹിത്യസേവനം, ഈ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കലാണു്.

യോദ്ധാവിന്റെ ജീവിതത്തിൽ ടാൾസ്റ്റായിക്കു വിരക്തി ജനിച്ചു. തുലികയും ഖഡ്ഗവും ഒരേ ഒരു കരത്തെ ചിലപ്പോൾ

അലങ്കരിക്കാറില്ല. പർവ്വതനിരകൾക്കിടയിലും തണുത്ത മഞ്ഞുമൈതാനത്തിൻ മദ്ധ്യത്തിലും ഉള്ള ജീവിതം, നീറി എരിയുന്ന നൈരാശ്യത്തിനും ആത്മപരിശോധനയ്ക്കും അദ്ദേഹത്തിന് ഇടംകൊടുത്തു. തൻെറ ജീവിതത്തെ താൻതന്നെ, തൻെറ നീതിബോധത്തെ മാനദണ്ഡമാക്കിക്കൊണ്ടു പഠിച്ചു. നിർദ്ദാക്ഷിണ്യം ആത്മനിരൂപണംചെയ്തു. അതിൻെറ ഫലമാണു ബാല്യം, കൌമാരം, യൌവനം എന്നീ പ്രബന്ധങ്ങൾ.

യുദ്ധസേവനത്തെ ഉപേക്ഷിച്ചുകൊണ്ടു ടാൾസ്റ്റായി സെൻറ്പീറ്റേഴ്സ്ബർഗ്ഗ് പട്ടണത്തിൽ താമസമാക്കി. കൊട്ടാരജീവിതം അദ്ദേഹം കണ്ടു; പ്രഭുക്കന്മാരുടെ ജീവിതം അനുഭവിച്ചു. റഷ്യയുടെ ദേശീയജീവിതമിററിററുവീണു നശിച്ചുകൊണ്ടിരുന്ന ആ ഉവർമണ്ണിൽതന്നെ ടാൾസ്റ്റായിയും ജീവിച്ചു. മദ്യം, ചൂതുകളി, ഇവയോടനുബന്ധിച്ച മറേറ ലഹരി—ഇവയിൽ അദ്ദേഹം പങ്കുകൊണ്ടു. പക്ഷേ, ചുററുമുള്ള ജീവിതത്തെ അദ്ദേഹം കണ്ണു തുറന്നു വീക്ഷിച്ചുകൊണ്ടുതന്നെയിരുന്നു. വികാരപരമായ ജീവിതത്തിലെ ഒരു നടൻ, ഒരു സൂക്ഷ്മനിരീക്ഷകൻ—വൈജാത്യമുള്ള ഗുണങ്ങൾ സമ്മേളിച്ച ജീവിതം. അതാണ് അന്നത്തെ ടാൾസ്റ്റായി. "എനിക്കറിയാം," അദ്ദേഹം എഴുതുന്നു, "ഏററവും ഭയാനകങ്ങളായ കുററങ്ങൾക്കൂടിയും മറെറാരുദ്ദേശത്തെയും ലാക്കാക്കാതെ, വ്രണപ്പെടുത്തുവാൻ യാതൊരാഗ്രഹവുമില്ലാതെ ചെയ്യുന്നു വരാം. പ്രവർത്തനത്തിനു മാത്രമുള്ള, അതിസൂക്ഷ്മാവസ്ഥയിലുള്ള ഒരു ജിജ്ഞാസയാണതു്. ക്ലാന്തമായ ഭാവിയെ സംവീക്ഷിക്കുന്ന ഒരവസരം മനുഷ്യനില്ലണ്ടായേക്കാം. ആ ഘട്ടത്തിൽ ആ ഭാവിയെക്കുറിച്ചു പരിചിന്തനംചെയ്യുവാനുള്ള ധൈര്യം അവനെ വിട്ടൊഴിയുന്നു; കാര്യകാരണബോധം സുഷുപ്തിയെ പ്രാപിക്കുന്നു; ഭാവിയും ഭൂതവും തനിക്കില്ലെന്നുള്ള വിചാരത്തിനു താല്ക്കാലികമായിട്ടെങ്കിലും അവൻ വിധേയനാകുന്നു."

കഴിവുകളെക്കുറിച്ചു സ്വയം ബോധമുണ്ടായ റഷ്യയുടെ സ്ഥിതി, അവളുടെ സ്പഷ്ടീകൃതകിയ ഘടകങ്ങൾ, ആദർശലബ്ധിക്കവേണ്ടിയുള്ള ത്വരിതപ്രയാണം—ഇത്യാദി തീവ്രചിന്തകളാണ് ടാൾസ്റ്റായിയെ അലട്ടിക്കൊണ്ടിരുന്നതു്. പ്രസ്തുത മനോഗതിയുടെ സചേതനമായ രൂപമാണ് 'ഗേററപെയ്ക്സ്' (Guerreet paix) എന്നകൃതി. പൂർവ്വറഷ്യയുടെ യഥാർത്ഥപ്രതിഫലനം നാം അതിൽ കാണുന്നു. അതിലെ കഥാപാത്രങ്ങളുടെ പ്രവൃത്തികളും വാക്കുകളും സജീവമായ റഷ്യയുടേതാണ്. റഷ്യയുടെ അതിരുകളെ കവിഞ്ഞു മനുഷ്യലോകത്തെത്തന്നെ അതു ചിത്രീകരിക്കുന്നു. നമ്മേയും നമ്മുടെ അയൽവാസിയേയും നാം അതിൽ ദർശിക്കുന്നു. അത്രത്തോളം സാർവ്വലൌകികത്വം അതിനുണ്ടു്.

പൂർവ്വചരിത്രത്തെ വിട്ടു സമകാലീനജീവിതത്തെ ടാൾസ്റ്റായി നമുക്കു കാണിച്ചുതരുന്നതു "അന്നകരീനിനാ" (Anna Karenina) എന്ന കൃതിയിലാണ്. ഹൃദയത്തിൻെറ വ്രണങ്ങൾ, പൊങ്ങിമറിഞ്ഞു ആഞ്ഞലയ്ക്കുന്ന വികാരപരമ്പരകളുടെ ഇരമ്പിക്കയററം, റഷ്യയുടെ ആത്മീയതുള്ളൽ ഇതാണു 'അന്നകരീനിന.' ലവിനിൻെറ കലുഷിതമായ ആത്മാവു ഫെഡർഎന്ന കർഷകൻെറ ഉപദേശങ്ങളും ആദർശജീവിതവുംകണ്ടു പ്രശാന്തിയെ പ്രാപിക്കുന്നു. 1865-ൽ സമാരംഭിക്കപ്പെട്ട ഈ കൃതി 1877-ൽമാത്രമാണു പ്രസിദ്ധീകൃതമായതു്. എഴുതിയും മാററിയെഴുതിയും, മായ്ച്ചും മറിച്ചെഴുതിയും കാലചക്രം തിരിഞ്ഞു. സുന്ദരസുമം പൊട്ടി വിജൃംഭിക്കുവാൻ വേണ്ടിവരുന്ന കാലതാമസം!

ടാൾസ്റ്റായി വിശ്വവിഖ്യാതനായി. 'അന്നകരീനിനാ'യെ തുടർന്നുള്ള ഏതാനുംകാലം അദ്ദേഹത്തിൻെറ മാനസികസമരത്തിൻെറ ദശയായിരുന്നു. പരിഷ്കാരത്തിൻെറ

ഒരു പങ്കുവഹിക്കുന്നകല, പ്രണയം, ശാസ്ത്രം ഇവയെ കുത്തിമുറിവേല്പിക്കുന്നതിനാണു് അദ്ദേഹം ഇക്കാലത്തു തന്റെ തൂലികയെ വിനിയോഗിച്ചതു്. മത—യുക്തിവാദപ്രധാനങ്ങളായ പ്രബന്ധങ്ങൾ രചിക്കുന്നതിൽ അദ്ദേഹം ശ്രദ്ധപതിച്ചു. 'എന്റെ കുററസമ്മതം', 'എന്റെമതം' മുതലായ കൃതികൾ പ്രസിദ്ധീകൃതങ്ങളായി. സ്വയംകൃതമായ ചിന്താശൃംഖലയിൽ അദ്ദേഹം ബന്ധിക്കപ്പെട്ടു. അതിൽനിന്നും രക്ഷപ്രാപിക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമമത്രയും ചങ്ങലയുടെ കണ്ണികൾക്കു ബലംകൂട്ടുകയത്രെ ചെയ്തതു്. അദ്ദേഹം തന്റെ ആത്മാവിനെ പരിശോധിച്ചു. അതിന്റെ പ്രവൎത്തനത്തെക്കുറിച്ചു പരിചിന്തിച്ചു. കെട്ടഴിക്കുവാൻ ശ്രമിക്കുന്തോറും കെട്ടു മുറുകിക്കൊണ്ടേയിരുന്നു. താൻ കാമിക്കുന്ന വസ്തു എന്താണെന്നു അദ്ദേഹത്തിനുതന്നെ രൂപമില്ലാതായി. സുനിശ്ചിതമല്ലാത്ത ആദൎശത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ അദ്ദേഹത്തെ കൊടുങ്കാററിൽപെട്ട വഞ്ചിക്കു തുല്യമാക്കി. ഒരു കാൎയ്യത്തിൽ അദ്ദേഹത്തിനു ദൃഢവിശ്വാസമുണ്ടായിരുന്നു. നിലവിലിരിക്കുന്ന ഒന്നിലുമല്ല തന്റെ ആകാംക്ഷ. മററൊന്നിൽ. അദ്ദേഹത്തിന്റെ ചിന്താഗതി ബഹിൎഗ്ഗളിച്ചതു ചെറുകഥാരൂപത്തിലാണു്. നവീനകലാസരിണി. കലയെ കുററപ്പെടുത്തി കലയിലൂടെ സായുജ്യം. ഹൃദയം തുറന്നു ഹൃദയത്തിലൂടെ പ്രവഹിക്കുന്ന കഥകൾ. കാൎഷികജീവിതത്തെ ചിത്രീകരിക്കുന്നവ. അദ്ദേഹത്തിന്റെ ആത്മീയതൃഷ്ണയ്ക്കൊരു കുളൎമ്മ ലഭിച്ചു. വയസ്സു എഴുപതായി. ഭാവനയ്ക്കു മകുടം ചാൎത്തുന്ന ഒരു ആഖ്യായിക, "പുനരുത്ഥാനം," (Resurrection) അദ്ദേഹം പ്രസിദ്ധീകരിച്ചു. കലയെ വെറുത്തു; കലയിലേയ്ക്കു മടങ്ങി.

ജീവിതമത്രയും താൻ പ്രണയിച്ചിരുന്ന കൃഷകജീവിതത്തെ അദ്ദേഹം കൈക്കൊണ്ടു. തൂലികയേന്തിയകരത്തിനു കലപ്പയും വശംതന്നെ. കൃഷകന്റെ ജീവിതത്തെ, ജീവിച്ചു കാണിക്കുവാൻതന്നെ അദ്ദേഹം തീൎച്ചപ്പെടുത്തി. സാഹിത്യവ്യാപാരങ്ങൾക്കിടയിൽ കുട്ടികളെ പഠിപ്പിക്കുക, കന്നുകാലികളെ മേയ്ക്കുക, കൃഷിചെയ്യുക, ചെരിപ്പുണ്ടാക്കുക ഇത്യാദി ജോലികളെല്ലാം അദ്ദേഹം ചെയ്തുവന്നു. ആടുമേയ്ക്കുവാൻ ഒരിക്കൽ, താൻ പൊയ്ക്കൊള്ളാമെന്നു ഏറുപറഞ്ഞപ്പോൾ, ആട്ടിടയനാണതിനുത്തമൻ എന്നു ഗ്രാമവാസികൾ പറഞ്ഞു അദ്ദേഹത്തെ ചിരിപ്പിച്ചതായി ഒരു കഥയുണ്ടു്.

ടാൾസ്റ്റായിയുടെ വിദ്യാലയം സുപ്രസിദ്ധമാണു്. "ചിന്തിക്കുവാനുംഎഴുതുവാനും," അദ്ദേഹം എഴുതുന്നു, "ഞാൻതന്നെ കുട്ടികളെ പഠിപ്പിക്കണമെന്നാണെന്റെ ആഗ്രഹം. അവരെ ചിന്തിക്കുവാനും എഴുതുവാനും വിദ്യാലയത്തിൽവച്ചു ഞാൻതന്നെ പഠിപ്പിച്ചെങ്കിലേ മതിയാകൂ. നാം നമ്മുടെ ആദൎശത്തിനുവേണ്ടി മുന്നോട്ടു നോക്കുന്നു. പക്ഷെ അതു പിന്നിലാണു്...... ചിന്തിക്കാത്ത ജീവികളെപ്പോലെയാണു് അധികം ആരോഗ്യമുള്ളകുട്ടി. നിത്യമായ സത്യവും, നിത്യമായ സൌന്ദൎയ്യവും, നിത്യമായ നന്മയും ഏകഭാവത്തിൽ വിളയാടുന്ന ജന്തുക്കൾ സസ്യജാലങ്ങൾ പ്രകൃതി ഇവയെപ്പോലെ." ഈ ചിന്താസരിത്തിന്റെ സമുദ്രമാണു് അദ്ദേഹത്തിന്റെ വിദ്യാഭ്യാസാദൎശം. അന്ത്യകാലത്തു സമാരംഭിച്ച ആ വിദ്യാലയത്തിൽവച്ചാണു്, താൻ ചിന്തിക്കുവാൻ പഠിച്ചതെന്നു അദ്ദേഹംവിചാരിക്കുന്നു. വിജ്ഞാനത്തിന്റെ പരിധിതന്നെയും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പരിമിതമാണു്. കുറച്ചറിയുക—കുറച്ചു ചിന്തിക്കുക—ദൈവസാമ്രാജ്യം ഈ ലോകത്തു ദൎശിക്കുക—ഇതാണു് ടാൾസ്റ്റായിമതം. ദൈവസാമ്രാജ്യം എങ്ങനെ കൈവരുത്തും? സ്നേഹംകൊണ്ടും, സമരത്തെ ഉച്ചാടനംചെയ്തുകൊണ്ടും, വ്യവസായത്തെ പരിച്ഛേദിച്ചുകൊണ്ടും—ചുരുക്കത്തിൽ, പ്രകൃതിയിലേയ്ക്കു മടങ്ങുക; കൃഷകജീവിതം കൈക്കൊള്ളുക.

വീരകേരളം

[A Marching Song]

(എം. പി. അപ്പൻ, എം. എ; എൽ. ടി.)

(ബാൻറു മട്ട്.)

ജയജനിത്രി ജയജയ! — ജയജനിത്രി ജയജയ!
ജയജനിത്രി ലോകവന്ദ്യവീരപുത്രി ജയജയ!

ജയജനിത്രി ജയജയ! — ജയജനിത്രി ജയജയ!
ജയജനിത്രി ലോഭനീയ മാതൃഭൂമി ജയജയ!

ഭവികഭരിതസുലഭസുകൃതസുപ്രസന്നകേരളം
ഭാർഗ്ഗവീയഭാഗധേയഭാസമാനകേരളം.

നിയതവുംനിസർഗ്ഗജപ്രസാദസുഭഗസുഷമമായ്
നീലശൈലമാലചേർന്നുചേലിയന്നകേരളം.

അനന്തനിമേഷമഭിനവാശനൽകിടുന്നവീചിയാ-
ലംബുരാശിയോമനിച്ചുപുൽകുമെൻറകേരളം.

പരമ ലലിതതരുലതാവിതാനമാർന്നഭൂമിതൻ
പച്ചരത്നമാലപോലെമിന്നുമെൻറകേരളം.

ഭുവനകനകതിലകമായ് വിളങ്ങിടുന്നകേരളം
ഭൂരിഭൂതിഭൂഷയായ്ത്തിളങ്ങുമെൻറകേരളം.

തെരുതെരെന്നുമലർവിടർന്നുമണമെഴുന്നകേരളം
തേൻതുളുമ്പിമാൺപെഴുംപഴങ്ങളാർന്നകേരളം.

സുമഹിതങ്ങളുത്തമങ്ങളേലചന്ദനാദികൾ
സൗരഭംപടർത്തിടുംയശോധനാഢ്യകേരളം.

സ്ഫടികസുഷമചിതറിയുംസ്വതന്ത്രഗീതിപാടിയും
സ്വച്ഛസലിലമാർന്നപുഴകളൊഴുകുമെൻറകേരളം.

തെളിമചേർന്നൊരമൃതിയന്നകനകകുംഭമേന്തിടും
തെങ്ങിനങ്ങൾതിങ്ങിനിന്നുഭംഗിയാർന്നകേരളം.

പരഭൃതങ്ങളകമലിഞ്ഞുമുഗ്ദ്ധരാഗലഹരിയിൽ
പഞ്ചമംപൊഴിച്ചിടുന്നൊരെൻറവീരകേരളം.

K. JACOB THOMAS MEMORIAL SAMUDAYA PUBLIC LIBRARY
MANNARGHAT

മണൽവിരിച്ചുതണലിടുന്നപന്തലിച്ചതോപ്പിനാൽ
മാനസോന്മദംതരുംകളിമ്മപൂണ്ടകേരളം.

പുളകമാർന്നപുതുനിലാവിൽവിലസിടുന്നകേരളം
പൂർണ്ണസൗകുമാര്യകാന്തിപൂണരമെന്റെകേരളം.

അമൃതധാരകണ്ണിനെന്നുമരുളിയുല്ലസിക്കുവോ-
രംബുജാക്ഷിമാരെഴുന്നൊരൻപിയന്നകേരളം.

ജിതവികാരരുംവിലാസലോലരായിവാണിടാൻ
ജീവിതോത്സവംതരുംവിലോഭനീയകേരളം.

കവനലക്ഷ്മി,കനകലക്ഷ്മി—രണ്ടുപേരുമൊരുമയാൽ
കൈകൾകോർത്തുനർത്തനംതകർക്കുമെന്റെകേരളം.

സമതയാർന്നസഹജർപോലെസകലരുംവിളങ്ങുവാൻ
സാർവ്വലോകസൗഹൃദൈകശോഭപൂണ്ടകേരളം.

അളകയെന്നുകരുതിവന്നടുത്തവർക്കശേഷവും
ആർദ്രയായ്സമസ്തവുംകൊടുത്തവീരകേരളം.

പരമഹംസപുംഗവന്റെവിശ്വവിജയചിഹ്നമാം
പൊൻപതാകപൊങ്ങിനിൽക്കുമെന്റെവീരകേരളം.

പലയുഗങ്ങളിൽത്തകർത്തകാററുകൾക്കതീതമായ്
ഭദ്രദീപമിപ്പൊഴുംജ്വലിക്കുമെന്റെകേരളം.

ഒളിതിരണ്ടവാളിനാൽ,പ്രസിദ്ധിപൂണ്ടപേനയാൽ,
ഒപ്പമായ്പയററിടുംയുവാക്കളുള്ളകേരളം.

ധമനിയിൽത്തിളച്ചുപൊങ്ങുമതുലപൗരുഷത്തിനാൽ
ധർമ്മധീരരായെഴുംയുവാക്കളുള്ളകേരളം.

കറകളഞ്ഞുകരകവിഞ്ഞപൗരബോധഭാസ്സിനാൽ
കർമ്മവീരരായെഴുംയുവാക്കളുള്ളകേരളം.

ഉയിരുഴിഞ്ഞുമുലകിനുതവിചെയ്യുവാൻപ്രസന്നരായ്
ഉത്സുകത്വമാർന്നിടുംയുവാക്കളുള്ളകേരളം.

വിമലയുവഹൃദന്തരുധിരധാരയാലെധൈര്യമായ്
വീരചരിതമെഴുതിടുംകവീന്ദ്രരുള്ളകേരളം.

ജയജനിത്രിജയജയ! ജയജനിത്രിജയജയ!
ജയജനിത്രിലോകവന്ദ്യവീരപുത്രിജയജയ!

പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസം

(വിദ്വാൻ സി. പി. ശങ്കുപ്പിള്ള വി. ഒ. എൽ.)

I വിദ്യാഭ്യാസത്തിന്റെ ആദർശം.

ലോകചരിത്രത്തിൽ പ്രായേണ രണ്ടുതരം ജീവിതാദർശം കാണുന്നു. ഒന്നു പ്രവൃത്തിപരം. മറേറതു നിവൃത്തിപ്രധാനം. ആദ്യത്തേതിന്റെലക്ഷ്യം കായികവും ബുദ്ധിപരവുമായ 'പുരോഗതി'യെയും അതിൽനിന്നുണ്ടാകുന്ന 'പരിഷ്കാര'ത്തെയും സാധിക്കുന്ന ലൗകികസുഖാഭിവൃദ്ധിയാകുന്നു. അട്ടത്തതാകട്ടെ, ഏററവും പരിശുദ്ധമായ ഹൃദയത്തിൽനിന്നു സ്വാഭാവികമായി ഉണ്ടാകുന്ന ശാന്തിയെ—ആത്മസുഖത്തെ—ആണു് ലക്ഷ്യമാക്കുന്നതു്. എന്നാൽ, ഈ രണ്ടുതരം ആദർശവും പൂർണ്ണമല്ലെന്നു ചരിത്രം തെളിയിക്കുന്നു. ആദ്യത്തേതിന്റെ അപജയസ്വഭാവത്തിനു് ആധുനികലോകചരിത്രത്തിന്റെ ഘോരയാതനയെക്കാൾ വിശദമായ ഉദാഹരണം ആവശ്യമില്ലല്ലൊ. രണ്ടാമത്തതിന്റെ അപജയത്തിനു ദൃഷ്ടാന്തമന്വേഷിച്ചു ദൂരെയെങ്ങുംപോകേണ്ട. മധ്യകാലഭാരതചരിത്രംതന്നെ അതിനു ദൃഷ്ടാന്തം. പ്രാചീനഭാരതീയർ അവരിലുള്ള മൃഗാംശത്തെയും മനുഷ്യാംശത്തെയും ഈശ്വരാംശത്തെയും കണ്ടറിഞ്ഞിരുന്നു എന്നതിനു വൈദികചരിത്രം തെളിവാണു്. ശരിയായി ആരോഗ്യമുള്ള ഒരു ശരീരം, അതിൽ ഉൽകൃഷ്ടമായൊരു മനസ്സു്, അതിന്റെ ഫലമായി സുസ്ഥിരമായ ഒരാത്മശക്തി ഇവ അവർക്കു് ഉണ്ടായിരുന്നു. അന്നു് ഇവിടെ പല പരിശുദ്ധമതങ്ങളും ഉണ്ടായി. പല മഹാത്മാക്കളും ജനിച്ചു. ഭാരതചരിത്രം സുവർണ്ണലിപികളാൽ എഴുതപ്പെട്ടു. കാലം കുറേക്കഴിഞ്ഞു. മധ്യകാലഭാരതചരിത്രം തുടങ്ങി. ബുദ്ധമതപ്രഭാവം കുറയുന്ന കാലമാണതു്. നല്ലതു ഏതുകിട്ടിയാലും ദുഷിപ്പിക്കാൻ സാമർത്ഥ്യമേറുന്ന സാമാന്യലോകം ഭഗവാൻ ബുദ്ധന്റെ ധർമ്മത്തെയും ദുഷിപ്പിക്കതന്നെചെയ്തു. പ്രകൃതിയുടെ പരിവർത്തനസ്വഭാവം അതിന്റെ കഠിനപ്രവൃത്തിയും ആരംഭിച്ചു. ശപിക്കപ്പെട്ട ഏ. ഡി. എട്ടാംശതകം വന്നു. മനുഷ്യരുടെനിലമാറി. ലൗകികാവശ്യത്തെ അവർ അവഗണിച്ചു. 'നിവൃത്തി'യെന്നും 'നിർവ്വാണ'മെന്നും അല്ലാതെ ഒരു ചിന്തയും അവർക്കു ഇല്ലെന്നായി. ഈ ആദർശം സാമാന്യജനതയിൽ തലകീഴായി പ്രചരിച്ചു. അവർതൊഴിലിൽ അനാസ്ഥരായി. ആഹാരം കുറഞ്ഞു. ശരീരത്തിനു് ആരോഗ്യമില്ലാതെ ആയി. മനസ്സിനും വൈകല്യമുണ്ടായി. അസൂയ മുതലായ ദുർവ്വികാരങ്ങൾ പ്രബലങ്ങളായിത്തീർന്നു. മിത്രരാജ്യങ്ങൾപോലും തമ്മിൽ പിണക്കമായി. ഈ തക്കത്തിൽ ശക്തന്മാരും അരോഗദൃഢഗാത്രന്മാരുമായ വിദേശികൾ ഇൻഡ്യയെ ആക്രമിച്ചു കരസ്ഥമാക്കി. ഭാരതീയർ അടിമകളുമായി. പന്ത്രണ്ടുശതവർഷമായി ആയടിമത്തം ഇതാ തുടരുന്നു.

ഇപ്രകാരം നോക്കിയാൽ വെറും പ്രവൃത്തിപരവും കേവലംനിവൃത്തിപ്രധാനവുമാ

യജീവിതം അപജയത്തിലാണു കലാശിക്കുന്നതെന്നു കാണാം. അതിനാൽ, ജീവിതത്തിന്റെ രണ്ടു യഥാർത്ഥഘടകങ്ങളാണു് ശരീരവും ആത്മാവും എന്ന സത്യത്തെ മുൻനിറുത്തി ശാരീരികവും ആത്മീയവുമായ ലക്ഷ്യങ്ങളെ (മാനസികവും സാന്മാർഗ്ഗികവുമായ ആവശ്യങ്ങൾ ഈ രണ്ടു് ആദർശത്തിലും ഉൾപ്പെടുന്നുണ്ടല്ലോ) ഒന്നുപോലെ സമാദരിക്കുന്ന ജീവിതമാണു പരിപൂർണ്ണജീവിതം. അതിനെ സാധിക്കുന്ന വിദ്യാഭ്യാസമത്രേ യഥാർത്ഥവിദ്യാഭ്യാസം. അപ്രകാരം ഒരു വിദ്യാഭ്യാസമായിരുന്നു പ്രാചീനഭാരതത്തിനു ഉണ്ടായിരുന്നതു്. അതിനു തെളിവു് ഉപനിഷത്തുതന്നെ.

(1) "നായമാത്മാബലഹീനേനലഭ്യഃ"

(മുണ്ഡകം: 3: 2: 4:)

(ആത്മലാഭമാണു് ആത്യന്തികാവശ്യം. എന്നാൽ അതിനു് ഒന്നാമതായി വേണ്ട യോഗ്യത കായികമായും മാനസികമായും ബലവാനായിരിക്കുക എന്നുള്ളതാണു്. ബലമില്ലാത്തവനു് ആത്മലാഭം ഉണ്ടാവുകയില്ല.)

(2) "ഭൂത്യൈനപ്രമദിതവ്യം."

(തൈത്ത: ശിക്ഷ: 11-ാം അനുവാകം:)

(ഐശ്വര്യം സമ്പാദിക്കാനുള്ള ശ്രമങ്ങളിൽനിന്നു വിമുഖനായിരിക്കരുതു്.)

പ്രാചീനഭാരതീയർ ശാരീരികവും ആത്മീയവുമായ ആവശ്യങ്ങളെ ഒന്നുപോലെ ആദരിച്ചിരുന്നു എന്നുള്ളതിനു് ഈ അനുശാസനങ്ങൾ മതിയായ തെളിവുകളല്ലേ?

അതുകൊണ്ടു് ഒരു പരിപൂർണ്ണവിദ്യാഭ്യാസത്തെപ്പററിയുള്ള ആശയത്തിലെത്തിച്ചേരാൻ ചിന്താഗതി വഴികാണാതെ ഉഴലുന്ന ഈയവസരത്തിൽ അതിലേയ്ക്കു പല പ്രചോദനങ്ങളും സംഭാവനകളും നൽകാൻ കഴിവുള്ള പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസരീതി എന്തെന്നുകൂടി ചിന്തിക്കേണ്ടതു് പഴമയാണു പുതുമയുടെ ചരിത്രം നിർണ്ണയിക്കുന്നതെന്നു് അറിയാവുന്ന ഭാരതീയന്റെ കടമയാണല്ലോ.

II ഗുരുകുലവിദ്യാഭ്യാസം:—

ഗുരുകുലവിദ്യാഭ്യാസത്തിൽ കുലീനരും സുചരിതരും ആയവരുടെ കുട്ടികൾക്കുമാത്രമേ വിദ്യാഭ്യാസത്തിനു് അവകാശമുള്ളതായി പരിഗണിച്ചിരുന്നുള്ളു. കുട്ടിയുടെ സഹജവാസന എന്തെന്നു നിരീക്ഷണപരീക്ഷണങ്ങളാൽ വിവേകിയായ ഗുരുനാഥൻ അറിയുന്നു. ഹീനകുലത്തിലോ ദുരാചാരത്തിലോ ജനിച്ചവനാണെങ്കിൽത്തന്നെയും അവന്റെ സഹജവാസന സത്താണെങ്കിൽ അവനെ ഗുരുനാഥൻ സസന്തോഷം സ്വീകരിക്കും. "സത്യകാമജാബാലൻ" ഒരു വേശ്യാപുത്രനായിരുന്നിട്ടും അവന്റെ സത്യവ്രതവും വിജ്ഞാനതൃഷ്ണയും അടിസ്ഥാനപ്പെടുത്തി അവനെ ശിഷ്യനായി സ്വീകരിച്ചു ജ്ഞാനോപദേശംചെയ്തു "ഗൗതമ"നെപ്പററിയുള്ള ഔപനിഷദപരാമർശം ഇതിനൊരുതെളിവാണു്.

പഠിക്കുന്ന കാലമത്രയും കുട്ടി ഗുരുനാഥനോടു് ഒരുമിച്ചുതന്നെ പാർക്കണമെന്നാണു നിയമം. ഒരു നിമിഷംപോലും അദ്ദേഹത്തെ വേർപിരിഞ്ഞു് ഇരിക്കാൻ കുട്ടിയ്ക്കു് അവകാശം ഇല്ലായിരുന്നു. പ്രതിഫലത്തോടുകൂടിയും അല്ലാതെയും അദ്ദേഹം യുക്തംപോലെ ശിഷ്യരെ സ്വീകരിച്ചുപോന്നു. ഗുരുശിഷ്യബന്ധം പരിപാവനവും ദൃഢതരവുമായിരുന്നു.

ഗുരു എല്ലാക്കാര്യത്തിലും ശിഷ്യർക്കു് ഉത്തമദൃഷ്ടാന്തംതന്നെ ആയിരിക്കും. എപ്പോഴും എല്ലാക്കാര്യത്തിലും ഒരുത്തമദൃഷ്ടാന്തമായ മഹാത്മാവു്, ഒരു സർവ്വകലാവല്ലഭൻ, ഒരു സ്നേഹസ്വരൂപൻ, തെററിനെ നിർദ്ദയം വെറുക്കുന്ന ഒരു പുണ്യശാലി സർവ്വ

ദാ വിദ്യാർത്ഥികളുടെ മുൻപിൽ ഉണ്ടു്. അദ്ദേഹത്തെ അനുകരിക്കമാത്രമേ കുട്ടികൾക്ക ചെയ്യേണ്ടതായി ഉണ്ടായിരുന്നുള്ളു.

പുസ്തകപ്പാററകളായിരുന്നില്ല, അന്നത്തെ വിദ്യാർത്ഥികൾ. ജീവിതമായിരുന്നു അവരുടെ പാഠവിഷയം. ചുററും കാണുന്ന പ്രകൃതി—ഉജ്ജ്വലനായ സൂര്യൻ, ശീതളനായ ചന്ദ്രൻ, വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, അവയെ സൃഷ്ടിച്ച ഈശ്വരശക്തി എന്നിങ്ങനെയുള്ള പല അദ്ധ്യായങ്ങളും അടങ്ങിയ ആ മഹാഗ്രന്ഥം—ആയിരുന്നു അവൎക്ക പഠിക്കാൻ ഉണ്ടായിരുന്നതു്. ജീവിതത്തിൽ ഉതകാത്ത യാതൊരു ഗുളികയും അവൎക്ക വിഴുങ്ങേണ്ടിയിരുന്നില്ല. ജീവിതപ്രായോഗികതയായിരുന്നു അന്നത്തെ അദ്ധ്യാപനസിദ്ധാന്തം.

കുട്ടികളുടെ തരംതിരിപ്പു്, പ്രായത്തെക്കാൾ വാസനയെ പരിഗണിച്ചായിരുന്നു. ഒരേ വാസനയോടുകൂടിയ കുട്ടികളെ ഒരേ വൎഗ്ഗമായി തരംതിരിച്ചു് പ്രത്യേകവൎഗ്ഗത്തിനു പ്രത്യേകം ബോധനം നൽകിപ്പോന്നു.

ഇന്നത്തെപ്പോലെ ഇടുങ്ങിയ പരിധിയിൽ കുടുങ്ങിയ കെട്ടിടമായിരുന്നില്ല അവരുടെ സ്കൂൾ. അതു്, വിശാലമായ വൃക്ഷച്ചുവടോ, പ്രകൃത്യാ മനോഹരമായ തുറന്ന സ്ഥലവിഭാഗമോ ആയിരുന്നു. കുട്ടികളുടെ ജിജ്ഞാസയുണൎത്തി സ്വാഭാവികമായുണ്ടാകുന്ന അവരുടെ ചോദ്യങ്ങൾക്ക സമുചിതമായ സമാധാനം നൽകും. മനഃപക്വതയനുസരിച്ചു് അവരെ ഗ്രഹിപ്പിക്കേണ്ടതു ഗ്രഹിപ്പിക്കയും കൂടുതൽ അറിയാൻ അവൎക്കു് ആഗ്രഹമുണ്ടാക്കുകയും ചെയ്യും. എളിയ ജീവിതവും ഉയൎന്ന ചിന്തയും ആയിരുന്നു അവരുടെ ജീവിതനിയമം.

ഇപ്രകാരമുള്ള ഉൽകൃഷ്ടങ്ങളായ പ്രവൃത്തികളാൽ കുചേലകുബേരാന്തം ജനങ്ങൾ ഗുരുവിനെ ബഹുമാനിച്ചുപോന്നു.

ഇങ്ങനെയുള്ള വിദ്യാഭ്യാസത്തെ ചുരുക്കി ഒററവാക്കിൽ പറയുന്നു "ഗുരുകുലം" എന്നു്. "കുലം" എന്നതിനു് പരസ്പരബന്ധമുള്ള ആളുകൾ ഒരുമിച്ചു താമസിക്കുന്ന സ്ഥലം എന്നും അർത്ഥം ഉണ്ടല്ലോ. അപ്പോൾ, ഗുരുനാഥൻെറ കീഴിൽ സബ്രഹ്മചാരികളോടുകൂടിക്കഴിയുന്ന മേൽവിവരിച്ച ജീവിതവൃത്തിക്കാണു ഗുരുകുലമെന്നു പറയുന്നതു് എന്നു പദാർത്ഥംകൊണ്ടും സിദ്ധിക്കുന്നു.

ചുരുക്കത്തിൽ, ഈ ഗുരുകുലവിദ്യാഭ്യാസത്തെ ഏററവും പ്രയോജനപ്രദമായ ഒരു ഫലവൃക്ഷമായി സങ്കല്പിക്കാമെങ്കിൽ, സഹജവാസനയെ വേരിനോടും, ബ്രഹ്മചൎയ്യത്തെ തടിയോടും, സമുദായസേവനത്തെ ഇലയോടും, തൊഴിലിലുള്ള പ്രതിപത്തിയെ പൂവിനോടും, "ഒരു സമർത്ഥനാവുകയോടുകൂടി നല്ലവനാവുക"യെ ഫലത്തോടും, നിവൃത്തിയെ ഫലപക്വതയോടും, ഗുരുനാഥൻെറ ഉത്തമദൃഷ്ടാന്തം, സാത്വികാഹാരം, അനാഡംബരജീവിതം ഇവയെ കളയെടുപ്പു്, വളമിടീൽ, ജലസേചനം എന്നിവയോടും ഉപമിക്കാമെന്നു തോന്നുന്നു.

അപ്രകാരമുള്ള ഒരു ഗുരുകുലത്തിൽ നടന്ന ഒരു സാധനപാഠം എങ്ങനെ ആയിരുന്നു എന്നു നോക്കാം.

III ഗുരുകുലത്തിലെ ഒരു സാധനപാഠം.

ആചാര്യൻ, ശിഷ്യനായ ശ്വേതകേതുവിനോടു്:—

"ന്യഗ്രോധഫലമതആഹരേതി"

(ഒരു പേരാലിൻകാ കൊണ്ടുവരു)

ശിഷ്യൻ—"ഇദം ഭഗവ ഇതി"

(ഇതാ ഭഗവാനേ എന്നുപറഞ്ഞു)

ആചാ—"ഭിൻദ്ധീതി"

(പിളക്കുക)

ശിഷ്യൻ—"ഭിന്നം ഭഗവ ഇതി"

(പിളന്നു ഭഗവാനേ)

ആചാ—"കിമത്ര പശ്യസീതി"

(എന്തുകാണുന്നു?)

ശിഷ്യൻ—"അണ്വ്യ ഇവേമാധാ
നാ ഭഗവഇതി"

(അണുപരിമാണമായ ബീജങ്ങൾ കാണുന്നു ഭഗവാനേ)

ആചാ—"ആസാമങ്ങൈകാം
ഭിൻദ്ധീതി"

(ശ്രീമൻ, അവയിൽഒന്നിനെ പിളർക്കൂ)

ശിഷ്യൻ—"ഭിന്നാ ഭഗവ ഇതി"

(പിളന്നു ഭഗവാനേ)

ആചാ—"കിമത്ര പശ്യസീതി"

(ഇതിൽ എന്തുകാണുന്നു)

ശിഷ്യൻ—"ന കിഞ്ചനഭഗവഇതി"

(ഒന്നുംകാണുന്നില്ലല്ലൊ ഭഗവാനേ)

തത്വസമന്വയം

"തം ഹോവാചയംവൈ സോമ്യൈത മണിമാനം ന നിഭാലയസേ ഏതസ്യവൈ സോമ്യൈഷോ/ണിമ്ന ഏവം മഹാന്ന്യ ഗ്രോധസ്തിഷ്ഠതിശ്രദ്ധസ്വ സോമ്യേതി. സ യ ഏഷോ അണിമാ ഐതദാത്മ്യമിദംസവം. തത് സത്ത്യം. സ ആത്മാ തത്വമസി ശ്വേതകേതോ ഇതി."

ഛാന്ദോഗ്യം. 6-12.

ഗുരു ശിഷ്യനോടു പറഞ്ഞു:—"ശ്രേഷ്ഠ, ആ അണിമാവിനെ നീ കാണുന്നില്ല. എന്നാലും ആയണിമാവിൽനിന്നാണു് ഈ പേരാൽ ഉണ്ടായതെന്നു തീച്ച. അതു വിശ്വസിച്ചാലും! ഇതെല്ലാമായിത്തീന്ന അണിമാവു് ഏതോ അതാണു സത്യം. അതു് ആത്മാവാണു്. അതുതന്നെയാണു നീ"

ഇവിടെ, നാം ഓക്കണം, സ്വീകരിച്ചിട്ടുള്ള ഉപകരണം വെറുമൊരു ആലിൻകായാണെന്നു്. എന്നാൽ അതിൻെറ സമുചിതമായ പ്രയോഗംകൊണ്ടു് എത്തിച്ചേന്നതു് എവിടെ? ലോകോത്തരമായ ഒരു "തത്വ"സിദ്ധിയിൽ—അദ്വൈതസിദ്ധാന്തത്തിൽ—സകലചരാചരങ്ങളിലും അടങ്ങിയിരിക്കുന്ന പരാത്മചൈതന്യം ഒന്നാണെന്നും അതുതന്നെയാണു താൻ എന്നുമുള്ള ദിവ്യാനുഭൂതിയിൽ!

അതാണു് ഒരു ആലിൻകായിൽനിന്നു പ്രാചീനഭാരതീയൻ പഠിച്ച പാഠം, അത്ര സഫലമായിരുന്നു, പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസരീതി!—ഹെർബാട്ടിൻെറ പഞ്ചഘട്ടസിദ്ധാന്തത്തെ കമ്പിടുവിക്കുന്ന ആ പ്രാചീനവിദ്യാഭ്യാസരീതി!

എന്നാൽ ഇന്നോ? ഇന്നത്തെ ഇൻഡ്യ ബോധനോപകരണങ്ങൾക്കായി ഫ്രോബലിൻെറയും മാണ്ടിസ്സോറിയുടെയും കളിപ്പാട്ടങ്ങളെ തേടിപ്പിടിക്കുന്നു! പഠിപ്പിക്കാൻ ഒരുപകരണവും ഇൻന്തിൽ ഇല്ലത്രേ! എല്ലാം യൂറോപ്പിൽനിന്നു വരണം. എന്നിട്ടു എന്താണു പഠിച്ചതു്? "എഴുത്തച്ഛൻ പരമദ്രോഹി," "ശ്രീകൃഷ്ണൻ കള്ളകൃഷ്ണൻ" എന്നൊക്കെ തുടങ്ങി, "അച്ഛൻ കഴുത," "അപ്പൂപ്പൻ കോവർകഴുത," "അപ്പൂപ്പൻെറ അച്ഛൻ കൊക്കോവർകഴുത" എന്നുവരെ. ഇതാണു സാധാരണനായ ഒരു ഭാരതീയൻെറ പഠിച്ചതുചൊല്ലൽ. ഇവിടെയാണു ഭാരതത്തിൻെറ അടിമത്തം കിടക്കുന്നതു്. രാഷ്ട്രീയമായ അടിമത്തം അടിമത്തമല്ല. അതൊരു മാററം മാത്രമാണു്. ക്ഷണേ ക്ഷണേ മാറിപ്പോയിട്ടുള്ള ചക്രവത്തിവംശക്കാരെ ഭാരതം വളരെ കണ്ടിട്ടുണ്ടു്. എന്നാൽ സാമൂഹ്യമനഃസ്ഥിതിയുടെ ഈ അ

ടിമത്തം അന്ന് ഉണ്ടായിട്ടില്ല. ഈ അടിമത്തമാണ് അടിമത്തം. മറ്റെല്ലാ അടിമത്തങ്ങളെയും നിലനിറുത്തുന്ന സ്ഥായിയായ ഒരു അടിമത്തമനഃസ്ഥിതി! അതാണ് ഇന്നത്തെ വിദ്യാഭ്യാസരീതി ഇൻഡ്യയിൽ വരുത്തിവച്ച വമ്പിച്ച അനർത്ഥം.

എന്നാൽ, ഒരു കാര്യം നാം മറന്നുകൂടാ. ഇന്നത്തെ മഹാന്മാരുടെ ചിന്തയെ ആവിഷ്കരിച്ചിട്ടുള്ളതും, നല്ലതു് ഏതും എവിടെനിന്നും ശേഖരിക്കാൻ ശ്രമിച്ചിട്ടുള്ളതും ആശയപ്രകാശനത്തിന് അത്യന്തം ഉപകരിച്ചിട്ടുള്ളതും ആയ ഒരു സാർവ്വലൗകികഭാഷയുടെ അഭ്യസനത്തെയും, വ്യവസായതല്പരതയെയും, യുക്തിവിചാരത്തെയും ഇന്നത്തെ വിദ്യാഭ്യാസരീതി വർദ്ധിപ്പിച്ചിട്ടുണ്ടെന്നു തീർച്ചയാണ്. ആ നിലയിൽ ആധുനികവിദ്യാഭ്യാസരീതിയോടു ഭാരതം വളരെ കടപ്പെട്ടിട്ടുമുണ്ട്. എന്നാൽ അതോടുകൂടിത്തന്നെ, നാം കണ്ടതുപോലെ, അതു ഭാരതീയസംസ്കാരത്തിന്റെ നാടാവിന്മേൽ കത്തിവച്ചുകഴിഞ്ഞു എന്നും നാം മറന്നുകൂടാ. ഇന്നത്തെ സാധാരണനായ ഒരു ഭാരതീയന് സ്വന്തം പാരമ്പര്യം ഇല്ല. അതിൽ അവന് അഭിമാനവും ഇല്ല. അവൻ ആശിക്കുന്ന മറ്റൊരു പാരമ്പര്യം അവനു കിട്ടിയതുമില്ല. ഇങ്ങനെ രണ്ടു് ഇല്ലായ്മകളുടെ നടുവിൽനിന്ന് വിഷമിക്കുകയാണ് അയാൾ. അവിടെയാണ് ഇന്നത്തെ വിദ്യാഭ്യാസരീതി ഇൻഡ്യയെ എത്തിച്ചിരിക്കുന്നതു്. ആ നിലയിൽ നിന്നുകൊണ്ടുവേണം നമ്മുടെ പൂർവ്വികവിദ്യാസമ്പ്രദായത്തിലേയ്ക്ക് ഒന്നു തിരിഞ്ഞുനോക്കാൻ.

വെറും ഒരു ആലിൻകുരു ഉപകരണമായി എടുത്തുകൊണ്ട് ലോകോത്തരമായ ദിവ്യതത്ത്വം പ്രായോഗികമായി കാണിച്ചുകൊടുത്ത ആ അധ്യാപനരീതിപോലെ ഒന്ന് ഈ ലോകത്തിൽ എവിടെ ഉണ്ടായിട്ടുണ്ട്?

യഥാർത്ഥമായ ഗുരുശിഷ്യബന്ധത്തിന്റെ ദാർഢ്യം ഭാരതീയഗുരുകുലത്തിൽ കാണുന്നതുപോലെ വേറെ എവിടെ കണ്ടിട്ടുണ്ട്?

ഇനിയും തെളിയിക്കപ്പെടേണ്ടയാവശ്യം ഇല്ലാത്ത ഒരു തത്ത്വശാസ്ത്രസംഹിത ഭാരതഭൂമിയിൽ ഉള്ളതുപോലെ മറ്റ് എവിടെ ഉണ്ട്?

ആ പാരമ്പര്യത്തെ പരിഹസിക്കാതിരിക്കട്ടെ! ചരിത്രത്തെ നിന്ദിക്കാതിരിക്കട്ടെ! ഭാവിതലമുറകളാൽ നാം ശപിക്കപ്പെടാതിരിക്കട്ടെ!

അയ്യായിരം വർഷത്തെ അതിജീവിച്ചെങ്കിലും ഇന്നും അന്യൂനഭാസ്സോടുകൂടി പരിലസിക്കുന്ന ആ ഭാരതീയസാധനപാഠം ഭാരതീയരുടെ ആധുനികവിദ്യാഭ്യാസപരിഷ്കരണശ്രമത്തിൽ കാലാനുകൂലമായി വേണ്ട പ്രചോദനം നൽകുമാറാകട്ടെ!

പനിനീർപ്പൂവിന്റെ ഇതളെണ്ണുവാൻ സഹൃദയനു സമയമില്ല; അതു വേണമെങ്കിൽ നിരൂപകൻ ചെയ്തുകൊള്ളട്ടെ!

* * * * *

ഒരു തുള്ളി വെള്ളത്തിനുവേണ്ടി എരിപൊരിക്കൊള്ളുന്ന മണൽപ്പുറം, പിന്നെ, ആകാശം കാണുവാൻ കൊതിക്കുകയായി!

പ്രവാചകൻ

(കാപ്പിൽ, കെ. പി. കേശവൻ ബി. എ., ബി. എൽ.)

സ്വയമൊരു നിരക്ഷരജ്ഞാനിയായ് ശാശ്വത-
പ്പൊരുളുതടവും സത്യസാരങ്ങളോതിയോൻ,
ഒരുചെറിയപച്ചപ്പതാകതൻ ചോട്ടിലീ-
യുലകിനഖിലം ശാന്തിതൻ തണലേകിയോൻ,
അവനുടയ കർമ്മസന്ദേശം ചുമന്നിതാ
പടിയിലണവൂ പടിഞ്ഞാററൻ മരുത്തുകൾ.
നരകുലമഹത്ത്വത്തിനാഴംകുറിക്കുമാ-
ഗ്ഗുരുചരിതമിദ്ധാത്രിതാങ്ങിനില്ക്കാകണം!
ജനനമരണങ്ങൾതൻ ഭൗമസീമയ്ക്കക-
ത്തതിരുകളൊതുങ്ങാത്ത വിശ്വപ്രകാശമേ,
കൊടിയപരമാർത്ഥങ്ങൾ നേരിട്ടു വെന്ന നിൻ
കൊടിയിഹ പറക്കുന്നു മണ്ണിലും വിണ്ണിലും.
പെരിയനരവംശോദ്ധൃതിക്കാ,യൊഴിഞ്ഞൊരു
മരുതലമതിൽച്ചെന്നു ജന്മം വരിച്ചു നീ;
ഉലകിനരുമോഹാന്ധ്യമാററും മഹസ്സിനായ്
ഭയദമിരുൾതിങ്ങും ഗുഹാന്തത്തിൽ വാണുനീ;
പലവഴിപലായനംചെയ്തു, ഖഡ്ഗത്തിൽനി-
ന്നഭയമൊരു ലൂതാദുകൂലത്തിലാർന്നുനീ;
അരുതു വിവരിക്കാൻ; മഹാത്മാക്കൾ തൻകർമ്മ-
ഗതിയുലകിനെന്നും വിചിത്രമെന്നോവതു.
മനുജകുലമാകെനീയേകമെന്നെണ്ണവേ,-
യുലകിനൊരുദൈവ;മില്ലന്യമെന്നോതവേ,
വഴിപതറിമാലാർന്നലോകം തവാദർശ-
രുചിയിലൊരു പൊൽക്കൈവിളക്കെടുത്തുവിഭോ.
പൊലിമയൊടു നീണ്ടുനീണ്ടെത്തും തവാഭയിൽ
കടലുമിഹ കുന്നും സമാനം, സഹോത്ഭവം.

* * *

ഇരുൾനിരകൾ കീറിത്തെളിഞ്ഞശൃംഗത്തോടു-
മുയരുമൊരുപൂർവ്വദിക്കിന്റെ തിങ്കൾക്കലേ,
ഋഷിജനനിഭാരതം കത്തിച്ചുവച്ചുള്ള
നിഗമമണിദീപം ജ്വലിക്കുമെൻവേദിയിൽ
മനുജകൃതപാശം മുറിച്ചുനിൻനിർഭേദ-
നിറകതിരുമുൻപൊന്നുകുമ്പിട്ടിടട്ടെ ഞാൻ!!

'കരുണ'യിലെ കായികപരിവൎത്തനം

(പി. ദാമോദരൻപിള്ള, ബി. എ.)

കരുണ, പിംഗള, മഗ്ദലനമറിയം എന്നീ മൂന്നു കാവ്യങ്ങളും അനേകം ഭാവുകന്മാരുടെ താരതമ്യപഠനത്തിനു വിധേയമായിക്കഴിഞ്ഞു. എന്നാൽ കരുണയും മററു രണ്ടുകാവ്യങ്ങളും തമ്മിൽ മൌലികമായി സംഭവിച്ചിരിക്കുന്ന ഒരു വ്യത്യാസം ആരുംതന്നെ ഇതുവരെ വ്യക്തമാക്കിയതായി കണ്ടിട്ടില്ല. കരുണയിൽ വാസവദത്തയ്ക്കുണ്ടാകുന്ന പരിവൎത്തനം കായികവും, പിംഗള, മഗ്ദലനമറിയം എന്നിവക്കുണ്ടാകുന്ന പരിവൎത്തനം മാനസികവും അഥവാ ആന്തരികവും ആണെന്നുള്ളതാണ് ആ വ്യത്യാസം. വാസ്തവത്തിൽ പിംഗള, മഗ്ദലനമറിയം എന്നീ കാവ്യങ്ങൾ താരതമ്യസാദ്ധ്യങ്ങളാണെങ്കിൽ കരുണ അവയുടെ വൎഗ്ഗത്തിൽ ഉൾപ്പെടുന്നതേയില്ലെന്നും, തന്നിമിത്തം അതു് താരതമ്യത്തിനു് കീഴടങ്ങുന്നില്ലെന്നും കാണിക്കാൻ ആ മഹത്തായ വ്യത്യാസം മതിയാകുമെന്നാണ് തോന്നുന്നതു്.

വാസവദത്ത കരചരണശ്രവണനാസികകൾ മുറിയ്ക്കപ്പെട്ടു് ചുടുകാട്ടിൽ കിടക്കുമ്പോൾ ഉപഗുപ്തൻ അവിടെയെത്തി സദുപദേശങ്ങളാൽ അവളെ മാനസാന്തരപ്പെടുത്തി നിൎവ്വാണയോഗ്യയാക്കിത്തീൎത്തു എന്നാണ് കവി നമ്മെ മനസ്സിലാക്കുന്നതു്. കരചരണശ്രവണാദികൾ മുറിക്കപ്പെടുകയാലും, തന്നിമിത്തംദുൎവ്വാരമായ ഒരു അവശതയിലകപ്പെടുകയാലും ഒരാൾക്കു് മാനസാന്തരം ഉണ്ടാകുമോ? ഉണ്ടാകാം എന്നുതന്നെ ഇതിനു് സമാധാനം പറയേണ്ടിയിരിക്കുന്നു. ആഹാരം കഴിക്കാതെ വെറും പട്ടിണിമൂലം ഒരുവന് വിഷയസുഖങ്ങളിൽ വിരക്തിതോന്നുന്നതു് സാധാരണമാണ്. പക്ഷേ ആ വിരക്തി വെറും താൽക്കാലികം മാത്രമായിരിക്കുമെന്നു് ജീവികളുടെ സ്വഭാവം അറിയാവുന്നവർ സമ്മതിക്കാതിരിക്കയില്ല. എന്തെന്നാൽ പട്ടിണിയാൽ ക്ഷയിച്ച ധാതുക്കൾ വീണ്ടും ആഹാരം, ചികിത്സ മുതലായവയാൽ തളിൎത്തു് പുഷ്ടിക്കുമ്പോൾ വിഷയസുഖാദികളിലുള്ള ആസക്തിയും അവയോടൊന്നിച്ചു് പുഷ്ടിക്കുന്നതാണ്. തന്നിമിത്തം കായികമായ ഒരു പരിവൎത്തനം സ്ഥായിയായ ഏതെങ്കിലും മാനസാന്തരത്തിനു് പററിയതായി മഹാകവികൾ ഗണിച്ചിട്ടില്ല. മഗ്ദലനമറിയത്തിനും, പിംഗളയ്ക്കും കായികമായി യാതൊരു ഭംഗവും നേരിടാതിരുന്ന അവസരത്തിൽ അവൎക്കു മാനസാന്തരംവന്നതു്, അക്കാരണത്താൽ വാസവദത്തയുടെ മാനസാന്തരത്തേക്കാൾ സഹൃദയലോകത്തിനു് സമ്മതമായിരിക്കേണ്ടതാണ്. നേരെമറിച്ചാണ് അനുഭവമെങ്കിൽ നമ്മുടെ സഹൃദയലോകം കുറെ വിചിത്രമാണെന്നുമാത്രമേ വിചാരിക്കാനുള്ളു.

വാസവദത്തയ്ക്കു യഥാൎത്ഥമായിത്തന്നെ മാനസാന്തരത്തിനു് വേണ്ട വഴികൾ

നേരത്തെ ഉണ്ടായിരുന്നുഎന്നു് ഒരുകൂട്ടർ ഉടൻ വാദിക്കുമെന്നു് അറിയായ്കയില്ല. എന്തെന്നാൽ, ഉപഗുപ്തനെപ്പററി അവൾക്കു ആദ്യംതന്നെ ഒരു അഭിനിവേശം തോന്നിയിരുന്നില്ലേ? "വ്യർത്ഥമായ്ത്തോന്നുകഷ്ടമവൻകാണാത്തെനിക്കുള്ള നൃത്തഗീതാദികളിലെ നൈപുണിപോലും" എന്നും, "അർത്ഥഭാണ്ഡങ്ങൾതൻകനംകുറഞ്ഞുപോകുന്നു,തോഴീ, ഇത്തനുകാന്തിതൻ വിലഇടിഞ്ഞീടുന്നു" എന്നും മററും വിലപിക്കുന്ന വാസവദത്ത കായികമായ മേന്മയേത്തന്നെ നിസ്സാരമായി ഗണിക്കുകയല്ലേ ചെയ്യുന്നതു്? ഒരുപക്ഷേ, അവൾക്കു് ആത്മീയമായ അവസാനപരിവൎത്തനത്തിനും, നിർവ്വാണത്തിനും പററിയ നിർവ്വേദം തന്നെ ഉണ്ടായിക്കഴിഞ്ഞെന്നു് മേൽപ്പറഞ്ഞ വരികൾ തെളിയിക്കുന്നുമുണ്ടായിരിക്കണമല്ലോ. ആ സ്ഥിതിക്കു് അവളുടെ മാനസാന്തരം ആന്തരികമല്ലായിരുന്നു എന്നു് എങ്ങനെ വിധിക്കാം.?

മേൽക്കാണിച്ച വാദത്തിൽ ചില അപകടങ്ങൾ അന്തർഹിതമാണെന്നുള്ളതാണു് ഇവിടത്തെ പ്രയാസം. എന്തെന്നാൽ തനിക്കു് പ്രേമം തോന്നുന്ന ഒരു പുരുഷൻ തന്നെ സ്നേഹിക്കുന്നില്ലെന്നോ, കൈവെടിയുന്നു എന്നോ തോന്നിയാൽ ലോകംമുഴുവൻ അന്ധകാരമയമായിത്തീൎന്നുഎന്നും, സൂൎയ്യചന്ദ്രന്മാർ പൊട്ടി അടൎന്നു് വീണു എന്നും, ആഹാരം വേണ്ടെന്നും ആയുസ്സുപോലും നഷ്ടപ്പെടുത്തിക്കളയുന്നതാണു് ഉത്തമമെന്നും തോന്നുന്നവരും, ചിലപ്പോൾ ആത്മഹത്യചെയ്യുന്നവരുമായ സ്ത്രീകൾ ധാരാളമുണ്ടു്. അതെല്ലാം ഈശ്വരോന്മുഖമോ മോക്ഷോന്മുഖമോ ആയ നിൎവേദമാണെന്നു് എങ്ങനെ കരുതാം? ഉപഗുപ്തൻ ഒരു സന്യാസിയായതുകൊണ്ടുമാത്രം അയാളോടുതോന്നിയ "ഒരുവക" പ്രേമം അഥവാ കവിയുടെയും ഉപഗുപ്തൻെറയും ഭാഷയിൽ പറഞ്ഞാൽ വെറും അന്ധകൂപത്തിലെ ഒരു നേരിയ കിരണംമാത്രമായ പ്രേമം എങ്ങനെ പാരത്രികമായിത്തീൎന്നു എന്നു കണ്ടുപിടിക്കാൻ അത്ര എളുപ്പമില്ല. ഒരുവൻ എത്രതന്നെ ഉൽകൃഷ്ടനാകട്ടെ, അവനെ ഒരു വിശിഷ്ടഭോജ്യമെന്ന നിലയിൽ എണ്ണുന്നവേശ്യ ഐശ്വരമായ പ്രേമവിശേഷത്തെപ്പററി എന്തറിഞ്ഞു? എന്നാൽ നമ്മുടെ ചില സാഹിത്യപ്രേമികൾക്കു് ആരുടെ എന്തൊരു താല്ക്കാലികനൈരാശ്യവും ഈൎഷ്യയും ഐശ്വരമായ പ്രേമത്തിനടിസ്ഥാനമാണെന്നു വിശ്വസിക്കാൻ ഒരു പ്രയാസവുമില്ല. കാമുകനുവേണ്ടി ആത്മഹത്യചെയ്യാൻതുടങ്ങുന്ന ഒരു സ്ത്രീ ഒരു പക്ഷേ മറെറാരു മുഹൂൎത്തത്തിൽ അതേകാരണം ശേഷിച്ചിരുന്നാൽതന്നെയും അതിനു് തുനിഞ്ഞില്ലെന്നുവരാം. പല ആത്മഹത്യകളുടെയും, കൊലകളുടെയും, മററു കടുംകൈകളുടെയും പിന്നിൽ ഈ വാസ്തവം ഒളിഞ്ഞും ചിലപ്പോൾ തെളിഞ്ഞും കാണപ്പെടുന്നതാണു്. ഉപഗുപ്തനെ കാണുന്നില്ലെന്നായപ്പോൾ വാസവദത്തയ്ക്കു തോന്നിയ നിൎവേദം അതുപോലെ ഒരു ക്ഷണികവികാരമായിരുന്നു എന്നും, അതിനു് ആത്മീയപരിവൎത്തനവുമായി ബന്ധമൊന്നുമില്ലെന്നും അവളുടെതന്നെ അനന്തരചരിത്രം തെളിയിക്കുന്നു.

മഗ്ദലനമറിയത്തിനും പിംഗളയ്ക്കും ഇങ്ങനെയൊരു അപാകംനേരിട്ടിട്ടില്ലെന്നു്കാണാൻ പ്രയാസമില്ല. മഗ്ദലനമറിയം ഒരു ലോകഗുരുവിൻെറ വാക്കുകൾകേട്ടു് സ്വജീവിതത്തെപ്പററി സ്വയം ചിന്തിക്കാൻ തുടങ്ങി. അതോടുകൂടി അവളുടെ ജീവിതത്തിലെ മലിനതകൾ ആകപ്പാടെ അവളുടെതന്നെ ദൃഷ്ടിയിൽ പെടുകയും, അവയെ ഗൎഹിക്കാൻ അവൾക്കു് കഴിവുണ്ടാകയും ചെയ്യുന്നു. അവയുടെ ബീഭത്സതകണ്ടു് "നാരിപ്പുൺപയ്യോ! ഞെട്ടങ്ങിപ്പോയി!" ഒരുപക്ഷേ നമ്മുടെ ശരീരാന്തർഭാഗ

ത്തിൽ എന്തെല്ലാം വൃത്തികേടുകൾ ഉണ്ടെന്നു് ഭാവനചെയ്യുന്നവർക്കെല്ലാം ഈ നടുക്കംഅനുഭവപ്പെട്ടിരിക്കണം. "അവികലമലമൂത്രമാംസപിണ്ഡം" എന്നുപറയുമ്പോൾതന്നെ ആർക്കാണു് ഒരു ജുഗുപ്സ തോന്നാത്തതു്? അതുപോലെ ഒരു കാഴ്ചയാണു് സ്വജീവിതം അഭിമുഖമായിക്കണ്ട മദലനമറിയത്തിനുണ്ടായതു്. ഇതു് കായികമായി വെളിയിൽനിന്നുഏറ്റ ഒരു മർദ്ദനത്തിന്റെ ഫലമല്ല, മാനസികമായി സ്വയം ഉത്ഭവിച്ച ഒരു പരിവർത്തനത്തിന്റെ ഫലമാണു്. സ്വയം ഉള്ളിൽനിന്നുണ്ടാകുന്ന പരിവർത്തനങ്ങൾതന്നെയും വിപരീതപരിതഃസ്ഥിതികളിൽവിഫലങ്ങളായിത്തീർന്നേക്കാമെന്നിരിക്കെ, വെറും കായികമായുണ്ടായ അവശത സ്ഥായിയായ ഒരു മാനസികപരിവർത്തനത്തിനു് തീരെ പര്യാപ്തമല്ലെന്നു് വ്യക്തമാണു്. വാസവദത്തയ്ക്കു നേരിട്ട കായികമായ അവശതയിൽപോലും മാനസികമായ ഒരു പരിവർത്തനത്തിന്റെ ആവശ്യം അവൾ മനസ്സിലാക്കിയിരുന്നതേയില്ല എന്നാണു് അവളുടെ അപ്പോഴത്തെ ചേഷ്ടാവിശേഷങ്ങൾ വെളിപ്പെടുത്തിയതു്. ഒരുവനു സ്വയം അഭിനിവേശം തോന്നാത്ത കൈവല്യം നൽകാൻ ഈശ്വരനുപോലും സാധിക്കയില്ലെന്നിരിക്കെ ആശാനും ഉപഗുപ്തനുംകൂടി വാസവദത്തയിൽ അതു് അടിച്ചേല്പിച്ചതാണു് ഒരു നേരമ്പോക്കു്. ആ ഘട്ടത്തിൽ കാവ്യമല്ല, കാവ്യരൂപേണയുള്ള ഒരു പിള്ളകളിയാണു് നാം കാണുന്നതു്. ജീവിതത്തിന്റെ ജീവനാഡിയായുള്ള തത്വങ്ങൾ ചീന്തിപ്പറിച്ചു് എത്രത്തോളം ബലികഴിച്ചിട്ടാണു് കവി ആ കളി കളിച്ചതെന്നോർക്കുമ്പോൾ "കരുണ"എന്നകാവ്യം ഉണ്ടാകാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നുകൂടി തോന്നിപ്പോകുന്നു. പിംഗളയുടെ കാര്യത്തിൽ ഉള്ളൂരിനും മേൽകാണിച്ച അപകടം സംഭവിച്ചിട്ടില്ല. എന്തെന്നാൽ പിംഗളയ്ക്കു എന്തുകൊണ്ടായാലും മാനസികമായ ഒരു പരിവർത്തനം സ്വയം നേരിടുന്നതു് കാണിച്ചുതരാൻ കവിയ്ക്കു സാധിച്ചിട്ടുണ്ടു്. എന്നുതന്നെയല്ല, ഒരംശത്തിൽ അദ്ദേഹം വള്ളത്തോളിനെയും ആശാനെയും അതിശയിക്കുകപോലും ചെയ്യുന്നു എന്നാണു് തോന്നുന്നതു്. സ്വയം മാനസാന്തരം വന്നുതുടങ്ങിയ ഒരാളിനു് ഒരു ദിവ്യന്റെ സാന്നിദ്ധ്യത്തിനുപകരം ഒരു ചിത്രംപോലും മതിയാകുന്നതാണെന്നു് അദ്ദേഹംവെളിപ്പെടുത്തുന്നു. സ്വയം നന്നാകാൻ മനസ്സില്ലാത്തവനു് ഈശ്വരൻതന്നെ പ്രത്യക്ഷപ്പെട്ടാലും ഒരു വിശേഷവുമില്ല. നേരേമറിച്ചുള്ളവനു് ദിവ്യന്മാരും ഗുരുക്കന്മാരും വഴിതെളിച്ചുകൊടുക്കുന്ന വിളക്കുകാലുകൾമാത്രമാകുന്നു. പിംഗളയുടെ വിചാരവികാരങ്ങൾക്കു ശക്തി വർദ്ധിക്കാൻ ആ വിളക്കുകാലായിത്തീർന്നതു് ഒരു ശ്രീരാമചിത്രം മാത്രം! ഒരു ഉപഗുപ്തനോ, ക്രിസ്തുവോ ഉണ്ടായിരുന്നാൽമാത്രമേ ഒരുവൻ നന്നാകയുള്ളു എന്നു നിർബന്ധമില്ല. ഇവിടെ ആരുടെയും പരിവർത്തനം എന്തുകൊണ്ടായാലും ഉള്ളിൽനിന്നുതന്നെ ആണു് ഉണ്ടാകേണ്ടതെന്നുള്ള അനിഷേദ്ധ്യമായതത്വം കൂടുതൽ സ്പഷ്ടമായും ദൃഢമായും അവലംബിച്ചു എന്നുള്ളതാണു് മററു മഹാകവികളെക്കാൾ ഉള്ളൂരിന്റെ മെച്ചം. മനസ്സു പറയുന്നതനുസരിച്ചു ദേഹം പ്രവർത്തിക്കുക എന്നുള്ളതാണു വാസ്തവമെന്നിരിക്കെ ആശാൻ കായികമായ അവശതയെ ആന്തരപരിവർത്തനത്തിനു് പശ്ചാത്തലമാക്കിയെന്നുള്ളതാണു് അദ്ദേഹത്തിന്റെ തെററു്.

ഉപഗുപ്താഭിമുഖമായ അഭിനിവേശത്തെ നിർവ്വാണത്തിനു് ഉപയുക്തമാക്കിത്തീർക്കാൻ വലിയ ബുദ്ധിമുട്ടില്ലെന്നും, അനുരാഗം തന്നെയാണു് ഈശ്വരപരമായ രതിയായി കലാശിക്കുന്നതെന്നും വാദിക്കപ്പെടുന്നുണ്ടു്. ജീവിതത്തിൽ ഇങ്ങനെ സംഭവി

ക്കാൻ പൂർവ്വജന്മസുകൃതം മുതലായി പൊതുവേ പെട്ടെന്നു വിശ്വസിക്കാൻവയ്യാത്ത കാരണങ്ങൾ ഉണ്ടായേക്കാം. എന്നാൽ കല എന്നതു് ജീവിതത്തിന്റെ പകർപ്പല്ലാത്തതിനാൽ കവികൾ പൂർവ്വജന്മസുകൃതംതുടങ്ങിയ അദൃശ്യകാരണങ്ങളെ അവലംബിക്കാതെ വിശ്വാസംവരത്തക്ക ദൃശ്യകാരണങ്ങളെത്തന്നെ സ്പഷ്ടമായോ അസ്പഷ്ടമായോഅവതരിപ്പിക്കുകയാണുചെയ്യേണ്ടതും, ചെയ്യുന്നതും. അതല്ല ഒരു വേശ്യയുടെ ആകസ്മികനിർവ്വാണത്തിനു് അദൃശ്യകാരണങ്ങൾ മതിയാകുമെന്നുണ്ടെങ്കിൽ "ലോലമാംക്ഷണമേവേണ്ടു" എന്നുള്ള ന്യായം നമുക്കു സ്വീകരിക്കാമായിരുന്നു. എന്തെന്നാൽ, വെറും വേശ്യയാണെന്നിരുന്നാൽ തന്നെയും, ഒടുവിൽ പെട്ടെന്നു നിർവ്വാണം പ്രാപിക്കത്തക്ക എന്തോ സുകൃതം പൂർവ്വജന്മത്തിൽ അവൾ ചെയ്തിരുന്നു എന്നു പുരാണകർത്താക്കളുടെ ആവക പ്രസ്താവനകളെപ്പററി നാം കാണിക്കാറുള്ളതും കാണിക്കേണ്ടതുമായ വിശ്വാസത്തോടെ സമ്മതിച്ചുകൊടുക്കാമായിരുന്നു. പക്ഷേ "കരുണ" ഒരു പുരാണമല്ല, വെറും സാഹിത്യകൃതിമാത്രമാണു്. പൂർവ്വജന്മത്തിൽ താൻ വേശ്യയായിരുന്നു എന്നു വല്ലവരുംപറഞ്ഞാൽ അതിനെപ്പററി അഭിമാനംകൊള്ളത്തക്കവിധം "കുലപരമ്പരയായി"ത്തന്നെ വേശ്യാവൃത്തി സ്വീകരിച്ചിരുന്നവളാണു വാസവദത്തയെന്നു കവി അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തിയിട്ടുമുണ്ടു്. ആസ്ഥിതിക്കു മതിയായ ശക്തിയുള്ള കാരണംകൂടാതെ, ഏതോ പ്രേമത്തിന്റെ വെറും ഒരു "ഉറവു" അവളുടെ ഉള്ളിൽ ഊറിയിട്ടു് "നിന്നിരുന്നു" എന്നുള്ള മുടന്തൻന്യായം പറഞ്ഞുകൊണ്ടു് ഉപഗുപ്തൻ അവൾക്കു നിർവ്വാണം കൊടുക്കുന്നതും, അതിൽ മററുള്ളവക്കു് വിശ്വാസം തോന്നിയില്ലെങ്കിലോ എന്നു് ശങ്കിച്ചിട്ടു്, "ലോലമാംക്ഷണമേവേണ്ടു" എന്നു് അവരെ സമാധാനപ്പെടുത്തുന്നതും കാണുമ്പോൾ ഒരു അനഘയ്ക്കു്, അനപേക്ഷിതമായി, എന്തോ പ്രത്യേക മമതയാൽ, ഒരു "സ്പെഷ്യൽകേസ്" എന്ന നിലയിൽ, ഒരു ബുദ്ധസന്യാസി നിർവ്വാണം കൊടുത്തു എന്നല്ലാതെ അതു ന്യായമായിപ്പോയി എന്നു് ആക്കും തോന്നുന്നതല്ല. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ ഉപഗുപ്താഭിമുഖമായ പ്രണയം ഈശ്വരാഭിമുഖമോ നിർവ്വാണോന്മുഖമോ ആയി എന്നു വിശ്വാസംവരത്തക്ക കവികർമ്മമൊന്നും കരുണയിൽ നടന്നിട്ടില്ല. ആ സ്ഥിതിക്കു്, വാസവദത്തയിലെ വെറും കാമാസക്തി നിർവ്വാണംപ്രാപിച്ചു എന്നു വിചാരിച്ചു് മഗ്ദലനമറിയത്തെയെന്നപോലെ അവളെ ബഹുമാനിക്കാൻ ചിന്താശീലന്മാക്കു സാധിക്കുന്നതുമല്ല.

ഇവിടെ അവശ്യാവശ്യമായിരുന്ന കവികർമ്മം, എത്രതന്നെ വേശ്യയായിരുന്നാലും വാസവദത്തയ്ക്കു് നിർവ്വാണോന്മുഖമായി അതികലശലായ അഭിനിവേശം ഉണ്ടായിരുന്നു എന്നു വായനക്കാരെ വിശ്വസിപ്പിക്കത്തക്ക കല്പനാചാതുരി പ്രയോഗിക്കുക എന്നതാണു്. മഗ്ദലനമറിയത്തിലും പിങ്ഗളയിലും അതു നാം കാണുന്നുണ്ടു്. എന്തെന്നാൽ തങ്ങൾ നന്നായിരിക്കേണ്ടതു് തങ്ങളുടെതന്നെ ആവശ്യമാണെന്നു് അവക്കു രണ്ടുപേക്കും ഉള്ളിൽതട്ടിയ വിചാരം തോന്നിയിരുന്നതായി ആ മഹാകവികൾ നമുക്കു കാട്ടിത്തരുന്നു. അതിനാൽ നാം കവികളെ വിശ്വസിക്കുന്നതിനുപകരം കഥാപാത്രങ്ങളെത്തന്നെ വിശ്വസിക്കുന്നു. നേരേമറിച്ചു വെറും കായികമായ അവശതയ്ക്കിടയിൽ, ഒന്നും കാണാനും കേൾക്കാനും മനസ്സിലാക്കാനുംവയ്യാത്ത ഒരവസ്ഥയിൽ പോലും വാസവദത്ത ഉപഗുപ്തനെ കായികമായി തൃപ്തിപ്പെടുത്താൻ കഴിവില്ലാത്തതിനെപ്പററി ഖേദിച്ചു എന്നാണു കവി പറയുന്നതു്. അങ്ങനെയുള്ള ഒരു മഹാവേ

ശ്യയ്ക്കു നിൎവാണംകൊടുത്തു എന്നു പറഞ്ഞാൽ ലോകത്തിൽ വേശ്യകൾഒഴിച്ച് ശ്രീബുദ്ധൻ, ആനന്ദൻ, ഉപഗുപ്തൻ മുതലായവരിൽ ആൎക്കുംതന്നെ നിൎവാണത്തിന് അൎഹതയില്ലെന്നു തോന്നിപ്പോകും. എന്തെന്നാൽ വാസവദത്തയ്ക്കു നിൎവാണം കിട്ടിയിട്ടുപോലും മേൽപറഞ്ഞ പരിശുദ്ധന്മാർ അതു കിട്ടാതെ ജീവിച്ചിരിക്കുന്നതായിട്ടാണല്ലോ നാം കാണുന്നത്. ഇതാണു "കരുണ"യുടെമഹത്വമെങ്കിൽ അതിനെ വച്ചുപുലത്തിയ ബുദ്ധമതം ഇന്ത്യവിട്ടതു വളരെ നന്നായിഎന്നേ പറയാനുള്ളൂ.

കനിയുവാനുള്ള മെയ്‌വഴക്കമില്ലാത്ത നിൻെറ അഹങ്കാരത്തെ നീ പിന്നെയും പിന്നെയും വൎണ്ണിപ്പിക്കുന്നു?

* * * * *

നാഥാ, ഞാനാദ്ഗർഭ്രതത്തിൻെറ [കഴുത്തിനുനേരേ അങ്ങുതന്ന കൈവാളോങ്ങുമ്പോഴും, ഈ അഹിംസ എന്നെ തടയുന്നു; കൈ കടന്നുപിടിക്കുന്നു! രണ്ടാമതായി അഹങ്കാരത്തെ കൊല്ലുക!

* * * * *

കാലത്തിൻെറ കുരുക്കിൽപെട്ടാലുടനടി രക്ഷപ്പെടുന്ന നീൎക്കുമിളകളെപ്പററി ഹസിക്കുകയും ആ കുരുക്കിൽതന്നെ കിടന്നു ഭയന്നു നട്ടുങ്ങുന്ന നക്ഷത്രങ്ങളെ നിത്യങ്ങളെന്നു വാഴ്ത്തുകയും ചെയ്യുന്ന ലജ്ജാവഹമായ ബുദ്ധശൂന്യതയുടെ മഹത്തായ പാരമ്പൎയ്യം കവികളുടെ ജന്മാവകാശമത്രേ!

* * * * *

മഴവില്ല നിൎമ്മിക്കുവാനുള്ള അഴകു മുഴുവൻ സംഭരിച്ചിരിക്കുന്ന കലവറയിലേക്ക് അല്ലയോ കലാകാരാ, അങ്ങെന്നെക്കൂടി കൊണ്ടുപോകുമോ?

* * * * *

സംഗീതത്തിൻെറ രാക്കുപൊടികളാകുന്ന ചീവീടൊച്ചകളെ ഇരുളാകുന്ന മെഴുകിൽ പതിച്ച് മൂങ്ങകളുടെ മൂളലാൽ ഉലയൂതി ഉരുക്കിവാൎത്ത കനകശലാകകളാണു പ്രഭാതത്തിൽ നമുക്കു കിട്ടുന്ന പൈങ്കിളിപ്പാട്ടുകളെ[illegible] നമുക്കു കി[illegible]ത്തതും കിട്ടാനിടയില്ലാത്തതും അൎദ്ധരാത്രിയുടെ നിശ്ശബ്ദതയാൽവച്ചു വീണ്ടുംവീണ്ടും രാകിമിനുക്കി അനന്തസൗന്ദൎയ്യത്തിൻെറ താഴികക്കുടമെന്നോണം അപാരതയുടെ അരമനയിൽ സൂക്ഷിക്കുന്നതുമായ ആ ദിവ്യസംഗീതത്തിൻെറ മാധുൎയ്യം എന്തായിരിക്കും?

* * * * *

നീലവിൺപലകമേൽ നിറമുള്ള ചിത്രങ്ങൾ വരച്ച് ഇരുൾപൈതലിനെ മുമ്പിൽ കൊണ്ടിരുത്തികളിച്ചുകൊള്ളുവാൻ പറഞ്ഞിട്ട് അന്തി അവളുടെ പ്രിയതമനെ ശുശ്രൂഷിക്കുവാൻ പോയി!

കർമ്മവീര്യം

(A Dramatic Monologue)

(ആതിച്ചനല്ലൂർ എൻ. കേശവപിള്ള, ബി. എ., എൽ. റ്റി.)

ഛീ, മാറിനില്ക്കു നിൻസ്വർഗ്ഗവുംകൊ,ണ്ട
തെൻ
സാമാന്യബുദ്ധിക്കരികാര്യമല്ലെടോ
സ്വർഗ്ഗം സമസ്തകാമ്യങ്ങളും നല്കിയാൽ
മൽക്കർമ്മവീര്യം തഴയ്ക്കുന്നതെങ്ങനെ?
നിത്യതാരുണ്യംവഹിക്കുമെന്നാത്മാവു
സ്വസ്ഥമാംവൃത്തിയെക്കാംക്ഷിപ്പതില്ലെടോ
കല്പകപ്പൂമരം പിച്ചനൽകും ഫലം
ചപ്പിക്കഴിപ്പാൻ മരംചാടിയല്ലഞാൻ.

* * *

മാരാധിരാജൻറവമ്പെഴുംസാമ്രാജ്യ.
പൗരാവകാശവും വാഞ്ഛിപ്പതില്ലഞാൻ
കർമ്മവും സർവ്വപ്രപഞ്ചപൗരത്വവും
ജന്മാവകാശമായുണ്ടെനിക്കെപ്പൊഴും
പൗരുഷാഭിഖ്യമാം നാണയംകൊണ്ടുഞാൻ
നാരീജനാമിഷം വാങ്ങുവോനല്ലെടോ
എൻമാംസപേശികൾക്കുന്മാദമേകുവാൻ
വിൺമാനിനീഗണം കേവലം ദുർബലം.

* * *

കോകിലാലാപവും കോമളാകാരനാം
രാകാശശാങ്കനും വാസന്തകാലവും
കൂടിയൊന്നിക്കുന്നൊരുദ്യാനഭൂവിലെ-
ക്കൂടിയാട്ടത്തിൽക്കൊതിക്കുന്നതില്ല ഞാൻ
പർവ്വതാകാരമാമൂർമ്മിജാലത്തൊടും
ദുർവ്വാരവീര്യമാം ചണ്ഡവാതത്തൊടും
അപ്പതിക്കുള്ളിൽ ചെറുത്തുനിന്നീടുന്ന
കപ്പലിൻതട്ടാണെനിക്കു പൂങ്കാവനം.
കൂട്ടിമുട്ടീടുന്ന വൈഷമ്യസഞ്ചയം
തട്ടിത്തകർക്കുവാനാണെനിക്കാഗ്രഹം.
ജീവിതപ്പോരാണ്ടൊരുഗ്ഗന്ധമാദനേ
ഭീമസേനോപമം കൂത്താടിയാക്കണം.
എന്നാലെനിക്കില്ല സൗഗന്ധികത്തിങ്ക-
ലുന്നം; പ്രയത്നമേമോഹിപ്പതുള്ളുഞാൻ.

* * *

സ്വർഗ്ഗംനരകമീരണ്ടുമെൻപോക്കിൻറ
മാർഗ്ഗംവിലങ്ങുവാൻ സമ്മതിക്കില്ലഞാൻ
നിത്യം വിരുദ്ധവീര്യങ്ങളോടേറെറൻറ
കൃത്യകൗശല്യം പ്രവൃദ്ധമായീടണം.
ശത്രുക്കൾ ചീറിയാർത്തേററടുത്തീടിലും
മിത്രങ്ങളാകെത്തുലഞ്ഞുപോയീടിലും
കൃത്യപ്രതിജ്ഞനായ് മുന്നോട്ടു നീങ്ങുന്ന
മർത്ത്യനെക്കുമ്പിടും ദേവാധിരാജനും.

പ്രഭോ, അങ്ങുതന്ന വസ്ത്രം തിരിച്ചെടുത്തിട്ട്, അങ്ങയുടെ ദിവ്യസന്നിധിക്കു ചേരുന്ന വസ്ത്രം തരണേ!

* * * * *

വിണ്ണിനു നക്ഷത്രങ്ങളുണ്ട്; പാവപ്പെട്ട മണ്ണിനോ? മിന്നാമിനുങ്ങുകളും, പാഴ്ക്കുമിളകളും!

വ്യക്തിത്വം

"വ്യക്തിത്വത്തിന്റെ കഴുത്തുഞെരിക്കുന്ന സാമൂഹ്യസിദ്ധാന്തങ്ങൾ പുലരാനനുവദിക്കരുതു്."

(എം. എ. ദാമോദരമേനോൻ.)

വ്യക്തിത്വം—ഇതു് ഇന്നൊരു പ്രശ്നമായിത്തീർന്നിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. രാഷ്ട്രീയമോ ശാസ്ത്രീയമോ, സാമ്പത്തികമോ സാമുദായികമോ, മതപരമോ കലാപരമോ ആയ ആധുനികപരിവർത്തനങ്ങളെല്ലാംതന്നെ വ്യക്തിത്വമെന്ന പ്രശ്നത്തെ ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു. ഇന്നത്തെ സാമൂഹ്യവാദത്തിന്റെ കൊടുങ്കാറ്റിൽ വ്യക്തിത്വത്തിന്റെ കടപുഴങ്ങിപ്പോകുന്നുണ്ടാവാം. എങ്കിലും അതിന്റെ തായ്‌വേരിൽനിന്നും വീണ്ടും ചിലതു പൊട്ടിക്കിളുർക്കാനും ഭാവമില്ലാതില്ല. ഒന്നുനോക്കിയാൽ, ലോകവ്യാപ്തമായ ഇന്നത്തെ അസ്വാസ്ഥത വ്യക്തിത്വത്തിന്റെ പുനഃപ്രതിഷ്ഠയ്ക്കുള്ള ഒരു പ്രബലപ്രസ്ഥാനംതന്നെയല്ലേ? തീർച്ചയായും അതെ. എന്തെന്നാൽ, വ്യക്തിത്വമെവിടെയുണ്ടോ, സ്വാതന്ത്ര്യത്തിന്റെ ആഹ്വാനം അവിടെകേൾക്കാം. വ്യക്തിത്വം സ്വാതന്ത്ര്യമാണു്; ജന്മസിദ്ധമാണു്. ഒരു രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവാദം അതിന്റെ വ്യക്തിത്വപ്രകടനമല്ലാതെ മറ്റെന്താണു്? പക്ഷേ, സ്വാതന്ത്ര്യം കൊതിക്കുന്ന ഒരു രാഷ്ട്രം, രാഷ്ട്രസമൂഹത്തിൽനിന്നും എപ്പോഴും വേർതിരിഞ്ഞുനില്ക്കുമെന്നോ, അത്തരം വെറുമൊരു പാർത്ഥക്യം മാത്രമാണു വ്യക്തിത്വം എന്നോ അർത്ഥമാക്കരുതു്. എന്തെന്നാൽ, വ്യക്തിത്വം സ്വാതന്ത്ര്യമാണെങ്കിലും കേവലം ഇതരാനപേക്ഷമല്ല. സാമൂഹ്യപരിതഃസ്ഥിതികളുമായുള്ള സമ്പർക്കത്താൽ ഒരു വിശിഷ്ടാത്മാവിൽ സംപുഷ്ടമാകുന്ന സംസ്കാരസമവായമത്രെ വ്യക്തിത്വം. രാഷ്ട്രത്തിന്റെ വ്യക്തിത്വം, രാഷ്ട്രസമൂഹവുമായുള്ള പരിചയപരമ്പരയാൽ പരിപുഷ്ടമാകാറില്ലേ? ചുരുക്കത്തിൽ സാമൂഹ്യതയിലേ വ്യക്തിത്വമുള്ളൂ; നാനാത്വത്തിലേ ഏകത്വമുള്ളുവെന്നപോലെ.

വ്യക്തിത്വത്തിനു് ഒരു സൃഷ്ടികർത്തൃത്വമുണ്ടു്. ജഗൽക്കാരണസമൂഹം അവ്യക്തമാണു്. അവ്യക്തത്തിൽനിന്നുമുള്ള വ്യക്തീഭാവമാണു സൃഷ്ടി. സാമൂഹ്യമണ്ഡലത്തിൽ ലീനമായിരുന്ന (അവ്യക്തമായിരുന്ന) ഒരു അസാധാരണതയുടെ (വ്യക്തിയുടെ) സൃഷ്ടി (വ്യക്തീഭാവം) വ്യക്തിത്വത്തിന്റെ പ്രവൃത്തിഫലമാണു്. അപ്പോൾ സാമൂഹ്യതയാണു വ്യക്തിത്വത്തിന്റെ ജന്മസ്ഥാനമെന്നു കാണാം. പക്ഷേ, അതുകൊണ്ടു്, സാമൂഹ്യവാദത്തിനുകീഴിൽ വ്യക്തിത്വം ജീവിച്ചുകൊള്ളണമെന്നു ശഠിക്കാമോ? വാസ്തവത്തിൽ, മാർക്സ്, ലെനിൻമുതലായ മഹാവ്യക്തികളുടെ വ്യക്തിത്വം തകർന്നുപോയിരുന്നുവെങ്കിൽ ഇന്നത്തെ സാമൂഹ്യവാദംതന്നെ എവിടെയാകുമായിരുന്നു? സാമൂഹ്യവാദത്തിന്റെ ഉദ്ദേശസിദ്ധിക്കുപോലും വ്യക്തിത്വം അത്യന്താ

പേക്ഷിതമാണ്. സാമൂഹ്യവാദികളെല്ലാം തന്നെ വ്യക്തിത്വത്തെ പരോക്ഷമായി മാനിക്കുന്നുമുണ്ടാവണം. അല്ലാത്തപക്ഷം, റഷ്യയിൽ സ്റ്റാലിന്റെ സർവ്വാധിപത്യം എങ്ങനെ പുലരുമായിരുന്നു? രാഷ്ട്രപരിധികളിൽ മാത്രമാകയാൽ സംകുചിതമായ ഒരു സാമൂഹ്യവാദമാണ ജർമ്മനിയിലെ "നാഷണൽ സോഷ്യലിസം" അഥവാ രാഷ്ട്രീയസാമൂഹ്യവാദം. അവിടെ സാമൂഹ്യത, വ്യക്തിത്വത്തിന്റെ സ്വേച്ഛാധിപത്യത്തിൻകീഴിൽ, ഒരു പുതിയ ലോകവ്യവസ്ഥയ്ക്കുവേണ്ടി ഉലകുമുഴുവൻ ഉലച്ചുമറിക്കാൻ ഒരുമ്പെട്ടിരിക്കയാണ്. ലിയോ, ടോൾസ്റ്റോയി, ലെനിൻ എന്നിവരുടെ സാമൂഹ്യസിദ്ധാന്തങ്ങളിൽ ആദരവുകാണിക്കുകയും, ഒരു മികച്ച കമ്യൂണിസ്റ്റ് എന്നു വിളിക്കപ്പെടുകയും ചെയ്യാറുള്ള മഹാത്മാഗാന്ധിപോലും, തന്റെ വ്യക്തിത്വപ്രകർഷത്തെ സ്വയം സമ്മതിച്ചുകൊണ്ടെന്നപോലെ, കാൺഗ്രസ്സിന്റെ സർവ്വാധിപതിയായിരുന്നുകൊണ്ട് പരമശാസനം പുറപ്പെടുവിക്കുന്നതു നാം എത്രയോതവണ കണ്ടിരിക്കുന്നു!

ഏതായാലും വ്യക്തിത്വത്തിന്റെ കഴുത്തുഞെരിക്കുന്ന സാമൂഹ്യസിദ്ധാന്തങ്ങൾ പുലരാനനുവദിക്കരുത്. എന്തെന്നാൽ, വ്യക്തികളുടെ സമവായമത്രെ സമൂഹം. നാമിന്നു കാണുന്നതുപോലെ പല മഹാവ്യക്തികളുടെയും വ്യക്തിത്വം ഇരുമ്പഴികൾക്കുള്ളിലായിപ്പോയാൽ സാമൂഹ്യക്ഷേമം കൈവരുന്നതെങ്ങനെ? ശാസ്ത്രീയഗവേഷണങ്ങൾ വ്യക്തിത്വം നൽകിയ ഉപഹാരങ്ങളാണ്; സാമൂഹ്യതയുടെ സംഭാവനകളല്ല. സാമ്പത്തികക്ഷേമം, സാമുദായികോല്ക്കർഷം ഇവയ്ക്കു വ്യക്തികളുടെ വിഭാവനാസമ്പത്താണ പലപ്പോഴും നിദാനം. വ്യക്തിത്വമില്ലെങ്കിൽ മതമില്ല. ക്രിസ്തു, നബി, ബുദ്ധൻ തുടങ്ങിയ ചിലരുടെ വ്യക്തിത്വമാണ് അതാതു മതങ്ങളെ സൃഷ്ടിച്ചതു്. അല്ലാതെ സമൂഹമല്ല. പ്രപഞ്ചസൃഷ്ടി മുതല്ക്കേയുള്ള ഹിന്ദുമതവും വ്യക്തിത്വത്തെ ആദരിക്കുന്നുണ്ട്. വ്യക്തിത്വവികാസത്തിന്റെ പരമ്പരയാണ്, ഹിന്ദുമതത്തിൽ ആയിരക്കണക്കിന് ആരാധനാമൂർത്തികളുണ്ടാവാൻ കാരണം.

ഇനി കലയുടെ കാര്യമാണ്. വ്യക്തിത്വം തകരുമ്പോൾ കലയും തുലയും. സ്വാതന്ത്ര്യം വ്യക്തിത്വത്തിന്റെ സ്വഭാവമാണെന്നു മുമ്പേ പറഞ്ഞു. കലയിലുമുണ്ട് ആ സ്വാതന്ത്ര്യം. കലാകാരൻ സ്വതേ ഒരു സ്വൈരവിഹാരിയാണ്. അയാളുടെ വ്യക്തിത്വത്തിന്റെ വലിയ വലയത്തിൽ ഉലകു മുഴുവനൊതുങ്ങും. വ്യക്തിത്വത്തിന് സൃഷ്ടികർത്തൃത്വമുണ്ടെന്നു പറഞ്ഞു. കലാകാരൻ ഒരു സ്രഷ്ടാവാണ്. അയാളുടെ സൃഷ്ടികൾ പ്രത്യക്ഷത്തിൽ സാമൂഹ്യക്ഷേമത്തിനുംകൂടി ഉതകുന്നവയായിരുന്നേക്കാം. പക്ഷേ, കാമചാരിയായ അയാളുടെ സൃഷ്ടികളെല്ലാം ഒന്നുപോലെയാകണമെന്നില്ല. മാത്രമല്ല, വ്യക്തികളിൽകൂടിയേ സാമൂഹ്യാഭിവൃദ്ധി കൈവരുത്താൻ അവയ്ക്കു കഴിവുള്ളു എന്നും വരാം. വൈവിദ്ധ്യം അയാളുടെ പ്രത്യേകതയാണ്. അതു വ്യക്തിത്വത്തിന്റെ പര്യായം കൂടിയല്ലേ? എന്തെന്നാൽ, ഐകദ്ധ്യം—അതായതു് ഒരേവിധം മാത്രമുണ്ടായിരിക്കുന്ന അവസ്ഥ—ആകുന്ന അവ്യക്തം—വ്യക്തീഭവിക്കുമ്പോൾ വൈവിദ്ധ്യംഎന്ന വ്യക്തിത്വം പ്രകടമാകുന്നു. സാമൂഹ്യത അവ്യക്തമാണു്; ഐക്യമാണ്. തന്നിമിത്തം അയാൾ അതിനു കീഴ്പ്പെടുകില്ല. സാമൂഹ്യമായ സംഘടനയുടെ പരിമിതപരിധിയിൽ, അയാളുടെ ആകാശസങ്കാശമായ ആത്മാവിനു കുടികൊള്ളാനിടമില്ല. അഥവാ, തന്റെ വ്യക്തിത്വം വികസിക്കുവാൻതക്കവണ്ണം സ്വാതന്ത്ര്യമുള്ള ഒരു സാമൂഹ്യമണ്ഡലത്തിലേ അയാൾ വിഹരിക്കുകയുള്ളൂ എന്നു

മാകാം. കാൺഗ്രസ്സിൻെറ ഒരു നാലണാ മെമ്പർപോലും ആയിരിക്കാൻ മടിക്കുന്ന മഹാത്മാവു്, തദ്വാരാ തൻെറ വ്യക്തിത്വത്തെ വികസിപ്പിക്കയാണു ചെയ്യുന്നതു്. കാൺഗ്രസ്സിനെ തന്നിലാക്കുകയാണു്, അല്ലാതെ തന്നെ കാൺഗ്രസ്സിലാക്കുകയല്ല അദ്ദേഹം ചെയ്യുന്നതു്.

സാമൂഹ്യതയുടെ ഹ്രസ്വവൃത്തത്തിൽത്തന്നെ കഴിഞ്ഞുകൂടാൻ യഥാർത്ഥവ്യക്തിത്വമുള്ള ഒരു സാഹിത്യകാരനു് സാദ്ധ്യമല്ല. സാമൂഹ്യതാപ്രസ്ഥാനത്തിൻെറ ഉദ്ദേശം പരമപരിശുദ്ധമായിരുന്നുകൊള്ളട്ടെ; എന്നാലും ആ സ്വച്ഛന്ദചാരിക്കു് അതു കഴികയില്ല. ആ മഹാവ്യക്തിയുടെ ഉച്ഛൃംഖലത്വം കേവലം ഒരു ഖലത്വം അല്ല തന്നെ. പ്രകൃതി അയാളുടെ സഖിയാണു്. അവളുടെ വിശ്വവിശാലമായ നിയമത്തിലേ അയാൾ ചരിക്കുകയുള്ളു. അതിനകത്തു മനുഷ്യർ നിർമ്മിക്കുന്ന കൃത്രിമനിയമങ്ങളൊന്നും അയാൾക്കു വകയില്ല. തൻെറ അന്തശ്ചോദനങ്ങളെയെല്ലാം സാമൂഹ്യതയുടെ ചെങ്കുപ്പായം അണിയിച്ചും അങ്ങനെ അണിനിരത്തി നിർത്താമെന്നു് അയാളാരോടും ഉടമ്പടി ചെയ്തിട്ടില്ല. യാഥാർത്ഥ്യങ്ങളെ ചിത്രീകരിക്കാൻ അയാൾക്കു ചിത്രകാരനേപ്പോലെ വിവിധവർണ്ണങ്ങളുപയോഗിക്കേണ്ടിവരും. അപ്പോൾ, "ങ്ഹേ! അതു് പാടില്ല, ചെഞ്ചായംമാത്രമേ തേയ്ക്കാവൂ; തൂലികകൊണ്ടു എഴുതണ്ട; ചുററിക ചായത്തിൽമുക്കി ചുമ്മ ചുഴററിയാൽ മതി" എന്ന നിർബ്ബന്ധം പിടിച്ചാലോ? ജഗച്ചക്ഷുസ്സായ സഹസ്രകിരണനേപ്പോലെ സപ്തവർണ്ണങ്ങളും അയാൾ വികിരണം ചെയ്യാറുണ്ടു്. അത്തരം വർണ്ണസങ്കരത്തിൽ എന്തുസംഭവിക്കും? ശുദ്ധമായ ശുഭ്രത തന്നെ; പ്രകാശംതന്നെ! അതല്ലേ വേണ്ടതു്? അല്ലാതെ, വെറും പട്ടിണിയുടെ പടയണിയും നഗ്നതയുടെ നർത്തനവും കാണിച്ചു തരുന്ന കൂരിരുട്ടുമാത്രം മതിയോ? ചെങ്കുപ്പായം കാണണമെങ്കിലും വെളിച്ചം വേണ്ടേ?

സാഹിത്യകാരൻ എന്നല്ല കലാകാരൻ ആനന്ദശീലനാണു്. ഇരുട്ടിൻെറ വെളിച്ചവും, കറുപ്പിൻെറ വെളുപ്പും ദുഃഖത്തിൻെറ ചിരിയും മൂകസംഗീതവും കാണുകയും കേൾക്കുകയും ചെയ്യുക, അയാളുടെ ധർമ്മമാണു്. അതയാളുടെ ജീവിതയാത്രയാണു്. വസന്തത്തിൻെറ തേഞ്ചോരും പുഞ്ചിരിയും ചഞ്ചൊത്ത കൊഞ്ചലും കളകണ്ഠഗീതവും കണ്ടുംകേട്ടുംകൊണ്ടു് അയാളെങ്ങനെയാണു് മിണ്ടാതിരിക്കുക? വിണ്ണിൻെറ ഒരായിരം വെള്ളിക്കണ്ണുകൾ ഇമച്ചും മിഴിച്ചും നോക്കുമ്പോൾ ഈ ക്രാന്തദർശി ചുമ്മ കണ്ണുംചിമ്മിയിരുന്നുകൊള്ളണമെന്നോ? ഇളംപിറയുടെ പിറവിയിൽ സന്തുഷ്ടിയാർന്നു വരവർണ്ണിനിയായ വാരുണിയെ അഭിനന്ദിച്ചു വർണ്ണിക്കാൻ സ്രഷ്ടാവായ കലാകാരനു് തോന്നുന്നതിലെന്താണത്ഭുതം? പകയുടെ പുകയും കെട്ടതിയുടെ കൊടുംതീയുംകൊണ്ടു് ശല്യപ്പെടുത്തിയിട്ടും ഉള്ളു പൊള്ളിച്ചിട്ടും, മഹാമനസ്കതയോടെ ലോകത്തെ മുഴുവൻ മാറോടണച്ചുപിടിച്ചിരിക്കുന്ന അനന്തമായ ആകാശത്തെ എങ്ങനെയാണു് അയാൾ കണ്ടില്ലെന്നു ഭാവിക്കുക? അയാൾ ഹൃദയാലുവാണു്. ഹൃദയത്തിൻെറ വിശാലമായ വെൺകടലാസ്സിൽ ഭാവനയുടെ തൂവൽകൊണ്ടു് അനുഭൂതിയുടെ വിവിധവർണ്ണങ്ങളുപയോഗിച്ചു പല ചിത്രങ്ങളുമയാളെഴുതും. അവയിലേതു ചിത്രംവേണോ അതെടുത്തുകൊള്ളുക. ഒന്നും സ്വീകരിച്ചില്ലെങ്കിലും അയാൾക്കു്— ആ യഥാർത്ഥസാഹിത്യകാരനു്—കുണ്ഠിതമില്ല. എന്തെന്നാൽ ആ ചിത്രങ്ങൾ അയാളുടെ അനുഭൂതിക്കുറിപ്പുകളാണു്; യാഥാർത്ഥ്യങ്ങളാണു്. അതിനു മററാരാളുടെ സമ്മതപത്രിക അയാൾ പ്രതീക്ഷിക്കുന്നുമില്ല. എന്നാൽ സഹൃദയഹൃദയങ്ങളിൽ

ആ ചിത്രങ്ങൾ പ്രതിബിംബിക്കുകതന്നെ ചെയ്യും.

കലാകാരൻ ജീവിതത്തിൻെറ ഇരുണ്ട വശങ്ങളെമാത്രമല്ല ചിത്രീകരിക്കുന്നതു്. അയാൾ ലോകത്തിൻെറ കുററവും കുറവും മാത്രം കണ്ടുപിടിക്കാൻ ഉററുനോക്കിക്കൊണ്ടിരിക്കുന്ന ഒരു ദോഷൈകദൃക്കുമല്ല. ലോകഗ്രന്ഥത്തിൻെറ പലതാളുകളും അയാൾ മധുരമായി വായിച്ചു ചതുരമായി വ്യാഖ്യാനിക്കും. അല്ലാതെ ഒരുപുറംമാത്രം നോക്കിക്കൊണ്ടങ്ങനെയിരിക്കുക അയാൾക്കുവയ്യ. കലയുടെ സ്വഭാവം ഡേവിഡ്ഹാർഡ്മാൻ ഇങ്ങനെ വർണ്ണിച്ചിട്ടുണ്ടു്:— The arts attempt to express the myriad and complex facets of human experience" കലാകാരനു് തൻെറ ജീവിതപഥത്തിൻെറ—ചുററുപാടുകളിൽ നിന്നുലഭിച്ച ഉച്ചാവചമായ അനുഭവത്തികവിൻെറ—പ്രകാശനമേ സാദ്ധ്യമാവൂ. എന്താണു് യഥാർത്ഥത്തിലുള്ള ജീവിതം? "A man's real life is his emotional response to experience. Visions, and daydreams; joy, sarrow, hatred, indigation, love are all an inextricable part of our nature. Try as we will, we can not leave them out of any reckoming" എന്നു കലാനിരൂപകനായ ഡേവിഡ്ഹാർഡ്മാൻ പറയുന്നു. ഇതിൽനിന്നും ജീവിതം, ലൗകികാനുഭൂതികളാൽ സംജാതമാകുന്ന വികാരാത്മകമായ പ്രേരണയാണെന്നു മനസ്സിലാക്കാം. അനുഭൂതികളുടെ ശബളത വികാരങ്ങളിലും പ്രതിഫലിക്കും. അങ്ങനെയിരിക്കെ ജീവിതത്തിൻെറ വ്യാഖ്യാനമായ കലാസൃഷ്ടി ഏതുകവർണ്ണമായിട്ടേ പാടുള്ളുവെന്നു നിയമം വച്ചാലോ? കലാകാരൻ സാമൂഹ്യജീവിയായ ഒരു മനുഷ്യൻതന്നെ. എങ്കിലും അയാൾ ഒരു വ്യക്തിയാണു്. വ്യക്തിയുടെ ജീവിതത്തിലെ സങ്കല്പങ്ങൾ, ദിവാസ്വപ്നങ്ങൾ തുടങ്ങിയ പ്രകൃതിദത്തങ്ങളായ അംശങ്ങൾ അയാളിലുമുണ്ടു്. പക്ഷേ, അവയുടെ വൈവിദ്ധ്യങ്ങളെയെല്ലാം അയാൾ ഒരു സാക്ഷിയെന്നനിലയിൽ നിന്നുകൊണ്ടു അവലോകനം ചെയ്യുന്നു; വിശകലനം ചെയ്യുന്നു; ഹൃദയാഹ്ലാദകരമായ രീതിയിൽ പ്രകാശിപ്പിക്കുന്നു. അത്തരമൊരു പ്രത്യേകത അയാൾക്കുണ്ടു്. അതയാളുടെ വ്യക്തിത്വമാണു്. മററു സാമൂഹ്യജീവികളിൽനിന്നും അയാളെ വേർതിരിക്കുന്നതു് ആ ഗുണമാണു്. ആ ഗുണത്തെ വളരാനനുവദിക്കാത്ത പ്രസ്ഥാനം—സംഘടന—അയാൾക്കും തദ്വാരാ സാമൂഹ്യമണ്ഡലത്തിനും ഹാനികരമാണു്. വാസ്തവത്തിൽ വ്യക്തിത്വവികാസത്തിനു്, സാമൂഹ്യതയ്ക്കു കീഴ്പ്പെട്ടുള്ള ജീവിതം ഒരു മഹാ പ്രതിബന്ധമാണു്. ഹെർബർട്ടു് ക്യാസൺ തൻെറ ഒരു ഗ്രന്ഥത്തിൽ 'Do not belong to a herd' എന്ന വിഷയം ഉപപാദിക്കാൻ ഒരദ്ധ്യായംതന്നെ നീക്കിവെച്ചിട്ടുണ്ടു്. അദ്ദേഹം പറയുകയാണു്:—"a man must be moro than a number of a standardised group. He must develop his element of originality, larger or small, as far as he possibly can. Success comes to the men who are different" ഇവിടെ 'herd' എന്നതിനു് അദ്ദേഹം ഇങ്ങനെ നിർവ്വചനം നൽകുന്നുണ്ടു്. അതായതു്, ഒരേ പ്രകാരത്തിൽ ചിന്തിക്കുകയോ ഒരു നേതാവിൻെറ ചിന്താഗതികളെ കൈക്കൊള്ളുകയോ ചെയ്യുന്ന ഒരുതരം അല്ലെങ്കിൽ ഒരു കൂട്ടം ജനങ്ങൾ എന്നാണു്. അത്തരമൊരു സമൂഹത്തിലെ അംഗം തൻെറ വ്യക്തിത്വത്തെ വിസ്മരിക്കുന്നുവെങ്കിൽ ആ വ്യക്തി ജീവിക്കുന്നില്ലെന്നർത്ഥമാണു്. അയാൾക്കു സ്വന്തമായിട്ടൊന്നുമില്ല. വല്ലതുമുണ്ടായിരുന്നതു സമൂഹത്തിനു വില്ക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. രാഷ്ട്രീയസംഗതികളിൽ, വിശേഷിച്ചും തിരഞ്ഞെടുപ്പു കാര്യങ്ങളിൽ ഈ 'വി

ല്പന' പരക്കെ കാണാംതാനും. എന്നാൽ ഉത്തമമായ ഒരു ലക്ഷ്യത്തിനുവേണ്ടി നിലകൊള്ളുന്ന, അഥവാ വ്യക്തിത്വവികാസത്തിനു പ്രേരണ നൽകുന്ന സമൂഹത്തിലെ അംഗമായിരിക്കുന്നതു തെററാണെന്നു അർത്ഥമില്ല. സമൂഹത്തിലെ ഓരോ അംഗത്തിനും ഓമ്മവേണം, തനിക്കൊരു വ്യക്തിത്വമുണ്ടെന്നും അതിനെ വിൽക്കാൻ പാടില്ലെന്നും.

ഒരിക്കൽ ഒരു സഭയിൽ അദ്ധ്യക്ഷതെരഞ്ഞെടുപ്പു നടന്നു. ചിന്തകന്മാരുടെ ശ്രദ്ധയെ വ്യക്തിത്വത്തിലേയ്ക്കു ആകൎഷിക്കുന്ന ഒന്നായിരുന്നു അതു്. സ്ഥാനാൎത്ഥികളിൽ രണ്ടുപേൎക്കു് ആദ്യം 21-ം, 20-ം, വീതം വോട്ടുകൾ കിട്ടി. ഉടൻതന്നെ രണ്ടാമതു നടന്ന തെരഞ്ഞെടുപ്പിൽ 21 കാരനു് 33-ം, 20-കാരനു് 17-ം ആയിരുന്നു. ആദ്യം ഇരുപതുകാരനെ അനുകൂലിച്ച മൂന്നുപേരുടെ പിന്മാററം അവരോടു പറഞ്ഞു:—"നിങ്ങൾ നിങ്ങളുടെ വ്യക്തിത്വം വിററു" എന്നു്. പക്ഷേ, അവരതു കേട്ടിരിക്കയില്ല. എന്തെന്നാൽ വ്യക്തിത്വത്തിന്റെ സ്വാതന്ത്ര്യകാഹളം മുഴങ്ങുമ്പോൾ അവർ ചെവിപൊത്തുന്നുണ്ടാവണമല്ലോ.

പ്രചരണങ്ങൾക്കും പരസ്യങ്ങൾക്കും പ്രാബല്യമുണ്ടാകുന്നതുതന്നെ വ്യക്തിത്വത്തിന്റെ ശക്തിക്ഷയം നിമിത്തമാണു്. സാമൂഹ്യപ്രസ്ഥാനങ്ങളിലുള്ള ശ്രദ്ധ വ്യക്തിത്വത്തെ വിസ്മൃതികോടിയിലാക്കിയിട്ടുണ്ടു്. ഇന്നു വ്യക്തിത്വത്തേക്കാൾ സാമൂഹ്യസിദ്ധാന്തങ്ങൾക്കു് പ്രാമാണ്യം ഉണ്ടു്. സാമ്പത്തികസമത്വമില്ലാതെയുള്ള ജനസംഖ്യാവൎദ്ധന അതിന്റെ കാരണങ്ങളിൽ ഒന്നാകാം. അപ്പോൾ, ജനസംഖ്യ കുറഞ്ഞാൽ സാമൂഹ്യസിദ്ധാന്തങ്ങളുടെ കത്തൽ നിലയ്ക്കുമോ? യുദ്ധാനന്തരം ജനസംഖ്യ കുറയുമോ? അന്നു സാമ്പത്തികസമത്വം സുസാധ്യമാകുമോ? ഈവക പ്രശ്നങ്ങൾ പൊന്തിവരാം. അവയ്ക്കു സമാധാനം രാഷ്ട്രമീമാംസാവിദഗ്ദ്ധന്മാരും സമ്പച്ഛാസ്ത്രജ്ഞന്മാരും പറയും.

ഏതായാലും യുദ്ധാനന്തരം ഒരു സാമൂഹ്യസുസ്ഥിതിയുണ്ടെന്നു പ്രതീക്ഷിക്കാമെങ്കിൽ, ഒരു പുതിയ ലോകവ്യവസ്ഥയുണ്ടാകുമെങ്കിൽ, അതു വ്യക്തിത്വത്തിന്റെ പുനഃപ്രതിഷ്ഠയുടെ ഫലമായിരിക്കും. സാമൂഹ്യവാദികൾ അന്നു വ്യക്തിത്വത്തെ പുലൎത്താൻ തയാറാവും. വ്യക്തിത്വത്തിന്റെയും സാമൂഹ്യതയുടെയും ആ പരസ്പരാശ്ലേഷത്തിൽ യഥാൎത്ഥമായ ജനായത്തര ജന്മമെടുക്കും. അന്തർരാഷ്ട്രീയരുടെ സഹകരണഹസ്തം, ഇന്നു സ്വപ്നത്തിലിരിക്കുന്ന ഒരു മനുഷ്യസമുദായസംഘടനയ്ക്കു രൂപം നൽകും. ലോകക്ഷേമത്തിന്റെ യഥാൎത്ഥമായ അടിസ്ഥാനം വ്യക്തിഗതമായ വിശുദ്ധസത്തയാണെന്നു് അന്നു വ്യക്തമാകും. അതേ, ധൎമ്മസംസ്ഥാപനാൎത്ഥം ഒരു മഹാവ്യക്തിയുടെ അവതാരം തന്നെയും അന്നുണ്ടായേക്കാം.

എന്റെ നെടുവീപ്പ്, അങ്ങയുടെ പടിവാതിലിൽ മുട്ടിക്കഴിഞ്ഞു. തിരുമുൽക്കാഴ്ചയ്ക്കു യാതൊന്നും ഒരുങ്ങിയിട്ടില്ല. എന്റെ സമ്പാദ്യം, ഒരു ചെറുകുമ്പിളിൽ നാലഞ്ചു കണ്ണീർക്കണങ്ങൾ മാത്രം! നാഥാ, അതു മുത്തുകളായി അങ്ങു സ്വീകരിക്കുമോ?

* * * * *

പരാജിതന്റെ അവകാശം*

(പുളിമാന, പരമേശ്വരൻപിള്ള)

[ഓമനിച്ചോമനിച്ചുവച്ചിരുന്ന ജീവിതസ്വപ്നങ്ങളുടെ ശവകുടീരത്തിൽ, അവസാനമായി ഒരു കണ്ണുനീർത്തുള്ളി സമർപ്പിക്കാൻ അവന്റെ ശിരസ്സു കുനിഞ്ഞപ്പോൾ—അവർ കൈചൂണ്ടിക്കാണിച്ചു: "ഭീരു! നാണംകെട്ടവൻ! കരയുന്നതു കണ്ടില്ലേ?" ഒരുതുള്ളി കണ്ണുനീരിന്റെ സാന്ത്വനം പോലും പരാജിതനു് അനുവദിക്കപ്പെട്ടിട്ടില്ല!

തോൽവിയുടെ 'പാപം' ഹൃദയരക്തംകൊണ്ടു കഴുകിക്കളയാൻ ലോകം ആവശ്യപ്പെടുന്നു!

ലോകത്തിന്റെ മനസ്സാക്ഷി! പരാജിതനോടു ചോദിക്കൂ—അവൻ പറയും, "വിജയിയുടെ വശത്തു നിൽക്കുന്ന ഒരു വ്യാജസ്ഥാപനമാണു് അതു്."]

പാഴ്സ്വപ്നമോരോന്നു കണ്ടതുമോർത്തുനീ
കേഴുവതെന്തിനെൻ ദഗ്ദ്ധഹൃദയമേ?

നീ വിങ്ങിവിങ്ങിക്കരകിലെന്തി,പ്പാരി-
നാവില്ല നിന്നെ വെറുക്കാതിരിക്കുവാൻ.

ലോകം വിജയിതൻ ചാരിത്രകീർത്തന-
മേകം സ്വധർമ്മമായുള്ള വൈതാളികൻ;

ലോകമറിഞ്ഞുപോയ് തോൽവിയെന്നുള്ളൊരാ
തേവിടിപ്പെണ്ണുമായുള്ളനിൻ വേഴ്ചകൾ!

നീ പരിഹാസ്യൻ, പരാജിതനെ,ങ്കിലും
നാണമില്ലല്ലോ നിനക്കു കരയുവാൻ?

സാന്ത്വനപ്പൂവനച്ഛായയുണ്ടിങ്ങെന്നു
സന്തതം നീ വെമ്പി വന്നതാണത്ഭുതം!—

യോഗ്യതയില്ല നിനക്കു ജീവിക്കുവാൻ;
ഭാഗ്യവാന്നുറ്റതീലോകം;—അപരമോ?

* Rights Reserved by the Author.

റിഹേഴ്സൽ ക്യാമ്പ്

(പി. കേശവദേവ്)

[നീളംകൂടിയ ഒരു ഹാൾ. രാത്രി സമയം. ഹാളിന്റെ നടുവിൽ 'പെട്രോമാക്സ്' മങ്ങിമങ്ങി പ്രകാശിക്കുന്നു. ജനാലകൾ അടച്ചിരിക്കുന്നു. വാതിൽ ചാരിയിരിക്കുന്നു. വാതലിന്റെ നേരെ ക്യാൻവാസ് ചെയറിൽ നാടകപ്രൊപ്രൈറ്റർ കൂക്കംവലിച്ചു് ഉറങ്ങുന്നു. അതിനടുത്തു് തറയിൽ വിലങ്ങെ വിരിച്ചിരിക്കുന്ന ഒരു പായിന്റെ നടുവിൽ നാടകകൃത്തു് ഇരിക്കുന്നു. അയാളുടെ വലതുവശത്തു് നാടകമാനേജരും, ഇടതുവശത്തു് ഭാഗവതർ എന്നു വിളിക്കപ്പെടുന്ന നായകന്റെ പാട്ടെടുക്കുന്ന ആളും ഇരിക്കുന്നു. മാനേജരുടെ വലതുഭാഗത്തു് നീളത്തിൽ വിരിച്ചിരിക്കുന്നപായിൽ ഒന്നാംസ്ത്രീപാട്ടുകാരി, രണ്ടാംസ്ത്രീപാട്ടുകാരി, മൂന്നാംസ്ത്രീപാട്ടുകാരി എന്നിവർ യഥാക്രമം ഇരിക്കുന്നു. ഭാഗവതരുടെ ഇടതുഭാഗത്തു്, സ്ത്രീകൾക്കു് അഭിമുഖമായി ഉപനായകനും, വില്ലനും, രണ്ടു കാമേഡിയന്മാരും ഇരിക്കുന്നു.]

നാടകകൃത്തു്:—(വായിച്ചു കൊണ്ടിരുന്ന നോട്ടുബുക്കു താഴെവച്ചു്, രണ്ടാംമുണ്ടു കൊണ്ടു വീശുന്നു) ഈ നാടകം വായിച്ചുതീൎന്നിരിക്കുന്നു. നിങ്ങൾക്കു് അഭിനയിക്കുവാനായി ഞാൻ എഴുതിയ നാടകമാണിതു്. ഇതു് നിങ്ങൾക്കു യോജിക്കുമോ ഇല്ലയോ എന്നു് എനിക്കു നിശ്ചയമില്ല. ഈ നാടകത്തെപ്പററി നിങ്ങൾക്കു തോന്നുന്ന അഭിപ്രായം തുറന്നു പറയുന്നതിൽ ഒട്ടും മടിക്കേണ്ട.

(മാനേജരുടെ തുടയിൽ ഒന്നുതട്ടുന്നു.)

മാനേജർ:—(ഞെട്ടിഉണരുന്നു) ഉം?...ഉം? ...ഉം?

നാ: കൃ:—നാടകം വായിച്ചു തീൎന്നു. ഇനി നിങ്ങൾക്കുള്ള അഭിപ്രായങ്ങൾ കേൾക്കണം.

മാനേ:—അഭിപ്രായം പറയാനെന്നുമില്ല. എല്ലാവരും കേട്ടില്ല്യോ. വല്ലവൎക്കും കൂടുതലോ കൊറവോ ഒണ്ടെങ്കിൽ അവർ പറയുമല്ലോ. എന്നിട്ടു് എല്ലാംകൂടി യൊന്നു തല്ലിക്കൂട്ടി വേഗം റിഹേഴ്സലങ്ങുതൊടങ്ങണം. ചിങ്ങം 1-നു- ഉൽഘാടനം നടത്തണ്ടതാ. ചിങ്ങത്തിൽ തന്നെ ഒരു പത്തുപന്ത്രണ്ടു കളിയെങ്കിലും നടത്തിയില്ലെങ്കിമൊതലാകത്തില്ല. (തിരിഞ്ഞു് പ്രൊപ്രൈറ്ററുടെ കാലിൽ പിടിച്ചു കുലുക്കുന്നു) ചേട്ടാ. ചേട്ടാ.

പ്രൊപ്രൈറ്റർ:—ഛെ!....ഫോ!....(ഒന്നു തിരിഞ്ഞുകിടന്നു് ഉറങ്ങുന്നു.)

മാനേ:—ചേട്ടാ. ചേട്ടാ. (വീണ്ടും കുലുക്കുന്നു.)

ഭാഗവതർ—അദ്ദേഹത്തെ എന്തിനാ ഉണൎത്തുന്നതു്. നമ്മൾ അഭിപ്രായം പറഞ്ഞാൽ മതിയല്ലോ.

മാനേ:—നേരാ. നേരാ. അദ്ദേഹം ഉറങ്ങട്ടെ. നമ്മളങ്ങു നിശ്ചയിച്ചാൽ അദ്ദേഹത്തിനു സമ്മതമാ. ചരിത്രത്തെപ്പററി ഭാഗവതൎക്കെന്താ പറയാനുള്ളതു്?

ഭാഗ:—എല്ലാവരും പറയട്ടെ. എന്നിട്ടു ഞാൻ പറയാം. ആദ്യം മാനേജരുതന്നെ പറയണം.

മാനേ:—എനിക്കു ഒരു കാൎയ്യമേ പറയാനൊള്ളു. നാടകം ഏററവുകൊഴുക്കണം. ഒരു കളികഴിഞ്ഞാൽ ചുരുങ്ങിയതു് പത്തു ബൂക്കിങ്ങെങ്കിലും നടക്കണം. അവിടെത്തന്നെ പിന്നേം കളിനടത്താൻ കൺട്രാക്ടറന്മാരു വരണം. ...നിങ്ങക്കെല്ലാം വല്ലതും കിട്ടണം. എനിക്കു് മുടക്കിയ പണമിങ്ങു കിട്ടിയാലും ഞാൻ തൃപ്തിപ്പെട്ടോളാം. നാടകം കളിക്കുന്നതു മോക്ഷത്തിനുംമററുമല്ല.......ആകട്ടെ, ഈ ചരിത്രത്തിൻെറ അവസാനമെങ്ങിനെയാ സാറേ?

നാ: കൃ—ഇതൊരുശോകാന്ത്യനാടകമാണു്.

മാനേ:—എന്നുവച്ചാൽ?

ഉപനായകൻ:—ട്രാജഡി.

മാനേ:—കളഞ്ഞല്ലോ. അതു മാററണം. മാററണം. ട്രാജഡി നമ്മുടെ ആളുകൾക്കിഷ്ടമല്ല. ഞാനിപ്പം നാടകക്കമ്പനി തൊടങ്ങീട്ടു കൊല്ലം പത്തുപതിനഞ്ചായി. നാടകം കാണാൻവരുന്ന പാസഞ്ചേഴ്സ് ഏതുതരക്കാരാണെന്നു എനിക്കറിയാം. അവൎക്കു കാമഡിയാ ഇഷ്ടം. നാടകം കഴിയുമ്പഴ് പാസഞ്ചേഴ്സ് ചിരിച്ചുകളിച്ചുപോകണം. എന്നാലേ പിന്നേയും നാടകംകാണാൻ വരൂ.

ഉ: നാ:—വില്ലനെ മാത്രമേ കൊല്ലാവൂ.

മാനേ:—സ്റ്റേജഫക്ഷനുവേണ്ടി, വേണമെങ്കിൽ ഒന്നോ രണ്ടോ ചില്ലറ പാൎട്ടുകാരേക്കൂടി കൊല്ലാം. ഒടുവിൽ ചാവാത്തവരെല്ലാവരുംകൂടി സ്റ്റേജിൽവന്നു പാടണം. അപ്പഴാ, നാടകം ഏൾക്കുന്നതു്.

ഭാഗവതർ:—നായികയും നായകനുംകൂടി എല്ലാത്തിലും ഒടുവിൽ ഒരു ഡ്യൂവററു പാടണം.

മാനേ.—എന്നാൽ കെങ്കേമമായി.

ഉ: നാ:—അവസാനരംഗത്തിൽ ഉപനായകനു് ഒരു പ്രസംഗം വേണം. കുറച്ചു പറയാൻവേണ്ടതും ഉണ്ടായിരിക്കണം. നന്മക്കേ എപ്പോഴും ഗുണമുള്ളു. വില്ലൻ ചത്തതുകണ്ടോ, നായികയും നായകനും വളരെ കഷ്ടപ്പെട്ടു എങ്കിലും ഒടുവിൽ അവൎക്കാ ഗുണമുണ്ടായതു് എന്നെല്ലാമായിരിക്കണം പ്രസംഗം..........പിന്നെ ഈ ചരിത്രത്തെപ്പററി എനിക്കു് ഒരു വലിയ ആക്ഷേപമുണ്ടു്.

മാനേ:—പറയണം, പറയണം. പഴക്കമുള്ള നടന്മാരാ ചരിത്രത്തിലെ മിസ്റ്റേക്കു കണ്ടു പിടിക്കേണ്ടതു്. എന്നാലേ നാടകം നന്നാകൂ. നാടകം നന്നായാലേ നാലുകാശു കിട്ടത്തൊള്ളു. പറയണം, പറയണം.

ഉ: നാ:—ഈ ചരിത്രത്തിൽ സാഹിത്യമില്ല. വീട്ടിലിരുന്നു വൎത്തമാനം പറയുന്നതുപോലെയാ എഴുതിവച്ചിരിക്കുന്നതു്.

മാനേ:—അങ്ങനെയാണോ എഴുതിയിരിക്കുന്നതു്! എന്നാലതു മാററണം. മാററണം. ഒരുവാചകമങ്ങു പറഞ്ഞിട്ടാൽ, പാസഞ്ചേഴ്സിൻെറ കഴുത്തിലെല്ലാം പാമ്പുചുററിക്കെടക്കുംപോലെ കെടക്കണം. തൂത്തുകളഞ്ഞാലും പോകരുതു്. എന്നാലേ, നാടകം ഏൾക്കൂ.

ഒന്നാംകാമേഡിയൻ—അല്ലെങ്കിലീ നാടകം നാടകമെന്നു പറയുന്നതെന്താന്നാ? അതൊരു വെടിക്കെട്ടുപൊട്ടിക്കലാ. പൊട്ടലും, ചീററലും, ഒച്ചേം, വിളീം, ചിരീം—അതാ നാടകം. നാടകം കാണുന്നവരു് നാടകം കഴിയുമ്പഴെങ്ങനെ ആയിരിക്കണമെന്നറിയാമോ?—കാണുന്നതിനുമുൻപു് എങ്ങനെ ആയിരുന്നോ അതുപോലെ ആയിരിക്കണം. ഈ ചരിത്രം വായിക്കാൻ തൊടങ്ങീപ്പഴേ എനിക്കു തോന്നിയതാ, ഇതിലു സാഹിത്യമില്ലെന്നു്.

രണ്ടാംകാമേഡിയൻ:—സാഹിത്യം വേണമെങ്കിൽ നമ്മുടെ ഓച്ചിറ സ്വാമി ചരിത്രം എഴുതണം. പെടലിക്കുന്നേൽ രാമൻപിള്ളസ്സാറിൻെറ സാഹിത്യവും തരക്കേടില്ല. ഞാൻ കാളകണ്ടൻഭാഗോതരുടെ കമ്പനീലായിരുന്നപ്പഴ് ഓച്ചിറ സ്വാമീടെ ചരിത്രമാ. സ്വാമീടെ ഒരു വാചകം പറഞ്ഞുകഴിഞ്ഞാൽ, അമ്മ തന്ന മൊലപ്പാലു വായിലുവരും. അങ്ങനെയാ ആണുങ്ങള് സാഹിത്യമെഴുതുന്നതു്. മാനേജരറിയുമോ, മഹാമഹാമഹോപാദ്ധ്യായ വിദ്വൽശിരോമണി കുട്ടൻപിള്ളശാസ്ത്രിയെ? ഞങ്ങൾടെ ആനപ്രാമ്പാകളിക്കു് അദ്ദേഹം വന്നിട്ടൊണ്ടായിരുന്നു. നാടകോം കണ്ടേച്ചു് അദ്ദേഹം ഹേഡങ്ങത്തയോട്ടു് പറഞ്ഞതെന്താണെന്നറിയാമോ?—അദ്ദേഹത്തിനു് ഒരൊററവാചകത്തിൻെറ അത്ഥംപോലും മനസ്സിലായില്ലെന്നു്. അതാ നാടകം. അതാ സാഹിത്യം.

മാ:—ആ കാലമെല്ലാം പോയില്ല്യോ പരമേശ്വരൻപിള്ളേ പാണ്ഡിത്യമില്ലാത്തവനൊക്കെ നാടകമെഴുതാൻതൊടങ്ങിയാപ്പിന്നെങ്ങനെയാ നാടകം നന്നാകുന്നതു്?

ഉ: നാ:—നല്ല സാഹിത്യം കുറെ എഴുതിത്തന്നില്ലെങ്കിൽ എനിക്കു വയ്യാ ഈ ചരിത്രം പഠിക്കാൻ. ഈശ്വരസഹായംകൊണ്ടു് എനിയ്ക്കൊരു നല്ല പേരൊണ്ടു്. അതില്ലാതാക്കാൻ ഞാൻ സമ്മതിക്കത്തില്ല. വേറേയുമുണ്ടു് ഇതിൽ തെററു്.

മാ:—പറയണം. എല്ലാം പറയണം.

ഉ: നാ:—വില്ലൻ ചാകുന്നില്ല. ഞാനായിരിക്കണം വില്ലനെ കൊല്ലേണ്ടതു്. നല്ല ഘനമുള്ള നാലു വാചകം പറഞ്ഞേച്ചു വേണം വില്ലനെ കുത്താൻ. ഇക്കൊല്ലം നമ്മള് കളിച്ച നാടകത്തിലു് വില്ലനെ കുത്താൻനേരത്തു പറയുന്നതുപോലിരിക്കണം വാചകങ്ങൾ. ഓരോ വാചകത്തിനും ക്ലാപ്പ്സ് കിട്ടണം. ആ രംഗം കഴിഞ്ഞുവന്നാൽ, നാലു സോഡാ കുടിച്ചാലേ ക്ഷീണം തീരാവൂ. ഈ ചരിത്രം എഴുതാൻ തൊടങ്ങിപ്പഴേ ഞാൻ പറഞ്ഞതാ, എനിയ്ക്കുള്ള ഭാഗം ഒന്നു കുശതി എഴുതണമെന്നു്.

വില്ലൻ:—പിന്നൊരുകാര്യം! വില്ലനെകൊല്ലാൻ ഞാൻ സമ്മതിക്കത്തില്ല. ഞാൻ തന്നത്താൻ ചത്തോളാം. കള്ളത്തരം മുഴുവൻ വെളിച്ചത്താകുമ്പഴ്, ചങ്കുപൊട്ടിയങ്ങു ചത്തേക്കാം. എന്നാലേ, രംഗത്തു കൊറെ ഘേല എറക്കാനൊക്കത്തൊള്ളൂ.

മാ:—അതു നേരാ. വേല അറിയാവുന്നവക്കു വേലകൊടുക്കണം. വില്ലൻെറ മൊഖം എക്സ്പ്രസ്സ്‌വരുന്ന മൊഖമാ.

വി:—ചങ്കുപൊട്ടി ചാകാൻനേരത്തു നിലവിളിച്ചുകൊണ്ടു പറയാൻ ഒരു പത്തു വാചകം എഴുതിത്തരണം.

ഒ: കാ:—അതെ; ആ പത്തു വാചകം പറഞ്ഞുകഴിയുമ്പോൾ ചങ്കുപൊട്ടണം.

മാ:—ഭാഗവതരൊന്നും പറയുന്നില്ലല്ലോ. പറയണം ഭാഗവതരേ, പറയണം.

ഭാഗ:—"ചന്ദ്രോദയം" എവിടെ പാടാമെന്നാ ഞാൻ ആലോചിക്കുന്നതു്.

മാ:—പിന്നൊരു കാര്യമൊണ്ടു്, ഭാഗവതരേ. ഒന്നാന്തരം ഹിന്ദി ട്യൂൺ കൊറെ തട്ടിവിടണം.

ഭാ:—അതിനെന്താ. എത്രവേണമെങ്കിലും എറക്കിവിടാം.—പുതിയതു്, പുതിയതു്. "സോജാ" ഒന്നു്. പിന്നൊന്നു് "ചലേപവനകീ." ഇനീയുമൊണ്ടു് എത്രവേണമെങ്കിലും.

മാ:—ചൂടുമാറാത്ത ട്യൂൺ വേണം നമ്മളെറക്കാൻ.

ഉ: നാ:—എനിക്കു് "ധ്യാനമേ" പാടാൻ ഒരവസരം വേണം. അതെനിക്കു നല്ല

പോലെ പാടാവുന്നതാ. പിന്നെ "ചൽ ചൽചലോ"വും പാടിക്കളയാം.

മാ:—(നടിമാരോട്) നിങ്ങളുടെയെല്ലാം ട്യൂൺ കണ്ടു വച്ചിട്ടുണ്ടോ?

നായി:—അതെല്ലാം ഭാഗവതരു നിശ്ചയിച്ചാമതി.

ഭാ:—അതിനു നിങ്ങളാരും ബുദ്ധിമുട്ടേണ്ട. എല്ലാം ഞാൻ നിശ്ചയിച്ചുകൊള്ളാം. പുതിയ പ്ലേററ് 50 എണ്ണമാ ഞാൻ വരുത്തി വച്ചിരിക്കുന്നതു്.

മാ:—അതിരിക്കട്ടെ. ചരിത്രത്തിൽ ഭാഗവതർക്കു വല്ല മാററവും വരുത്തണമെന്നുണ്ടോ?

ഭാ:—എനിക്കു സ്പീച്ചു് കുറച്ചുമതി. എനിക്കു കടപടാന്നു പറയാനമൊന്നും വയ്യാ. പാടാം. എത്ര വേണമെങ്കിലും പാടാം.

മാ:—ഉം. പിന്നെന്തുവേണം?

ഭാ:—ഒന്നാം രംഗത്തിൽ എറങ്ങാൻ എനിക്കു ഒക്കത്തില്ല. പൗഡറിട്ടു്, കണ്ണും പുരികോം എഴുതി, ഉടുപ്പും ഇട്ടു് ഒരുങ്ങി വരാൻ സമയം കുറെ വേണം. മൂന്നാം രംഗത്തിലൊ, നാലാം രംഗത്തിലോ നായകൻ പ്രവേശിച്ചാൽ മതി. രണ്ടാം രംഗം കഴിഞ്ഞു ഞാൻ കീർത്തനംപാടാം. അതു കഴിഞ്ഞു മൂന്നാം രംഗത്തിൽ പ്രവേശിക്കുകയും ചെയ്യാം.

രണ്ടാം കാമേഡിയൻ—അതേ. അതാ, ശരി. നായകൻ ഒന്നാംരംഗത്തിലിറങ്ങിയാൽ അന്തസ്സില്ല. നായകനെപ്പവരും, എപ്പവരും എന്നു നോക്കിയിരിക്കണം സദസ്സ്.

മാ:—നായകൻ പ്രവേശിക്കുന്ന രംഗത്തിൽതന്നെ ഡുവററും വേണം.

നായി:—നായകൻ ആദ്യം പ്രവേശിക്കുന്ന രംഗത്തിൽ നായിക വരുന്നില്ലല്ലൊ.

മാ:—നായകൻ പ്രവേശിക്കുന്ന രംഗത്തിൽ തന്നെ നായികയേയും വരുത്തിയാൽ പോരേ?

നായി:—അതു മതി.

ഉപനായിക—ഈ ചരിത്രത്തില് എനിക്കു ഒരു പ്രഭുപുത്രിയുടെ പാർട്ടല്യോ. ആ പാർട്ടുക്കണമെങ്കിൽ നല്ല സാരീം ജമ്പറുമെല്ലാം വേണം. എനിക്കു രണ്ടുമൂന്നു പഴയ സാരിയേ ഒള്ളു.

മാ:—പുതിയ സാരി വാങ്ങണം. അതിനല്യോ അഡ്വാൻസ് തന്നിരിക്കുന്നതു്.

ഉപനായിക—അഡ്വാൻസ് തന്നതു കൊടുത്തു് സാരി വാങ്ങിയാൽപിന്നെ വീട്ടിൽ ചെലവുകഴിയുന്നതെങ്ങിനെയാ മാനേജരേ.

മാ:—ആകട്ടെ. അതിനെല്ലാം നിവൃത്തിയുണ്ടാക്കാം. (മൂന്നാമത്തെ നടിയോടു്) കമലാക്ഷിക്കു് ഒന്നും പറയാനില്ലേ?

കമലാക്ഷി—ഇല്ല. എനിക്കു് ഒന്നും പറയാനില്ല.

മാ:—പുതിയ നടിയല്ലെ. ഇപ്പോൾ ഒന്നും അറിഞ്ഞുകൂടല്ലൊ.

നായി:—എനിക്കൊരു പ്രധാന സംഗതി പറയാനുണ്ടു്. ഈ ചരിത്രത്തിലെ നായിക ദരിദ്രയാണു്. മുഷിഞ്ഞ മുണ്ടും ജമ്പറും ധരിച്ചുകൊണ്ടുവരണമെന്നാണു് എഴുതിയിരിക്കുന്നതു്. അതെനിക്കു വയ്യാ. ഇക്കൊല്ലം കിട്ടിയ പണത്തിൽ പകുതിയും ഞാൻ സാരിയും ജമ്പറുംമേടിക്കാനാ ഞാൻ ചിലവാക്കിയതു്. അതെല്ലാം പെട്ടിയിൽ വച്ചിട്ടു് വൃത്തികേടായി വരാൻ എനിക്കിപ്പം മനസ്സില്ല. ഭേദപ്പെട്ടവരുടെ മുൻപിൽചെന്നു നില്ക്കാനുള്ളതല്ലെ. അവക്കെന്തുതോന്നും. ഒന്നോ രണ്ടോ രംഗത്തിലാണെങ്കിലും സഹിക്കാം. ഇതു്, ആദ്യംമുതൽ അവസാനംവരെ വൃത്തിയായി സ്റ്റേജിൽ എറങ്ങാൻ ഒക്കുകയില്ല. എഴുതുന്നവക്കു് എഴുതിവച്ചാൽമതി. എന്റെ തൊലിയാ ഉരിയുന്നതു്.

ഒ: കാ:—അപ്പറഞ്ഞതൊരു പ്രധാന കാര്യമാ. രൂപാ കൊടുത്തു സാരിയും ജമ്പറുംമേടിച്ചു പെട്ടിയിൽവച്ചേച്ചു്, നാററ

ത്തുണിയും ഉടുത്തോണ്ടു നാടകംകളിക്കണമെന്നു പറയുന്നതെന്തു വകതിരിവില്ലായ്മയാ.

ഉപനാ:—നല്ലതുപോലെ ഉടുത്തൊരുങ്ങി സ്റ്റേജിലിറങ്ങിയില്ലെങ്കിൽ ആളുകൾ പറയും, ഒന്നും ഇല്ലാഞ്ഞിട്ടാണെന്നു്.

നായ:—എല്ലാരൊപ്പം നിന്നു പാടാനും ആക്റ്റുചെയ്യാനും ഉള്ളതല്ലേ. മോടിയായി ഉടുത്തൊരുങ്ങിത്തന്നെ ഇറങ്ങണം.

മാനേ:—അതിനിപ്പഴെന്തുവേണം? സാരി ഉടുക്കണ്ടാന്നു് ആരു പറഞ്ഞു?

നായി:—ചരിത്രം വായിക്കുന്നതു മാനേജർ കേട്ടില്ലേ?

മാനേ:—അതങ്ങിനെയൊക്കെ എഴുതും. ഇക്കൂട്ടർക്കു് എഴുതാനേ അറിയാവൂ. ഏട്ടിലെ പശു പുല്ലു തിന്നത്തില്ല. ആളുകൾക്കൊരു ബഹുമാനോം ഇഷ്ടോം തോന്നണമെങ്കിൽ കണ്ടാലൊരഴകും ചന്തവുമൊക്കെ വേണം. ഈ നാടകമെന്നു പറയുന്നതെന്തോന്നാ? ഒരു പടമാ, പടം... . അന്നു് എറണാകുളത്തെ കളികഴിഞ്ഞു മേടിച്ച സാരി എവിടെ?

നായി:—പെട്ടിയിൽ വച്ചിട്ടുണ്ടു്.

മാനേ:—അതും ഉടുത്തോണ്ടുവേണം ആദ്യം എറങ്ങാൻ.

ഒന്നാംകാ:—മാനേജരേ, എനിക്കൊരു കാര്യം പറയാനുണ്ടു്. ഈ ചരിത്രത്തില് കാമിക്കില്ല. കാമിക്കില്ലാത്ത ചരിത്രോം കൊണ്ടു നടന്നാ ഏറുകിട്ടും. വല്ലതും നാലുചക്രം കിട്ടണമെങ്കിൽ ചിരിപ്പിക്കാനുള്ള വകവേണം. ഇതിലിപ്പം കാമിക്കെന്നുംപറഞ്ഞൊരാളുള്ളതു് ഒരു വിക്കനാ. പിന്നെ ഒരു ദേഷ്യക്കാരനമ്മാവനുമുണ്ടു്. അതൊന്നും കാമിക്കല്ല. സിനിമായിൽ കണ്ടിട്ടില്ല്യോ, കാളിയൻ രത്തിനത്തിന്റെ കാമിക്കു്. അതുപോലിരിക്കണം. എനിക്കു്, കൂട്ടിത്തമ്മിത്തല്ലിക്കുന്ന ഒരു പാട്ടു തന്നാ മതി. എല്ലാരടെ അടുത്തും ചെല്ലണം. എല്ലാവരോടും നൊണപറയണം. ഒടുവിലൊരു ലഹള. ഞാൻ ഒന്നും അറിയാത്തഭാവത്തിലൊരു നിൽപ്പും.

രണ്ടാംകാ:—എനിക്കു് ഒരു ചട്ടമ്പീടെ പാട്ടു മതി. വില്ലന്റെ കൂട്ടുകാരൻ.

നാ: കൃ:—(നോട്ടുബുക്കു് എടുത്തുകൊണ്ടു് എഴുന്നേൽക്കുന്നു.) എന്നാൽ ഞാൻ പോകട്ടെ. എല്ലാവർക്കും നമസ്കാരം.

മാനേ:—എവിടെ പോകുന്നു?

നാട: കൃ:—ഞാൻ എന്റെ വീട്ടിലേക്കു പോകുന്നു.

മാ:—ഇപ്പപ്പോയാലെങ്ങിനെയാ? സാറു് വീട്ടിൽ പോയികെടന്നൊറങ്ങിയാലൊക്കുമോ?!—

നാ: കൃ:—എനിക്കു പോകണം. പോയേ കഴിയൂ.

മാ:—ആക്ടേഴ്സിനു ചെലവിനുംകൊടുത്തിങ്ങനെ താമസിപ്പിക്കാനൊക്കത്തില്ല. എങ്ങനേങ്കിലും ഒരു റിഹേഴ്സലുമങ്ങു നടത്തി ഉൽഘാടനം കഴിഞ്ഞാലേ വല്ലതും നാലുചക്രം കിട്ടത്തൊള്ളൂ.

നാ: കൃ:—എനിക്കു പോയേ കഴിയൂ.

മാ:—പോയാലെപ്പവരും?

നാ: കൃ:—ഞാൻ ഇനി ഇങ്ങോട്ടു വരികയില്ല.

മാ:—ഇതെന്താ സാറേ, കളിപറയുന്നോ.

നാ: കൃ:—ഞാൻ കളിപറയുകയല്ല. ഞാനിനി ഇങ്ങോട്ടുവരികയില്ല. ഇതു കലയുടെ കശാപ്പുശാലയാണു്.

മാനേ:—ചുമ്മാ ഇരിക്കണം സാറെ. കവിത പറഞ്ഞാൽ ഞങ്ങൾക്കും കൊറെ ഒക്കെ മനസ്സിലാകും.

നാ: കൃ:—എനിക്കു വയ്യാ, ഈ കലാനിഗ്രഹത്തിനു കൂട്ടുനിൽക്കുവാൻ.

മാനേ:—സാറിവിടെ കൂട്ടുനിയ്ക്കുകേം ഒന്നും വേണ്ട. ചരിത്രം എഴുതിതന്നേച്ചാമതി.

നാ: കൃത്തു്:—ഞാൻ നാടകമെഴുതിക്കൊണ്ടുവന്നു. വായിച്ചുകേൾപ്പിക്കുകയും ചെ

സ്തു. നിങ്ങൾക്ക് അതു അംഗീകാര്യമ
ല്ലാത്തതിന്ന ഞാനെന്തുചെയ്യും?

മാനേ:—ഞങ്ങൾക്കു പററിയവിധത്തി
ലൊന്നു് എഴുതി തരണം.

നാ: കൃത്തു്—അതിന്ന എനിയ്ക്കുറിഞ്ഞുകൂ
ടാ. അതിന്നകലാകൊലപാതകികൾക്കേ
സാധിക്കൂ. എന്റെ നാടകം അഭിനയി
ക്കുവാൻ നടന്മാരും നടികളും വേണം.

ഭാ:—അപ്പോൾ ഞങ്ങളാരും അതൊന്നുമ
ല്ല്യോ സാറെ?

നാ: കൃ:—നിങ്ങൾ കലയെ വ്യഭിചരിപ്പി
ച്ചു് ഉപജീവനം കഴിക്കാൻ നടക്കുന്ന
വർ. നിങ്ങൾ, കലയുടെ കഴുത്തറുത്തു്
ചോരകുടിക്കാൻ നടക്കുന്നവർ.

വില്ലൻ:—(ചാടി എഴുന്നേല്ക്കുന്നു) പിന്നേ,
സൂക്ഷിച്ചു സംസാരിച്ചില്ലെങ്കിലൊണ്ട
ല്ലൊ!

മാനേ.—(എഴുന്നേററു് വില്ലനെ തടുക്കുന്നു)
ഛെ! അടങ്ങി ഇരിക്കുവ്വേ അവിടെ.
ഞാനിവിടെ ഇരിക്കുമ്പഴ്, താനെന്തി
നാ ഉവ്വേ ഇതൊക്കെ പറയുന്നതു്? പ
റയാനും, പ്രവൃത്തിക്കാനുമെല്ലാം എനി
ക്കറിയാം. അതെല്ലാം പഠിച്ചേച്ചാ,
ഞാൻ ഈ തൊഴിലിനെറങ്ങീതു്. താ
നവിടെ ഇരിക്കൂ. (പിടിച്ചിരുത്തുന്നു.)

വില്ലൻ—ഹും! പറയുന്നതു കേട്ടില്ല്യോ. ഞ
ങ്ങളു വ്യഭിചരിച്ചെന്നു്! വ്യഭിചരിച്ചെ
ങ്കിലിയാക്കെന്താ നഷ്ടം?

മാനേ:—മിണ്ടാതിരിക്കാൻ പറഞ്ഞില്ല്യോ.
..........(നാടകകൃത്തിനോടു്) സാറേ,
ഈ ചരിത്രം കളിക്കാൻ കൊള്ളത്തില്ല.
ഇതിന്റെ അലകും പിടിയും മാററണം.
ചരിത്രം വേറൊന്നെഴുതുകയാ നല്ലതു്.

നാ: കൃ—അതിന്ന വേറെ ആളെ അന്വേ
ഷിച്ചുകൊള്ളണം. നിങ്ങളെപ്പോലുള്ള
കലാനിഗ്രഹികൾ ഇനിയും ധാരാളമു
ണ്ടു്. അവരിലാരെയെങ്കിലുംകൊണ്ടു്
എഴുതിച്ചുകൊള്ളുക. നിങ്ങളിൽ ഓരോ
രുത്തരും പറഞ്ഞ അഭിപ്രായങ്ങൾ
ഞാൻ കേട്ടു. എനിക്കു ശക്തിയുണ്ടായി
രുന്നെങ്കിൽ, എനിക്കു അധികാരമുണ്ടാ
യിരുന്നെങ്കിൽ, നിങ്ങളെ ഞാൻ കഠിന
മായി ശിക്ഷിക്കുമായിരുന്നു. കേരളീയ
രുടെ കലാസംബോധത്തിന്നു് നിങ്ങൾ തീ
രാക്കളങ്കമാണു്. കലാദേവിയുടെ മുഖ
ത്തു നിങ്ങൾ ചളിവാരി എറിയുകയാ
ണു്. വിദ്യാഭ്യാസമോ, കലാബോധ
മോ, സംസ്കാരമോ ഇല്ലാത്തവരാണു
നിങ്ങൾ.

(വില്ലൻ എഴുന്നേൽക്കാൻഭാവിച്ചിട്ടു്
വീണ്ടും ഇരിക്കുന്നു.)

ഒ: കാ:—ഇയാളിന്നു രണ്ടു വാങ്ങിക്കൊണ്ടു
പോകുന്ന ലക്ഷണമാ.

മാനേ:—(കാമേഡിയന്റെ നേരെ ക്ഷമി
ച്ചിരിക്കാൻ ആംഗ്യം കാണിച്ചിട്ടു് (നാ
ടകകൃത്തിനോടു്) ഇതു കലയും കുലയു
മൊന്നുമല്ലുവ്വേ. ഇതു നാടകമാ.

രണ്ടാംകാമേഡിയൻ—ഇതു ഞങ്ങടെ പെ
ഴപ്പാ.

നാ: കൃത്തു്—ഇതാണു് നാടകമെങ്കിൽ,
കലയുടെ കഴുത്തറുത്താലേ നിങ്ങടെഉപ
ജീവനം നടക്കുകയുള്ളുഎങ്കിൽ, ദയവു
ചെയ്തു് ഈ നാടകത്തിൽനിന്നു്, ഈ
ഉപജീവനസംരംഭത്തിൽനിന്നു്, ഈ
പാവപ്പെട്ടവനെ ഒഴിവാക്കിയേക്കണം.
(പോകാൻ ഭാവിക്കുന്നു.)

മാനേ:—എവിടാ പോകുന്നതു്? നിയ്ക്ക
ണം അവിടെ (കൈ ബലമായി പിടി
ക്കുന്നു.) ഞങ്ങക്കീകലാപ്രസംഗമൊ
ന്നും കേൾക്കണ്ടാ. കലകൊണ്ടുപോ
യി കുഴിച്ചുമൂടണം. ഞങ്ങളു പറയും
പോലെ ചരിത്രം എഴുതിത്തരുമോ, ഇ
ല്ലയോ? അതാ എനിയ്ക്കറിയേണ്ടതു്.

നാ: കൃത്തു്—നിങ്ങൾ പറയുംപോലെ എ
ഴുതുവാൻ ഞാൻ തയാറില്ല.

മാനേ:—തയാറില്ലെന്നും മററും ഒററമൂച്ചി
നങ്ങു പറഞ്ഞാലൊക്കുമോ ഉവ്വേ. കൊ
ല്ലത്തും കൊച്ചീലും ഒള്ളവരെയെല്ലാം വ

രുത്തി അഡ്വാൻസും കൊടുത്തു്, ചെലവിനും കൊടുത്തു്, താമസിപ്പിച്ചിരിക്കുന്നതു ഞാനാ. രൂപാ പത്തായിരമായിരത്തഞ്ഞൂറങ്ങു് പൊടിച്ചേച്ചാ ഞാൻ നിയ്ക്കുന്നതു്.

നാ: കൃത്തു്—മദ്യഷാപ്പിനും, എറച്ചിക്കടയ്ക്കുംവേണ്ടി പണം മുടക്കുന്നവരുണ്ടു്. അതിനൊന്നും ഒരു പാവപ്പെട്ട സാഹിത്യകാരൻ ഉത്തരവാദിയാവുകയില്ല. ഞാൻ പോകട്ടെ. എന്നെ വിടണം. (കൈ കുതറുന്നു.)

മാനേ:—(ബലമായി പിടിച്ചുകൊണ്ടു്) അവിടെ നിയ്ക്കൂവ്വേ. ചരിത്രം എഴുതി തന്നിട്ടേ തന്നെ വിടത്തൊള്ളൂ.

ഭാഗ:—മാനേജരെ, അയാളെ അങ്ങു വിട്ടേക്കണം. മാനേജൎക്കു് എത്ര ചരിത്രം വേണം? ഞാൻ തരാം.

ഒ: കാമേഡിയൻ—അതാ പറയുന്നതു്. അയാളു് അയാൾ കലയുടെ കയ്യും പിടിച്ചോണ്ടു തെണ്ടട്ടെ. ഞാനെഴുതിവച്ചിട്ടൊണ്ടു്, ഒരു ചരിത്രം. അതിലെ പപ്പു രംഗത്തെറങ്ങിയാൽ ആളുകൾ ചിരിച്ചുചിരിച്ചുചാവും.

നാ: കൃത്തു്—അതെ. എന്നെ വിട്ടേക്കണം. ഞാൻ തെരുവുതോറും തെണ്ടിക്കൊള്ളാം. അല്ലെങ്കിൽ പട്ടിണി കിടന്നു മരിച്ചുകൊള്ളാം. എന്നെ വിടണം. ഞാൻപോകട്ടെ. ഈ കൊലക്കളത്തിൽനിന്നു ഞാൻ രക്ഷപ്പെടട്ടെ. (കുതറുന്നു.)

മാനേ:—(പിടി അമർത്തുന്നു) ച്ഛേ! നിയ്ക്കടോ, അവിടെ. എന്നോടു മേടിച്ച രൂപാ ഇങ്ങു തന്നിട്ടു പൊയ്ക്കോ. അല്ലാതെ വിടത്തില്ല.

(പ്രൊപ്രൈറ്റർ ഉണരുന്നു.)

പ്രൊപ്രൈറ്റർ—എന്താ? എന്താ ഇതു്?

മാനേ:—ഇവൻ— —ഈ തെണ്ടി പറയുന്നു, ഇതു കശാപ്പുശാലയാണെന്നു്. ഇവൻെറ കലയെ ഇവിടാരോ വ്യഭിചരിച്ചെന്നു്.

പ്രൊപ്രൈറ്റർ—(നാടകകൃത്തിനോടു്)എന്താഹേ? എന്താ കാര്യം?

നാ: കൃത്തു്—ഞാൻ എഴുതിക്കൊണ്ടുവന്ന നാടകം വായിച്ചുകേൾപ്പിച്ചു. ഇവൎക്കാൎക്കും അതു് ഇഷ്ടമായില്ല. ചിലൎക്കു് പറഞ്ഞാൽ വീഴ്പ്പു മുട്ടുന്ന വാചകങ്ങളും, നെട്ടനെടുങ്കൻ പ്രസംഗങ്ങളും വേണം. വേറെ ചിലൎക്കു്, അവർ കേട്ടിട്ടുള്ള കീൎത്തനങ്ങളും വണ്ണമട്ടുകളുമെല്ലാം പാടണം. ഒരാൾക്കു് കുട്ടിത്തമ്പിത്തല്ലിക്കണം. ഒരാൾക്കു ചട്ടമ്പിയുമാകണം. വില്ലനില്ലെങ്കിൽ നാടകമാവുകയില്ലെന്നു് മറെറാരാൾ. വില്ലനെ കൊല്ലണമെന്നും, തന്നത്താൻ ചത്താൽ മതിയെന്നും വേറൊരു വാദം. പ്രധാനനടി പെട്ടിയിൽ വച്ചിരിക്കുന്ന സാരികളും ജമ്പറുകളും പ്രദൎശിപ്പിക്കാൻ അവസരമുണ്ടെങ്കിലേ പാട്ടെടുക്കുകയുള്ളൂ.

പ്രൊ:—ആളുകൾക്കു് അതൊക്കെയാ ഇഷ്ടം. ആളുകളുടെ ഇഷ്ടത്തിനു നിന്നാലേ, നമുക്കു ചക്രം കിട്ടൂ.

നാ: കൃത്തു്:—കലാകാരന്മാർ ജനങ്ങളുടെ ദുർവാസനകൾക്കു് ഒത്തുനില്ക്കണമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ജനങ്ങളുടെ വികാരങ്ങളേയും വിചാരങ്ങളേയും ഉണർത്തുകയും സംസ്കരിക്കുകയുമാണു് കലാകാരന്മാരുടെ ധർമ്മമെന്നു് ഞാൻ കരുതുന്നു. കലാകാരൻ ജനങ്ങളെ നയിക്കുന്നവനാണു്; ജനങ്ങളാൽ നയിക്കപ്പെടുന്നവനല്ല. നിങ്ങൾ ജനങ്ങളുടെഅന്ധതയേയും, മൃഗീയതയേയും, ദുർവാസനകളേയും കലയുടെ പേരുംപറഞ്ഞു് ചൂഷണം ചെയ്യുന്നവരാണു്. അതിനു കൂട്ടുനിൽക്കുവാൻ ഞാൻ തയാറില്ല. എന്നെ വിടണം. ഞാൻ പോകട്ടെ. (കുതറുന്നു.)

മാനേ:—(പിടി അമർത്തുന്നു) നില്ക്കടോ, അവിടെ. എന്നോടു മേടിച്ചരൂപാ ഇങ്ങു തന്നേച്ചു പോകണം.

പ്രൊ—(മാനേജരോട്) അങ്ങനെയൊന്നും പറയരുത്. കൈവിടണം. (എഴുന്നേററു കൈ വിട്ടുവിക്കുന്നു) രൂപാകൊടുത്തിട്ടുണ്ടെങ്കിൽ, അതിനു നിവൃത്തിയുണ്ടാക്കാം. (നാടകകൃത്തിനോട്) അവിടെ ഇരിക്കണം, സാറേ. ഇയാൾപറയുന്നതൊന്നും കാര്യമാക്കണ്ടാ. —സാറ് ചായകുടിച്ചോ? (രണ്ടാംകാമേഡിയനോട്) എടോ, താൻചെന്ന് ആ പരമൂള്ളേടെകട അടച്ചിട്ടില്ലെങ്കില് രണ്ടുചായ മേടിച്ചോണ്ടു വരു———ഇരിക്കണം, സാറേ.

(കാമേഡിയൻ പോകുന്നു.)

നാ: കൃത്ത്:—ഞാൻ ഇരിക്കുന്നില്ല. എനിക്കു ചായയും വേണ്ട. ഞാൻപോകട്ടെ.

മാനേ:—ചേട്ടനു വേറെ ജോലിയൊന്നുമില്ല്യോചേട്ടാ? ഇയാളു നന്നാവത്തില്ല. ഇയാളിങ്ങനെ കലാകലാന്നുംചെലച്ചോണ്ടു നടക്കത്തേ ഒള്ളു. അട്ടയെ പിടിച്ചു മെത്തയിൽകെടത്തിയാൽ കെടക്കുമോ?

പ്രൊ—താനൊന്നു മിണ്ടാതെ നില്ക്കു. (നാടകകൃത്തിനോട്) ഹേ, സാറേ, സാറിങ്ങനെ തുടങ്ങിയാൽ എങ്ങിനെ ജീവിക്കും? സാറു പറയുന്നകാര്യങ്ങളെല്ലാം നല്ലതുതന്നെ. അതാ, വേണ്ടതും. പക്ഷെ, അതെല്ലാം പറഞ്ഞുകൊണ്ടിരുന്നാൽ ചക്രം കിട്ടത്തില്ല. ജീവിക്കാൻ ഒക്കത്തില്ല.

നാ: കൃ:—കലാകാരനും മനുഷ്യനാണെന്നും അയാൾക്കും ജീവിക്കുവാൻ അവകാശമുണ്ടെന്നും, അയാളുടെ കലാസൃഷ്ടിക്ക് അനുകൂലമായ ജീവിതസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും വാദിക്കുന്നവനാണ് ഞാൻ. പക്ഷെ, കലാസൃഷ്ടി വെറും ജീവിതമാർഗ്ഗമായി കരുതുന്നുവെങ്കിൽ ഉപജീവനത്തിനുവേണ്ടി കലാവ്യഭിചാരംചെയ്യുവാൻ മുതിരുന്നുവെങ്കിൽ, അതു സഹിക്കുവാൻ എനിക്കുകരുത്തില്ല.

പ്രൊ:—അതെല്ലാം ഇരിക്കട്ടെ. സാറപ്പഴത്തോട്ടു മാറിഇരുന്ന് ചായയുംകുടിച്ചോണ്ടു്, ഇവരു പറഞ്ഞതുപോലൊരു ചരിത്രം അങ്ങു എഴുതണം. (ഒന്നാംകാമേഡിയനോട്) എടോ, ആ മുറുക്കാൻകട അടച്ചിട്ടില്ലെങ്കിൽ കുറെ മുറുക്കാനും ബീടിയുംകൂടി വാങ്ങിക്കൊണ്ടു വരു.

നാ: കൃ:—വേണ്ട. എനിക്കു ചായയും, മുറുക്കാനും, ബീഡിയും, ഒന്നും വേണ്ട. ഈ നാടകത്തിൽ ഒരു വാക്കുപോലും ഞാൻ മാററുകയില്ല.

മാനേ:—ഞാൻ പറഞ്ഞില്ല്യോചേട്ടാ, ഇയാളുനന്നാവത്തില്ലെന്ന്?

പ്രൊ:—സാറേ, സാറ് എന്തിനിങ്ങനെപട്ടിണികിടക്കുന്നു?

നാ: കൃ:—ഞാൻ പട്ടിണി കിടന്നുകൊള്ളാം ഞാൻ വിശന്നു മരിച്ചുകൊള്ളാം: ഈ കശാപ്പുജോലിയിൽനിന്ന് എനിക്കു രക്ഷപെട്ടാൽമതി. അയ്യോ! ഇവിടത്തെ ദുർഗ്ഗന്ധം സഹിക്കാൻ നിവൃത്തിയില്ല. ഞാൻ പോകട്ടെ. (ഓടിപ്പോകുന്നു.)

മാനേ:—ഞാൻ പറഞ്ഞില്ല്യോ, അയാളു നന്നാവത്തില്ലെന്ന്?

പ്രൊ:—എന്തുചെയ്യാം! അയാൾ പറഞ്ഞതെല്ലാം സത്യമാണ്.

മൂ: നടി:—(എഴുന്നേററിട്ട്) ഞാനുംപോകുന്നു. ഞാനും അദ്ദേഹത്തിൻെറ പിറകേപോകുന്നു. ഇതൊരു കശാപ്പുശാലയാണ്. ഇവിടത്തെ ദുർഗ്ഗന്ധം എന്നെ വീർപ്പുമുട്ടിക്കുന്നു. ഞാൻപോകട്ടെ. (ഓടിപ്പോകുന്നു.)

(കർട്ടൻ)

'പൂനിലാവിൽ'

(ജഗതി കെ. എം. പ്രസാദ്)

മഞ്ഞു പൊഴിയുന്നു, നേരമധികമായ്
കുഞ്ഞേ! വരിക, വരിക, പോകാം!

ഇമ്മട്ടിൽ വാത്സല്യത്തേനൊലും സൂക്തിയാ-
ല,മ്മ മകനെ വിളിച്ചുമെല്ലെ

അമ്പിളി നെയ്തുകൊടുത്ത വെൺചന്ദ്രികാ-
പ്പൂമ്പട്ടുടുത്തുനില്പായി രാത്രി.

പൂക്കളെത്താലോലിച്ചെ,മ്പാടും തൂമണം
പൂശിയാ മാരുതൻ വീശിമന്ദം

രാക്കിളി സന്തോഷഗാനാമൃതം തൂകി,
രാവിനെ രോമാഞ്ചമേററിനിന്നു.

നേരമന്നേറെക്കഴിഞ്ഞുപോയെങ്കിലു-
മാരോമൽപൈതൽ കളിതുടർന്നു.

കണ്ണൻ ചിരട്ടയിൽ വെൺമണൽവാരിക്കൊ-
ണ്ടെ,ണ്ണിയിരുന്നാ മണൽപ്പുറത്തിൽ.

നേരം വഴുകുന്നു, പൊന്മണിക്കുഞ്ഞേ! നിൻ-
വാരൊളിത്തുമുഖമൊന്നുയർത്തൂ.

ചെറെറാരു നേരിയ പുഞ്ചിരിതൂകിയാ-
ക്കുറെക്കിടാവെങ്ങുമുററുനോക്കി.

ആരോമലിൻ ചാരുനേത്രങ്ങളെന്നപോൽ
താരാനയനങ്ങളഞ്ചിനിന്നു.

കൊച്ചുകുമാരന്റെ സ്വച്ഛന്ദലീലപോൽ
പിച്ചവെച്ചെത്തിക്കുഴഞ്ഞുതെന്നൽ.

കണ്ണൻചിരട്ട വലിച്ചെറിഞ്ഞന്നേരം-
മുണ്ണി കുണുങ്ങിയണഞ്ഞുചേലിൽ,

ചെമ്പനീർപ്പൂവിലിളകുന്ന മഞ്ജിമ
തുമ്പപ്പൂ തോൽക്കും കവിളിൽവീശി.

അമ്മ പുണർന്നു തൻപൊന്മണിക്കുഞ്ഞിനെ
ഉമ്മവെച്ചുമ്മവെച്ചാത്തമോദം ....

ചെഞ്ചോരിവായ്മലർ പിഞ്ചുകരങ്ങളാൽ
ചെമ്മെമ്മേ പൊത്തിയക്കൊച്ചുപൈതൽ

ചന്ദ്രനെക്കണ്ട വെള്ളാമ്പൽപ്പൂമൊട്ടുപോ-
ലെന്തിനോ പൊട്ടിച്ചിരിച്ചുപോയി.

അച്ചിരി കേട്ടപോൾ താരകം വാനിട-
മച്ചിൽനിന്നഞ്ചിതസ്മേരം തൂകി. ...

മറുകരകാണാത്ത ഇരുളാഴിയിൽ നങ്കൂരമിട്ടുറപ്പിച്ചിരിക്കുന്ന നക്ഷത്രനൗകകളെ പരിഹസിക്കേണ്ട; തന്റെ വെളിച്ചമാകുന്ന ചെറുതോണികളിൽ സ്വൈരസഞ്ചാരം ചെയ്യുന്ന മിന്നാമിനുങ്ങുകളെ അനുമോദിക്കുക!

* * * * *

മരണത്തിന്റെ കൊഴിഞ്ഞ ഇതളുകളെപ്പോലെ ചിതറിക്കിടന്ന ജീവിതസുഖങ്ങളിൽ എന്റെ ഹൃദയം പറന്നുപറ്റി. ഒരു പൂമ്പാറ്റയുടെ നിരാശതയോടെ അതു പിന്നെയും പിന്നെയും പിന്മാറി!

* * * * * *

രാത്രിയുടെ പുഷ്പങ്ങൾ നക്ഷത്രങ്ങളും പകലിന്റെ നക്ഷത്രങ്ങൾ പുഷ്പങ്ങളുമത്രെ!

* * * * *

രാത്രിയോടു പടവെട്ടിപ്പിടിച്ച നക്ഷത്രങ്ങളുമായി നില്ക്കുന്ന ചെടികളെ പ്രഭാതമാരുതൻ തഴുകിപ്പുണരുന്നു!

* * * * *

ഉജ്ജ്വലങ്ങളായ താരകങ്ങളെ ആകമാനം അടിച്ചുവാരി മറയത്തെറിയുന്ന പ്രഭാതകരങ്ങൾ, പുൽക്കൊടിത്തുമ്പിലെ മഞ്ഞുനീർത്തുള്ളികളെ ഒന്നൊന്നായി പെറുക്കിയെടുത്തു ഭദ്രമായി സൂക്ഷിക്കുന്ന കാഴ്ച, ഞാനും നിങ്ങളും കൺനിറയെ കാണണം!

ഒരാധുനികമന്ത്രം

(ഇ. എം. കോവൂർ ബി. എ., ബി. എൽ.)

കച്ചേരിയിലേക്കു പോകുവാനുള്ള ഭർത്താവിന്റെ തിരക്കും, സ്ക്കൂളിലേക്കു പുറപ്പെടുവാനുള്ള കുഞ്ഞുങ്ങളുടെ ബഹളങ്ങളുമെല്ലാം അവഗണിച്ച് സകലത്തും മറന്ന്, ആ വീട്ടുകാരത്തി അപ്പോൾ വായിച്ചു രസിച്ചുകൊണ്ടിരുന്നതു് ഭൂലോകരംഭയുടെ കഥയായിരുന്നു. മാണിക്യപത്മരാഗങ്ങൾ സംഖ്യയില്ലാതെ കക്കുന്ന ആ സർപ്പരാജന്റെ പരാക്രമങ്ങൾ വീക്ഷിച്ചും അവർ വേറൊരു ലോകത്തിൽതന്നെ അപ്പോൾ വിഹരിക്കയായിരുന്നു.

വിദ്യാഭ്യാസവും വിവരവുമുള്ള ആ സ്ത്രീ ഇരുപതാംനൂറ്റാണ്ടിൽ ഇങ്ങനെ അമ്മൂമ്മക്കഥകൾ വായിച്ചു രസിപ്പാനുള്ള പ്രേരണാശക്തിയെന്തായിരിക്കുമെന്നു ഞാൻ പിന്നീടാലോചിച്ചുനോക്കി. ഉണങ്ങിവരണ്ട കടലാസ്സുതാളുകളിൽ അച്ചടിച്ച്, കട്ടിക്കൂടിയ രണ്ടു പുറംതാളുകൾക്കിടയിലായി സൂക്ഷിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന നിർജ്ജീവസാധനങ്ങളെത്തന്നെ മനുഷ്യർ ഊണും ഉറക്കവുംകൂടെ വെടിഞ്ഞിത്ര വളരെ സ്നേഹിപ്പാനും കണ്ണുകൾ കഴച്ചുതുടങ്ങിയാലും ഉപേക്ഷിക്കാതെ വായിപ്പാനുമുള്ള യഥാർത്ഥകാരണമെന്താണെന്നു ഞാനാരാഞ്ഞുനോക്കി.

ഗ്രന്ഥങ്ങൾ പ്രത്യേകിച്ചു സാഹിത്യഗ്രന്ഥങ്ങൾ—പ്രകൃതിയുടെ നിരവധി നിയന്ത്രണനിയമങ്ങളെ ഒഴിഞ്ഞു്, അവയെ ഒരുതരത്തിൽ അതിലംഘിച്ച്, അനന്തമായ സ്വാതന്ത്ര്യജീവിതം അനുഭവിപ്പാൻ മനുഷ്യൻ കണ്ടുപിടിച്ച ഒരു ഉപാധി അഥവാ രക്ഷാമാർഗ്ഗമാണു് ഈ കടലാസ്സുകെട്ടുകൾ. മനുഷ്യനു ഭൂമുഖത്തു നടപ്പാനോ, വിമാനങ്ങളിൽ അല്പം ഉയരത്തിൽ പറക്കുവാനോ, ഭൂമിയുടെ ഉള്ളിലേയ്ക്കു് അല്പംമാത്രം കുഴിച്ചുചെല്ലുവാനോ ഒക്കെയുമെ സാധിക്കുകയുള്ളൂ. ഒരതിരുവിട്ടു ചൂടും തണുപ്പും അവനെ നിർജ്ജീവശരീരനാക്കുന്നു. സഞ്ചാരത്തിനു്, ദേഹാദ്ധ്വാനം, സമയം, പണം ഇവയെല്ലാം അവനാവശ്യമായിരിക്കുന്നു. സഞ്ചരിച്ചാൽതന്നെയും ഒരായുസ്സിൽ സഞ്ചരിച്ചുതീർക്കാവുന്ന പ്രദേശങ്ങളുടെ വലിപ്പം അത്രഅധികം ആയിരിക്കയില്ല. അവൻ എത്ര ശ്രമിച്ചാലും ലോകത്തിലുള്ള ജനങ്ങളുടെ ഒരു നിസ്സാരഭാഗത്തെപ്പോലും അവനു പരിചയപ്പെടുവാൻ സാധിച്ചെന്നു വരികയില്ല. കുറേപ്പേരെ പരിചയമായാൽ തന്നെയും അവരിൽ വളരെ ചുരുക്കംപേരെമാത്രമെ അവനു നന്നാ അടുത്തു മനസ്സിലാക്കുവാൻ സാധിച്ചെന്നു വരികയുള്ളൂ. അവൻ എത്രശ്രമിച്ചാലും എത്ര ബദ്ധപ്പെട്ടാലും എത്രപണം ചെലവു ചെയ്താലും പിന്നെയും അനേകം അനേകം കാര്യങ്ങൾ, കാണുവാനും, കേൾക്കുവാനും, നോക്കുവാനും, ധരിക്കുവാനും, അനുഭവിക്കുവാനും, രസിക്കുവാനും എല്ലാം ശേഷിക്കും. കഴിഞ്ഞകാര്യങ്ങൾ അവനിൽനിന്നും എന്നന്നേക്കുമായി ഒഴിഞ്ഞിരിക്കുകയും ചെയ്യും. പ്രകൃതി മനുഷ്യനു നൽകിയിട്ടുള്ള ഈവക പരിമിതികളെ, അസൗകര്യങ്ങളെ, തട്ടിമാറ്റാനുള്ള, ജയിപ്പാനുള്ള ഒരു ഒറ്റമൂലിയാണു് ഗ്രന്ഥങ്ങൾ.

ഗ്രന്ഥങ്ങളുമായി ഒരു ചാരുകസാലയിൽ കടന്നുകൂടിക്കൊള്ളുക; നാം പിന്നീട്ട പ്രകൃതിയുടെ നിയന്ത്രണങ്ങൾക്കു അതീതന്മാരാണു്. ചൈനയിലോ പെറുവിലോ പോകണമെന്നാഗ്രഹിക്കുന്നോ? അവിടത്തെ വിശേഷങ്ങൾ ധരിക്കുവാൻ താല്പര്യപ്പെട്ടന്നോ? ഈ രാജ്യങ്ങളെക്കുറിച്ചെഴുതിയിട്ടുള്ള നല്ല ഒരു ഗ്രന്ഥം കയ്യിലെടുത്തു തുറന്നുകൊള്ളുക. പണച്ചെലവില്ല, ദേഹായാസമില്ല, തീവണ്ടിത്തിരക്കില്ല, അരനിമിഷം വഴിയിൽ കളയണ്ട, ആ മാന്ത്രികവാഹനംവഴി നിങ്ങളവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു! അവിടത്തെ പർവ്വതങ്ങളും, പുരാതനക്ഷേത്രങ്ങളും, ഉത്സവങ്ങളും, സമ്പ്രദായങ്ങളുമെല്ലാം നിങ്ങൾ ഉടനെ ഭംഗിയായി കാണുകയായി.

അതല്ല അനേക നൂററാണ്ടുകൾക്കുമുമ്പു മരിച്ച ജൂലിയസ്സ്സീസറിനെ കാണണമെന്നാണോ നിങ്ങളുടെ മോഹം. ശരി അതിനും വിഷമമില്ല. 'പ്ളൂട്ടാക്കിന്റെ ജീവചരിത്രങ്ങൾ' തുറക്കുക. അതാ സീസറും, പോമ്പിയും, ക്ലീയോപാട്രയും, മാർക്ക് ആൻറണിയുമെല്ലാം നിങ്ങളുടെ നിത്യദാസന്മാരെപ്പോലെ മുമ്പിൽ വന്നണിനിരക്കുന്നു. യുദ്ധങ്ങൾ വീണ്ടും പൊടിപൊടിക്കുന്നു. ശ്വാസം മുട്ടിക്കുന്നതരത്തിൽ പ്രേമിക്കുന്നു; മരിക്കുന്നു.

രസകരങ്ങളായ സംഭവങ്ങൾ കാണണമോ? വിചിത്രതരക്കാരായ മനുഷ്യരെ നോക്കണമോ? ഇമ്പമേറിയ സംഭാഷണങ്ങൾ ശ്രവിക്കണമോ?—അതാ കുന്നുകുന്നായിക്കാണുന്ന നോവലുകളിൽ രണ്ടോ നാലോ എടുത്തുകൊള്ളുക. പിക്ക്‌വിക്കിന്റേയും, ഭ്രാന്തൻചാന്നാന്റെയുംകൂടെ നിർവ്വിഘ്നം നടന്നുകൊള്ളുക.

ചന്ദ്രനിൽ പോകണമോ? ചൊവ്വായിൽ നിവസിക്കണമോ? മന്ത്രവാദികളെ കാണണമോ? ഇതിനെല്ലാം നിഷ്പ്രയാസം സാദ്ധ്യമത്രെ. എച്ച്. ജി. വെൽസിന്റെ രണ്ടു ഗ്രന്ഥങ്ങൾമാത്രം തുറന്നുകൊള്ളുക.

ആദ്ധ്യാത്മികപ്രശാന്തിയിൽ മുഴുകണമൊ, ശിശുക്കളുടെ ഹൃദയാന്തർഭാഗങ്ങൾ ദശിക്കണമൊ, നമ്മുടെ പ്രിയ ടാഗോറിന്റെ 'ഗീതാഞ്ജലിയും' 'ചന്ദ്രക്കല'യും വായിക്കുക.

ഗ്രന്ഥങ്ങൾ! ഹാ എന്തൊരു മന്ത്രങ്ങൾ! നവീനലോകത്തിലെ ഏററവും വലിയ അത്ഭുതമായി ഞാൻ കരുതുന്നതു് നിങ്ങളെത്തന്നെയത്രെ.

കണ്ണിന്റെ കാഴ്ചസീമയെ ഗ്രന്ഥങ്ങൾ അതിരില്ലാതെ വിസ്തൃതമാക്കുന്നു. കണ്ണുകളുടെ കേൾവിശക്തിയെ അവ കോടി ഇരട്ടിയായി വദ്ധിപ്പിക്കുന്നു. ചുരുക്കത്തിൽ പഞ്ചേന്ദ്രിയങ്ങളുടെ പ്രയോജനത്തെ അനേകായിരം മടങ്ങു പുഷ്ടമാക്കുകയും പുറമെ മററു നിരവധി ഇന്ദ്രിയങ്ങളെത്തന്നെ നമുക്കു നൽകുകയുമത്രെ ഗ്രന്ഥങ്ങൾ ചെയ്യുന്നതു്.

കൂടുതൽകൂടുതൽ കാണുവാനും കേൾക്കുവാനും, അനുഭവിപ്പാനും മനുഷ്യനു ജന്മസിദ്ധമായിത്തന്നെ ഒരു ദാഹമുണ്ടു്. ഈ ദാഹത്തിനുള്ള ഏററവും പററിയ ഉപശാന്തിയാണു ഗ്രന്ഥങ്ങൾ. ഇക്കാരണംകൊണ്ടാണു ഞാനും നിങ്ങളും ആ വീട്ടുകാരത്തിയുമെല്ലാം ഉറക്കം കളഞ്ഞും ഗ്രന്ഥങ്ങൾ വായിക്കുന്നതു്.

ലോകത്തിൽ വൈവിധ്യം ഉള്ളിടത്തോളംകാലം വിവിധതരഗ്രന്ഥങ്ങളും ആവശ്യമത്രെ. അവയുണ്ടാകയും ചെയ്യും. അതുകൊണ്ടാണു അമ്മൂമ്മക്കഥകളും, ശാസ്ത്രനോവലുകളും, ഡിററക്ടീവുകഥകളും, ആത്മാലാപങ്ങളും, ജീവൽസാഹിത്യംതന്നെയും എല്ലാം ഉണ്ടായിവരുന്നതും നിലവിലിരിക്കുന്നതും.

ഭഗവദ്ഗീതാധികാരി

(സ്വാമി ആഗമാനന്ദൻ, എം. ഏ.)

ഭഗവദ്ഗീത വായിക്കാൻ അധികാരികൾ വൃദ്ധന്മാരാണെന്നു് ഒരുകൂട്ടർ; സന്യാസിമാരാണെന്നു മറെറാരുകൂട്ടർ; ബ്രാഹ്മണർ മാത്രമാണെന്നു പിന്നൊരുകൂട്ടർ; ഇഹലോകം വേണ്ടെന്നുവച്ചു കാട്ടിൽപോകാൻ വിചാരിക്കുന്നവരാണെന്നു വേറൊരുകൂട്ടർ. ഇങ്ങനെ പല പക്ഷക്കാരുണ്ടു്. ഇവരുടെ അഭിപ്രായങ്ങളെപ്പററി വിമർശനം ചെയ്യാനാണു് ഈ ലേഖനം. ഇതിൽ ബ്രാഹ്മണർ മാത്രമാണെന്നു പറയുന്ന കൂട്ടരുടെ വാദം ആദ്യം എടുക്കാം.

ഇങ്ങനെയൊരുവാദംതന്നെ ആലോചനയ്ക്കെടുക്കേണ്ടതില്ലെന്നും അത്ര അന്ധവിശ്വാസംനിറഞ്ഞവർ ഇന്നില്ലെന്നും ഇതിന്റെ ആലോചനയുടെ ആവശ്യത്തിനുതന്നെ എതിർപ്പുണ്ടാകാം. എന്നാൽ ഇതു യാഥാർത്ഥ്യത്തിന്നു വിപരീതമാണു്. കൊല്ലവർഷം 1079-ാമാണ്ടിടയ്ക്കാണെന്നു തോന്നുന്നു സദാനന്ദവിലാസം മാസിക ശ്രീമാൻ ഏവൂർ എൻ. വേലുപ്പിള്ള അവർകളുടെ പത്രാധിപത്യത്തിൽ ചവറയിൽനിന്നു് ആദ്യമായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതു്. അന്നു് അതിൽ ഒരുലേഖനത്തിൽ "ഓം തത് സത്" എന്നച്ചടിച്ചിരുന്നു. "അബ്രാഹ്മണർക്കു വായിക്കാൻ അധികാരമില്ലാത്ത ഈ മന്ത്രം അച്ചടിച്ചിരിക്കുന്നതുകൊണ്ടു് മേലാൽ ഈ മാസിക ഞങ്ങൾക്കാവശ്യമില്ല" എന്ന കുറിപ്പോടുകൂടി ആ മാസിക അന്നു പലരും മടക്കി അയയ്ക്കുകയുണ്ടായി. ഇതിന്നു ഞാൻ ദൃക്സാക്ഷിയാണു്. ഇന്നും അതേ മനോവൃത്തിയുള്ളയാളുകൾ ഇൻഡ്യയിൽ ധാരാളമുണ്ടു്; മലയാളക്കരയിലും ഇല്ലാതില്ല. 1102-ൽ ഞാൻ കോഴിക്കോട്ടുചെന്നപ്പോൾ അവിടുത്തെ ധാരാളം വിദ്യാഭ്യാസമുള്ള ഒരു ധനികകുടുംബത്തിലെ സ്ത്രീകൾ എന്നോടു് "ഗീത സ്ത്രീകൾക്കും ശൂദ്രർക്കും വായിക്കാനധികാരമുണ്ടോ? ഞങ്ങൾക്കു വായിച്ചാൽ പാപമില്ലേ?" എന്നു ചോദിക്കയുണ്ടായിട്ടുണ്ടു്. 1107-ൽ ഞാൻ പാലക്കാട്ടുപ്രദേശങ്ങളിൽ പോയപ്പോൾ വളരെ തലമുറയായി ബ്രാഹ്മണബന്ധത്തിൽ ഏർപ്പെട്ടു് എല്ലാവിധത്തിലും ബ്രാഹ്മണരായിത്തീർന്നിട്ടുള്ള ചില കുടുംബങ്ങളിലെ പ്രായപൂർത്തിയുള്ള വിദ്യാസമ്പന്നന്മാർ "ഗീത ഞങ്ങൾക്കു വായിക്കാമോ?" എന്നു ചോദിക്കയുണ്ടായി. 1111-ൽ കാലടിയിലെ ആശ്രമം സ്ഥാപിച്ചശേഷം അവിടെ ഗീതാക്ലാസ്സ് ആരംഭിച്ചപ്പോൾ രാമാനുജഭാഷ്യത്തോടുകൂടിയ ഒരു ഗീത ആവശ്യമായിവന്നു. അടുത്തുള്ള ഒരു ഗ്രന്ഥശാലയിൽ ആവശ്യപ്പെട്ടപ്പോൾ അബ്രാഹ്മണരുടെ മുമ്പിൽവച്ചു് അതു വായിക്കുമെന്നുള്ളതുകൊണ്ടു തരാൻ അവർ വിസമ്മതിച്ചു. (ഇന്നു് അവരുടെ ആ മനോവൃത്തി മാറിയിരിക്കുന്നുവെന്നു പ്രസ്താവിക്കാൻ സന്തോഷമുണ്ടു്.) സനാതനികളിൽ പണ്ഡിതനായ ഒരു സന്യാസിയോടു പലതും സംസാരിച്ചപ്പോൾ അദ്ദേഹം ആശ്രമപ്രവർത്തനങ്ങളെപ്പററി അഭിപ്രായംപറഞ്ഞകൂട്ടത്തിൽ ഭഗവദ്ഗീത അബ്രാഹ്മണരെ പഠിപ്പിക്കരുതെന്നും ആ ഏർപ്പാടു നിറുത്തൽചെയ്യണമെന്നുമാണു പറഞ്ഞതു്.

ഇവരുടെ വാദം; "ഗീത ഉപനിഷത്സാരമാണു്. ഉപനിഷത്തിലെ വാക്യങ്ങളും ഗീതയിലുണ്ടു്. ഉപനിഷത്തു വേദമാണു്. വേദം പഠിക്കാൻ ബ്രാഹ്മണന്നുമാത്രമേ അധികാരമുള്ളു" എന്നാണു്. ഇതിന്നെതിരായി,

"സ്ത്രീശൂദ്രദ്വിജബന്ധൂനാം
ത്രയീ ന ശ്രുതിഗോചരാ
ഇതി ഭാരതമാഖ്യാനം
വ്യാസേന മുനിനാ കൃതം"

എന്നു പ്രമാണമുണ്ടു്. ഇതനുസരിച്ചു ഭാരതം വേദാനധികാരികളെ ഉദ്ദേശിച്ചെഴുതിയതാകയാൽ ഭാരതാന്തൎഗ്ഗതമായ ഗീതയും വേദാനധികാരികൾക്കുള്ളതാണെന്നും, അതിനാൽ വേദം പഠിക്കാൻ ബ്രാഹ്മണൎക്കുമാത്രമേ അധികാരമുള്ളോ അല്ലയോ എന്ന ചോദ്യത്തിന്റെ ഉത്തരം എങ്ങനെയിരുന്നാലും ഗീത എല്ലാവൎക്കും പഠിക്കാൻ അധികാരമുണ്ടെന്നും പറയാം. എന്നാൽ അതിനു സനാതനികൾ പറയുന്ന മറുപടി, "ത്രയീ ന ശ്രുതിഗോചരാ" എന്നു പറഞ്ഞതുകൊണ്ടു ഭാരതത്തിന്നു ശ്രുതിഗോചരത്വം സിദ്ധിച്ചുവെന്നല്ലാതെ അദ്ധ്യയനഗോചരത്വം സിദ്ധിക്കുന്നില്ലെന്നുമാണു്. മുൻകാലത്തു ശ്രുതിഗോചരം, അദ്ധ്യയനഗോചരം എന്ന വിഭാഗം ഉണ്ടായിരുന്നില്ലെന്നും ശ്രുതിഗോചരമായിരുന്നതെല്ലാം അദ്ധ്യയനഗോചരമായിരുന്നെന്നും, ഉള്ള ചരിത്രസത്യം അവർ അറിയുന്നില്ല. അവരെ ലോകചരിത്രമോ ചുരുങ്ങിയപക്ഷം ഇൻഡ്യാചരിത്രമോ പഠിപ്പിക്കയല്ലാതെ ഇതിനു നിവൃത്തികാണുന്നില്ല.

ആ വാദം അവിടെയിരിക്കട്ടെ. ഇതിനെ മറെറാരുവഴിക്കു നോക്കാം. ഗീതോപദേഷ്ടാവാരാണു്? ശ്രീകൃഷ്ണൻ. അദ്ദേഹം ആരാണു്? ബ്രാഹ്മണനോ അബ്രാഹ്മണനോ? യാദവൻ—ഗോപബാന്ധവൻ. ബ്രാഹ്മണനല്ല. ഗീത ആരെ ഉദ്ദേശിച്ചാണുപദേശിച്ചതു്? അൎജ്ജുനനെ ഉദ്ദേശിച്ചു്. അൎജ്ജുനനും ബ്രാഹ്മണനല്ല. വെറും ക്ഷത്രിയൻ. ഇന്ദ്രാത്മജൻ. ഗീത രേഖപ്പെടുത്തുന്നതാരു്? വ്യാസൻ. കൈവൎത്തകന്യാജാതൻ. സഞ്ജയൻ ഗീത പറഞ്ഞുകേൾപ്പിക്കുന്നതാരെ? ക്ഷത്രിയനായ ധൃതരാഷ്ട്രനെ. മഹാഭാരതം ഇന്നു കാണുന്ന രൂപത്തിൽ ആരുപദേശിക്കുന്നതായിട്ടാണു രേഖപ്പെടുത്തിയിട്ടുള്ളതു്? സൂതപുത്രൻ. ഇതെല്ലാംകൊണ്ടു എന്തുകിട്ടുന്നു? അബ്രാഹ്മണൎക്കു ഗീതാധികാരമുണ്ടെന്നു സിദ്ധം. വേദം പഠിക്കാൻ അധികാരമില്ലെന്നുവന്നതുകൊണ്ടു വേദാന്തൎഗ്ഗതമായ ഉപനിഷത്തിന്റെ സാരം പഠിക്കാൻ അധികാരമില്ലെന്നു പറയുന്നതു് യുക്തിശൂന്യം. എന്തെന്നാൽ ഒരു ഗ്രന്ഥം പഠിക്കാൻ അധികാരമില്ലെന്നുവച്ചു് അതിന്റെ Summary പഠിക്കാൻ അധികാരമില്ലെന്നു വരണമെന്നില്ല. (വേദം പഠിക്കാൻ എല്ലാവരും അധികാരികളോ എന്നും എവിടെയെങ്കിലും ചിലൎക്കധികാരമില്ലെന്നു പറഞ്ഞെങ്കിൽ അതിന്റെ കാരണമെന്തായിരിക്കുമെന്നും ഇനിയൊരവസരത്തിൽ ചിന്തിക്കാം.)

ഗീത പഠിക്കാൻ അധികാരികൾ വൃദ്ധന്മാരാണെന്നുള്ള വാദം അടുത്തതായാലോചിക്കാം. ഗീത വേദാന്തഗ്രന്ഥമാണു്. അതിൽ പ്രതിപാദിക്കുന്നതു ബ്രഹ്മവിദ്യയാണു്. ബ്രഹ്മവിദ്യയ്ക്കധികാരി വൃദ്ധനല്ല. ബ്രഹ്മജ്ഞാനം കൎമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം എന്നീ നാലിൽ ഏതെങ്കിലും ഒരു യോഗത്തിന്റേയോ ഒന്നിലധികം യോഗങ്ങളുടെയോ അനുഷ്ഠാനംകൊണ്ടു മാത്രമേ സിദ്ധിക്കയുള്ളു; കൎമ്മയോഗം എന്നതു "നിഷ്കാമം നിയതസ്വധൎമ്മചരണം" ആണു്. വൃദ്ധന്മാർ എന്തു കൎമ്മം ചെയ്യാനാണു്? കൎമ്മംചെയ്യാൻ ശരീരശക്തി ആവശ്യമാണു്. വീൎയ്യം നശിച്ചവനു് എന്തുചെയ്യാൻ കഴിയും? കൎമ്മയോഗത്തിൽ പ്രധാനമായതു ബഹുജനസേവനമാണു്. അതിനു ചൊടിയും ആരോഗ്യവും ആവശ്യമാണു്. അതുകൊണ്ടു് കൎമ്മയോഗം യുവാക്കന്മാൎക്കുള്ളതാണു്. ഭക്തിയോഗമാണെങ്കിൽ അതിന്റെ മുഖ്യാംശം നിൎവ്യാജഭഗവൽപ്രേമമാണു്. ബാല്യംമുതൽ യൌവ്വനംവരെ വിഷയങ്ങളേയും ഭാൎയ്യാപുത്രാദികളേയും അഹോരാത്രം ചിന്തിച്ചു അവരിൽ മനസ്സു സക്തമാകുകയും അവയുടെ പ്രതിച്ഛായ ഒരിക്കലും വിട്ടുപോകാത്തവണ്ണം മനസ്സിൽ പതിക്കയും ചെയ്യുവന്നു ഭഗവൽപ്രേമം വാൎദ്ധക്യത്തിൽ

എങ്ങനെ സമ്പാദിക്കാൻകഴിയും? ശ്രീമൂലം തിരുനാൾതിരുമനസ്സുകൊണ്ടു നാടുനീങ്ങിയ ശേഷം അദ്ദേഹത്തിന്റെ സേവകന്മാരിൽ അഗ്രിമസ്ഥാനത്തിരുന്നിരുന്ന ശ്രീമാൻ ശങ്കരൻതമ്പിയെ ഞാൻ ഒരിയ്ക്കൽ ചെന്നുകണ്ടു. ഞങ്ങൾതമ്മിൽ മുമ്പുതന്നെ പരിചയമുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ കണ്ടയുടൻ അദ്ദേഹത്തോടു "സുഖമാണോ?" എന്നു ചോദിച്ചു. "എന്തു സുഖമാണിനി?" എന്നായിരുന്നു മറുപടി. അതിനു, ഞാൻ "വെളിയിൽനിന്നുവരുന്ന സുഖമല്ലേ പോയുള്ളു? അവനവനിലുള്ള സുഖമുണ്ടല്ലോ" എന്നായി. അപ്പോൾ അദ്ദേഹം പറഞ്ഞതു് "അതു് ബാല്യംതൊട്ടു ശീലിച്ചവർക്കേ സാധിക്കൂ. ഇനി സാദ്ധ്യമല്ല" എന്നായിരുന്നു. ഇതുതന്നെയാണു ശരി. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ അധികംപേരും പെൻഷൻപററി പൌത്രപുത്രമുഖവും കണ്ടിട്ടും പിന്നെയും വിഷയങ്ങളിൽനിന്നു വിരമിച്ചു് ഈശ്വരവിചാരത്തിൽ മുഴുകാത്തതെന്തുകൊണ്ടു്? സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ. അതിനാൽ ഭക്തിയോഗവും വൃദ്ധന്മാർക്കുള്ളതല്ല. ഭക്തിയോഗത്തിനു രണ്ടു പടികളുണ്ടു്. വൈധീഭക്തി പിന്നെ രാഗഭക്തി. രാഗഭക്തി കിട്ടാൻ വൈധീഭക്തി ആരംഭത്തിൽ ആവശ്യമാണു്. വൈധീഭക്തിയിൽ പല നിയമങ്ങളുണ്ടു്. അതു അരോഗദൃഢഗാത്രന്മാർക്കേ അനുഷ്ഠിക്കാൻ സാധിക്കൂ. അതുകൊണ്ടും ഭക്തിയോഗവും യുവാക്കന്മാർക്കുള്ളതാണു്. രാജയോഗം അഷ്ടാംഗയോഗമാണു്. അതിൽ ആസനവും പ്രാണായാമവും മററുമുണ്ടു്. അതെല്ലാം ചെറുപ്പത്തിൽ ശീലിച്ചെങ്കിലേ പററൂ. ജ്ഞാനയോഗമാകട്ടെ വിചാരമാർഗ്ഗമാണു്. ബാല്യവും യൌവ്വനവും വിഷയങ്ങളെ ചിന്തിച്ചു മസ്തിഷ്കശക്തി ക്ഷയിച്ചവനുണ്ടോ ആത്മാനാത്മവിവേകത്തിനു് അധികാരിയാകുന്നു? അതിനാൽ ബ്രഹ്മവിദ്യാധികാരി യുവാവാകുന്നു. ശ്രീരാമകൃഷ്ണദേവനും വിവേകാനന്ദസ്വാമിയും അതുകൊണ്ടുതന്നെയാണു യുവാക്കന്മാരെ സ്നേഹിച്ചിരുന്നതും യൌവ്വനത്തിൽ ത്യജിക്കാൻ ഉപദേശിച്ചിരുന്നതും. ബ്രഹ്മവിദ്യാധികാരി യുവാവാണെങ്കിൽ ബ്രഹ്മവിദ്യ പഠിപ്പിക്കുന്ന ഗ്രന്ഥമായ ഗീത പഠിക്കുന്നതിനും അധികാരി യുവാവാണെന്നു സിദ്ധിക്കുന്നു. അർജ്ജുനനു ഭഗവാൻ ഗീത ഉപദേശിച്ചുകൊടുത്തതു കർമ്മശേഷിയുള്ളപ്പോഴാണെന്നും ഓർക്കേണ്ടതുണ്ടു്.

ഇഹലോകം വേണ്ടെന്നുവച്ചു കാട്ടിൽ പോകാൻ പോകുന്നവർക്കും സന്യാസിമാർക്കും ആണു് ഗീതയെന്നുള്ള അഭിപ്രായങ്ങൾ നോക്കാം. ഒരുപക്ഷത്തിൽ കാട്ടിൽ പോകാൻപോകുന്നവരെ ഉദ്ദേശിച്ചു ഗീത ഉപദേശിച്ചിരിക്കുന്നുവെന്നു പറയുന്നതു ശരിയാണു്. അതായതു കാട്ടിലേക്കു് ഓടിക്കളയാൻപോകുന്നവരെ അതിൽനിന്നു തടയാൻ ഗീത ഉപദേശിച്ചിരിക്കുന്നുവെന്ന അർത്ഥത്തിലാണെങ്കിൽ അതുശരി. കർമ്മം ദുഃഖഹേതുകമാണെന്നുവച്ചു് അർജ്ജുനൻ ഓടാൻ ഭാവിച്ചപ്പോഴാണല്ലോ ഗീത ഉപദേശിച്ചതു്. ധർമ്മസംസ്ഥാപനാർത്ഥം സ്വധർമ്മമായ യുദ്ധം ചെയ്താൽ ബന്ധുമിത്രാദികൾ മരിച്ചു ദുഃഖം അനുഭവിക്കേണ്ടിവരുമെന്നുവിചാരിച്ചു് അർജ്ജുനൻ യുദ്ധക്കളത്തിൽനിന്നോടി ഭിക്ഷാശിയാകാൻ ആഗ്രഹിക്കുമ്പോഴാണു് ഗീതോപദേശം. ഗീതോപദേശം ഗ്രഹിച്ചതിന്റെ ഫലമായിട്ടു്,

"നഷ്ടോമോഹഃ സ്മൃതിർല്ലബ്ധ്വാ
ത്വത്പ്രസാദാന്മയാ/ച്യുതഃ
സ്ഥിതോ/സ്മി ഗതസന്ദേഹഃ
കരിഷ്യേ വചനം തവ."

എന്നാണു് അർജ്ജുനൻ പറയുന്നതു്. എന്താണു് ആ വചനം?

"തസ്മാദുത്തിഷ്ഠ കൌന്തേയ
യുദ്ധായകൃതനിശ്ചയഃ"
"തസ്മാദ്യുദ്ധ്യസ്വ ഭാരത!
"തസ്മാത്ത്വമുത്തിഷ്ഠ യശോ ലഭസ്വ
ജിത്വാ ശത്രൂൻ ഭുംക്ഷ്വ രാജ്യംസമൃദ്ധം"
"തതോ യുദ്ധായ യുജ്യസ്വ"

ഇതാണു വചനം. ഇതിൽനിന്നു ഗീതകാട്ടിലേക്കോടാനല്ല പഠിപ്പിക്കുന്നതെന്നു സ്പഷ്ടം. ഗീത സന്യാസിമാർക്കുള്ളതാണോ എന്നു നോക്കുന്നപക്ഷം സന്യാസിമാരറിയേ

ങ്ങ പലതും അതിലുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഗീതോപദേഷ്ടാവ് സന്യാസിയല്ല. ഉപദേശിക്കപ്പെട്ടയാൾ സന്യാസിയല്ല. ഗീത പറഞ്ഞുകൊടുത്തതായി ധൃതരാഷ്ട്രരോട് ആദ്യം റിപ്പോർട്ടുചെയ്യുന്ന സഞ്ജയൻ സന്യാസിയല്ല. റിപ്പോർട്ടുചെയ്യപ്പെടുന്ന ധൃതരാഷ്ട്രർ സന്യാസിയല്ല. ഭാരതത്തിൽ ഗീതരേഖപ്പെടുത്തുന്ന വ്യാസൻസന്യാസിയല്ല. വ്യാസശിഷ്യനായ വൈശമ്പായനൻ സന്യാസിയല്ല. വൈശമ്പായനിൽനിന്നു മഹാഭാരതം കേൾക്കുന്ന ജനമേജയൻ സന്യാസിയല്ല. വൈശമ്പായനവാക്യം ആവത്തിച്ചു പറയുന്ന സൌതി സന്യാസിയല്ല. അതു കേൾക്കുന്ന മഹഷിമാരും സന്യാസിമാരല്ല. ഇതെല്ലാം നാം ഓക്കണം. ഇതുകൊണ്ടു ഗീത സന്യാസത്തിനെതിരാണെന്നു ചിലർ ധരിക്കയും ആ അത്ഥത്തിൽ ഗീതയെ വ്യാഖ്യാനിക്കയും ചെയ്യവരുന്നു. അതുംശരിയല്ല. ഗീത യഥാത്ഥസന്യാസത്തെ മാനിക്കുന്നു. എന്നാൽ അതിനധികാരികൾ വളരെ കുറച്ചു പേർമാത്രമേയുള്ളവെന്നു ഗീത അറിയുന്നു. അതുകൊണ്ടു യഥാത്ഥസന്യാസത്തിൽനിന്നു സ്വല്പം വ്യത്യാസമുള്ളതായ ഒരുതരം സന്യാസം പ്രസ്താവിക്കുന്നു.

"അനാശ്രിതഃ കമ്മഫലം
കാര്യം കമ്മകരോതി യഃ
സ സന്യാസീ ച യോഗീ ച
ന നിരഗ്നിന്നചാ ക്രിയഃ"

എന്നശ്ലോകം ഈസന്യാസത്തെയാണു കുറിക്കുന്നതു്. യഥാത്ഥസന്യാസത്തെയാകട്ടെ,

"യസ്ത്വാത്മ രതിരേവസ്യാ-
ദാത്മ തൃപ്തശ്ച മാനവഃ
ആത്മന്യേവ ച സന്തുഷ്ട-
സ്തസ്യകാര്യം ന വിദ്യതേ."

എന്ന ശ്ലോകത്തിൽ കാണിക്കുന്നു. യഥാത്ഥസന്യാസിയും നാരദാദികളെപ്പോലെ ലോകസംഗ്രഹാത്ഥം കമ്മംചെയ്യാൽ കൊള്ളാമെന്നു ഗീതാകത്താവിന്നഭിപ്രായമുണ്ടെന്നു ഗീതയിൽ കാണാം.

ശ്രീ ശങ്കരനും ശ്രീവിവേകാനന്ദനും ജീവന്മുക്തന്മാരായിരുന്നു. എങ്കിലുംഅവർകമ്മം ചെയ്യുവെന്നു നാം കാണുന്നു. ശ്രീ ശങ്കരൻ, മുപ്പത്തിരണ്ടുവയസ്സിനകം അദ്ദേഹം അക്കാലത്തു് എന്തെല്ലാം ചെയ്യു? തീവണ്ടിയും തീക്കപ്പലും വിമാനവും കമ്പിത്തപാലും കടലാസും അച്ചടിയും ഇല്ലാത്ത ആ കാലത്തു് അദ്ദേഹം സേതുതൊട്ടു ഹിമാലയംവരെ സഞ്ചരിച്ചു ധമ്മസ്ഥാപനം ചെയ്യു. ഇൻഡ്യയുടെ നാലുഭാഗത്തും നാലു മഠങ്ങൾ സ്ഥാപിച്ചു. അനവധി ഗ്രന്ഥങ്ങളെഴുതി! അദ്ദേഹം ജീവന്മുക്തന്മാരുടെ കമ്മത്തിനു മകുടോദാഹരണമാണു്. അദ്ദേഹത്തിന്റെ പ്രവൃത്തിയ്ക്കു കമ്മയോഗമെന്നു പറയാൻ പാടില്ല. ജീവന്മുക്തന്റെ കമ്മത്തിനു കമ്മയോഗമെന്നല്ല പേരു്. അതിനു കമ്മമെന്നേ പേരുപറയാൻ പാടില്ലെന്നാണു ശ്രീ ശങ്കരന്റെ മതം. ഇപ്രകാരമുള്ള കമ്മത്തിനും കമ്മവിരതിരൂപമായ സന്യാസത്തിനും ഗീതയിൽ സ്ഥാനമുണ്ടു്. എന്നാൽ ഗീത മുഖ്യമായി ഉദ്ദേശിച്ചിട്ടുള്ളതു അജ്ജുനനേപ്പോലെയുള്ളവക്കാണു്. അതിനാൽ ഗീതാധികാരി യുവാവാണു്. സന്യാസിയായിരിക്കണമെന്നില്ല. ബ്രാഹ്മണനായിരിക്കണമെന്നില്ല. കാട്ടിലേക്കോടാൻ തയാറാകുന്നവനായിരിക്കണമെന്നില്ല, എന്നെല്ലാം സിദ്ധിക്കുന്നു. എന്നാൽ ഗീത വൃദ്ധന്നും ആശ്വാസം നൽകുന്നു.

"സ്ഥിത്വാ ऽസ്യാമന്തകാലേऽപി
ബ്രഹ്മനിർവ്വാണമൃഛതി"

എന്ന ശ്ലോകവും മററും ഇതിനു തെളിവാണു്.

ഇങ്ങനെയുള്ള ഗീതയാണു് ഇന്നത്തെ ഭാരതയുവാക്കന്മാർ പഠിക്കേണ്ടതു്. യുവാക്കന്മാർ അഹിംസയെന്നും പ്രേമമെന്നും ഉള്ള പേരിൽ തമസ്സിൽ മുങ്ങുന്നു. വിഷയസുഖങ്ങളിൽ താണുപോകുന്നു. ഇവരെ ഉദ്ധരിക്കാൻ ഗീതയ്ക്കല്ലാതെ ശക്തിയില്ല. ശ്രീ ശങ്കരൻ ഇതറിഞ്ഞു. ശ്രീ വിവേകാനന്ദൻ നല്ലവണ്ണം മനസ്സിലാക്കി. ബാലഗംഗാധരൻ ഇതു ആലോചിച്ചു. ഇവരെ സ്മരിക്കുക. "ഗീത-ഗീത" എന്ന ശബ്ദം ആമരണം കണ്ഠത്തിൽനിന്നു മുഴക്കുക.

സൗന്ദൎയ്യത്തിന്റ മുമ്പിൽ

(നാലാങ്കൽ കൃഷ്ണപിള്ള എം. എ., എൽ. ടി.)

i

സൗന്ദൎയ്യത്തിന്നെഴും സൗന്ദൎയ്യസാരമേ!
നിന്നെഞാൻ നഗ്നമായ് മുന്നിൽക്കാൺകെ,
കണ്ണിണകൈകളാൽ പൊത്തിപ്പോയ്; നിൻ ദിവ്യ
കാന്തിയിലന്ധനായ്ത്തീൎന്നാലോ ഞാൻ!

ii

മാധുൎയ്യത്തിന്നെഴും മാധുൎയ്യമേ, നിന്റെ
മാദകസംഗീതം കേട്ടനേരം
കാതുകൾപൊത്തിപ്പോയ് നിന്നുടെമുന്നിൽഞാൻ
ബോധരഹിതനായ് വീണെന്നാലോ!

iii

കോമളത്വത്തിന്റെ കോമളിമാവേ, നിൻ
കോൽത്തേനൊലിക്കു മധുരപുഷ്പം
ചുംബിച്ചു,—പെട്ടന്നു മാറിനേനെന്നുടെ
കമ്പിതചിത്തം തകൎന്നെന്നാലോ!

iv

കണ്ണുകൾപൊത്തി, ചെവിയിണമൂടിനേൻ,
എന്നുടെചിത്തമിയന്നു ധൈൎയ്യം.
പൊന്നൊളിപൂണ്ട കിനാവുകൾ കൈവിട്ടു
മന്നിലെജ്ജീവത്താം പ്രശ്നങ്ങളിൽ,
എന്നുടെ ദൃഷ്ടിയുറപ്പിച്ചു, കാലുകൾ
മുന്നോട്ടുവച്ചിത ചഞ്ചലനായ്,
ആദൎശപ്പൂക്കളിച്ചുട്ടുപഴത്തൊരു
ഭൂതലത്തിങ്കൽപ്പിടിക്കുകില്ല,
സ്വപ്നസഹസ്രങ്ങൾ കണ്ടുസുഖിക്കേണ്ടും
സ്വൎഗ്ഗമല്ലല്ലിക്കഠിനലോകം.

* * *

ജീവിതപ്പോരിലേക്കായുധം നിൎമ്മിക്കു,
തൂവലേ, സ്വപ്നത്തിൽ മുങ്ങിടാതെ.

*ടാഗോറിന്റെ കത്തുകൾ

(പരിഭാഷകൻ, പി. ശേഷാദ്രി അയ്യർ ബി. ഏ., എം. എൽ.)

1104 M. E.

(വംഗാബ്ദം) 1335 വൈശാഖം

കുറേ ദിവസമായി മനസ്സുകൊണ്ടു് ഞാൻ നിങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ബാഹ്യലോകത്തിലുള്ള നിങ്ങളുടെ ഗതിയെപ്പററി നിശ്ചയമായ ഒരു വിവരവും കിട്ടാത്തതുകൊണ്ടും നമ്മളുടെ പൂർവ്വികന്മാരുടെ ദിവ്യദൃഷ്ടിയ്ക്കുള്ള അനന്തരാവകാശം ഞാൻ ജനിക്കുന്നതിനു വളരെ മുമ്പുതന്നെ നിന്നുപോയതുകൊണ്ടും അനന്യശരണനായി ഞാൻ ഇരുന്നിരുന്നു. അപ്പോളാണു നിങ്ങളുടെ എഴുത്തുവന്നതു്. അതു് എന്റെ ഇച്ഛാശക്തിയുടെ പ്രാഭവത്താലാണെന്നു ഞാൻ അഭിമാനിച്ചുകൊള്ളുന്നു. ആ ഇച്ഛാശക്തി അവസാനംവരെ പ്രവർത്തിക്കുമെന്നും നിങ്ങളെ അചിരേണ കാണാൻ അതു സംഗതിയാക്കുമെന്നും ഞാൻ ആശിക്കുന്നു. ഇച്ഛാശക്തിയെ അപേക്ഷിച്ചു് എന്റെ ചലനശക്തിക്കു് ബലം വളരെ കുറവാണു്. അതുകൊണ്ടു് ഇവിടെ ഇരുന്നു് നിങ്ങളെ പ്രതീക്ഷിച്ചുകൊള്ളുന്നു.

1928 ഡിസംബർ

പ്രാണന്റെ ഗതി നിശ്ശബ്ദവും നിഗ്രഢവുമാണു്. അങ്കുരം ബീജത്തൊപ്പിളിന്നു നിർഗ്ഗമിക്കുന്നു. അതിനു വല്ല ധ്വനിയുമുണ്ടെങ്കിൽ അതു് നിശ്ശബ്ദമായ ഓങ്കാരംതന്നെ. ഒരു ചെടി നിമിഷംപ്രതി വളരുന്നു. അതിനു യാതൊരു ഘോഷണവുമില്ല. എന്നാൽ ദിഗ്വിജയികൾ ജയസ്തംഭംനാട്ടുമ്പോൾ ഓരോ അവസരത്തിലും കാഹളശബ്ദം മുഴക്കുന്നു. വലുതായ എന്തോ നടക്കുന്നു എന്നു് ദൂരെയിരിക്കുന്നവർക്കും മനസ്സിലാകണം എന്നാണു് അവരുടെ ഉദ്ദേശ്യം. എന്തെന്നാൽ അവരുടെ അഹന്തയെ പ്രചരിപ്പിക്കാനാണു് അവർ പ്രതിനിമിഷവും ശ്രമിക്കുന്നതു്. എന്നാൽ മുക്തിയെ പ്രാപിക്കാൻ ആഗ്രഹിക്കുന്നവർ സ്വന്തം അഹന്തയെ—എത്ര രഹസ്യമായ സ്ഥലത്തിൽ ഒളിഞ്ഞുകിടക്കുന്നതായാലും ആ അഹന്തയെ കണ്ടുപിടിച്ചു സംഹരിക്കുന്നു. അല്ലെങ്കിൽ താൻ ചെയ്തിട്ടുള്ള തപസ്സിന്റെ ഫലം മുഴുവനും ആ അഹന്ത കവർന്നുകളയും. അതുകൊണ്ടു് തന്റെ ആത്മാവിനു യാതൊരു മംഗളവും ഉണ്ടാകയില്ല.

ലോകത്തിൽ ഉള്ള അകൃത്യങ്ങളെ എല്ലാം രണ്ടു തരമായി വിഭജിക്കാം; (1) അസത്യം, (2) നിർദ്ദയത. ഏതൊരു കാര്യം നിറവേററുന്നതിനു്, തന്നെയും അന്യരേയും വഞ്ചിക്കേണ്ടിയിരിക്കുന്നു. അഥവാ, പരന്മാർക്കു് പീഡ ഉണ്ടാക്കുന്നതായിരിക്കുന്നു. ആ കാര്യം അവശ്യം വർജ്ജനീയം തന്നെ. ഒരു ബാങ്കുമാനേജർ കള്ളം ചെയ്യുകയാണെങ്കിൽ അയാളെ ഞാൻ അപലപിക്കുന്നതു് രണ്ടു കാരണങ്ങൾകൊണ്ടു മാത്രമായിരിക്കും. ഒന്നാമതായി അയാൾ സമുദായത്തെ കബളിപ്പിച്ചു് ജോലിചെയ്യുന്നു. രണ്ടാമതായി പലരേയും ദുഃഖിപ്പിക്കുന്നു. അയാൾക്കു ധനത്തിന്റെ ആവശ്യം ധാരാളമുണ്ടു്. അങ്ങിനെയുള്ള ആവശ്യം സ്വാഭാവികവുംതന്നെ. അതിനുവേണ്ടി പ്രവർത്തിക്കുന്നതു നിന്ദ്യമല്ല. എന്നു മാത്രമല്ല, ജീവിതസന്ധാരണത്തിനും ലൗകികകാര്യങ്ങൾക്കും അതു് അത്യാവശ്യം തന്നെ. എന്നാൽ തന്നെയും അന്യരെയും വഞ്ചിച്ചും പരജനങ്ങളെ പീഡിപ്പിച്ചും വേണം ആ കാര്യം നേടാൻ എന്നുവന്നാൽ ആ ധനതൃഷ്ണയെ പൂർണ്ണമായി ദമനംചെയ്യുകയാണു ശ്രേയസ്കരമെന്നു് ഞാനറിയുന്നു.

* ദിലീപകുമാരറായിക്കയച്ചതു്.

ടാഗോർ

സാഹിത്യപ്രധാനമായ

ഒരു ഉൽകൃഷ്ട മാസിക.

മാസികയ്ക്കുള്ള ലേഖനങ്ങളും, നിരൂപണത്തിനുള്ള പുസ്തകങ്ങളും, മാററപ്പത്രങ്ങളും, മാസികകളും, അവയെ സംബന്ധിച്ച എഴുത്തുകളും മുതലായവ പത്രാധിപർ, 'ടാഗോർ', കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകളും, മററു മണിയാർഡറുകളും, ഏജൻസി സംബന്ധിച്ച കത്തിടപാടുകളും എന്നിവ മാനേജർ, 'ടാഗോർ', കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണു്.

വരിസംഖ്യ ഒരു കൊല്ലത്തേക്കു് അഞ്ചു രൂപാ (മുൻകൂർ)

തപാൽ വഴിയിൽ 6 രൂ. 8 ണ. ഒററപ്രതിക്കു് 8 ണ.

ഒരു പ്രാവശ്യത്തെ പരസ്യനിരക്കു് (൪-ാമതു ലക്കംമുതൽ)

മുഴുപ്പേജിന്നു് 40 രൂ. അരപ്പേജിന്നു് 22 രൂ. കാൽപ്പേജിന്നു് 11 രൂ.

കൂടുതൽകാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേർക്കു് എഴുതുക.

മാനേജർ.

ടാഗോർ—കൊല്ലം.

Reg. No. T. 100.
License No. 433.

TAGORE

Dated 3-3-1944.

The Ayurvedic Compound Tinctures Ltd.

ALLEPPEY.

MANAGING AGENTS:-

A. V. THOMAS & CO., (INDIA) LTD.,

ALLEPPEY.

Some of our famous Tinctures and Specialities:

Tr: Gulgulu Thikthakom: One of the most popular medicines in Kerala for the cure of chronic ulcers, abscess, eczema and other skin diseases, specially of a complicated nature. Also useful in rheumatism, disorders of intestine, diabetes, melitus, mumps, piles, cancer of the womb, anaemia, diseases of the head etc.

Liq: Ext: of Jambul. A speedy and permanant cure for Diabetes melitus or insipidus. Regular use of this specific soon restores normal metabolic conditions. Eliminates sugar in urine completely with in a few days.

Tr: Kustha. A reliable specific for asthma. Useful in all cases of cough, wooping cough, bronchitis, pneumonia, gangrene of the lungs and all phlegmatic troubles.

Tr: Dasamulam. Useful for all disorders of the wind (vata), cough, asthma, pneumonia, bronchitis, head-ache, anasarca, febrile diseases, dropsy, rehumatism etc. A reliable diaphorectic.

Syrup Siddhasaraswatham. Excellent tonic for brainfag, promotion of memory, increase of brain power. Very cooling to the eyes, improves voice. Highly recommended for brain workers, such as teachers students, lawyers and business men. Makes the body wiry and strong. A certain remedy for wet dreams, seminal weakness and loss of vitality.

Indyodin (For external use only). A valuable antiseptic and haemostatic. Cures all bleeding wounds, cuts abrasions etc. without causing any blistering effect almost instantaneously after application. May be used with success for scorpion stings and other poisonous insect bites.

Supplies of the above and various other preparations can be had of :—

1. Messrs. Ayurvedic Compound Tinctures Ltd., Alleppey.
2. „ A. V. Thomas & Co. Ltd., Trivandrum.
3. „ Do. Nagercoil.
4. „ Allied Agencies, Quilon.
5. „ C. M. & Sons, Mullakkal, Alleppey.
6. „ Punnen Kurup(India)Ltd., Kottayam.
7. Mr. V. S. Panicker, Sadananda Ayurvedic Pharmacy, Punalur.

Printed and Published by T. K. Narayana Kurup at the Sri Rama Vilas Press, Quilon.